VOL NO: 02 | ISSUE 24

# നേർപഥം

വാരിക

www.nerpatham.com | mail@nerpatham.com

2018 JUNE 23 | ₹10

## പ്രണബ്ജിയുടെ ഹെഡ്ഗേവാർ പ്രണയം

നാഗ്പൂരിലെ ആർഎസ്എസ് സമ്മേളനത്തിൽ മുൻ രാഷ്ട്രപതി പ്രണബ് മുഖർജി പങ്കെടുത്ത വിവരം മതേതര സമൂഹത്തിൽ ഞെട്ടലുണ്ടാക്കി. രാഷ്ട്രീയഭാരതം ഉറ്റുനോക്കിയ പ്രസ്തുത സംഭവത്തെ ഒരു മതേതര വിശ്വാസിക്ക് എങ്ങനെയാണ് നോക്കിക്കാണാൻ കഴിയുക?




## മഴനൂലുകളിലെ ദൈവിക ദൃഷ്ടാന്തം

ജീവന്റെ അടിസ്ഥാന ഘടകമാണ് ജലം. ഭൂമിയിൽ ജീവന്റെ നിലനിൽപിന് ആധാരമായി വർത്തിക്കുന്ന ഘടകങ്ങളിൽ അതിപ്രധാനമായ ഒന്നാണ് ജലമെന്നതിൽ പക്ഷാന്തരമില്ല. മഴ കിട്ടാതിരിക്കുമ്പോഴാണ് അതിന്റെ വില നാം അറിയാറുള്ളത്. മഴയുടെ ലഭ്യതയിലുള്ള വിസ്മയകരവും ചിന്താർഹവുമായ ചില കാര്യങ്ങൾ.

- റമദാനിനു ശേഷം...?
- കപടവിശ്വാസികളുടെ ഉപമകൾ
- എന്തിന് കരയണം?
- അഹന്ത കൂടിയാലോചനയുടെ ശത്രു




WISDOM
GLOBAL ISLAMIC MISSION

പ്രമാണങ്ങൾക്കൊപ്പം, ഗുണകാംക്ഷയുടെ ശബ്ദം
നേരിന്റെ ആർജവം, വേറിട്ട വായനാനുഭവം...




നേരിന്റെ വരമൊഴി

www.nerpatham.com | mail@nerpatham.com

നേർപഥം
വാരിക

Circulation Manager | Nerpatham Weekly | EKP Complex | Kallai Road | Kozhikkode 2 | Kerala | India
Ph: 0495 4019437 | +91 92075 25244 | mail@nerpatham.com | www.nerpatham.com




# നേർപഥം

വാരിക

0075 / ജൂൺ 23 / 1439 ശവ്വാൽ 09 / പുസ്തകം 02 / ലക്കം 24


ഉസ്മാൻ പാലക്കാഴി / 10

# മഴനൂലുകളിലെ ദൈവിക ദൃഷ്ടാന്തം


**മുഖമൊഴി**

പ്രണബ്ജിയുടെ ഹെഡ്ഗേവാർ പ്രണയം / 05
എഡിറ്റർ

**ക്വുർആൻ ദർശനം**

ഇഖ്റഅ് (നീ വായിക്കുക) / 06
അബ്ദുറഹ്മാൻ നാസിർ അസ്സഅദി

**നിയമപഥം**

കോടതി ക്രമം / 09
മുസാഫിർ

**വിവർത്തനം**

കപടവിശ്വാസികളുടെ ഉപമകൾ / 14
ശൈഖുൽ ഇസ്‌ലാം ഇബ്നുൽ ക്വയ്യിം അൽജൗസി

**ബാലപഥം**

വിചിത്രമായ പരീക്ഷണം / 18
റാഷിദ ബിൻത് ഉസ്മാൻ

**ലേഖനം**

എന്തിന് കരയണം?/ 24
സമീർ മുണ്ടേരി

റമദാനിനു ശേഷം...?/ 26
ജംഷീന, കൽപ്പറ്റ

**ചരിത്രപഥം**

വെല്ലുവിളി ഏറ്റെടുക്കുന്നു / 28
ഹുസൈൻ സലഫി, ഷാർജ

**ഖണ്ഡകാവ്യം**

മരണ ശേഷക്രിയകൾ: 5 / 33
വെള്ളില പി. അബ്ദുല്ല

**ക്വുർആൻ പാഠം**

അഹന്ത കൂടിയാലോചനയുടെ ശത്രു / 34
ശമീർ മദീനി



Printed, published and owned by K. Sajjad I Printed at Sprint Offset Printers I Kozhikode
Published at Kozhikode I 673002 I Editor: Usman Palakkazhi
Chief Editor: Anil Primrose I Web Editor: Haseeb Elayur I Design, Cover & Layout: Elan Creativo
mail@nerpatham.com I www.nerpatham.com I 0495 4019437

## വായനക്കാർ എഴുതുന്നു



# തൗഹീദിന്റെ വക്താക്കൾക്ക് വിശ്രമിക്കാൻ സമയമില്ല

കഴിഞ്ഞ ലക്കം നേർപഥത്തിലെ 'നിങ്ങൾക്കൊരല്ലാഹു പോരേ' എന്ന ലേഖനമാണ് ഈ കുറിപ്പെഴുതാൻ പ്രചോദനം.

ഇസ്‌ലാം മനുഷ്യനെ ഉന്നത സംസ്‌കാരമുള്ളവനും സ്രഷ്ടാവിന് മാത്രം തന്നെ സമർപ്പിക്കുന്നവനുമാക്കുന്നു. സ്രഷ്ടാവ് മനുഷ്യന് ബുദ്ധിയും വിവേകവും നൽകി. നന്മതിന്മകളെക്കുറിച്ച് അറിയിച്ചുകൊടുത്തു.. അവന് സ്വയം വഴിപ്പെട്ട് ജീവിക്കുക, നന്മചെയ്യുക, അതിന് കൽപിക്കുക; തിന്മ വെടിയുക, വെടിയാൻ കൽപിക്കുക എന്നതാണ് മനുഷ്യന്റെ പ്രഥമവും പ്രധാനവുമായ കടമ.

സ്രഷ്ടാവിനെ മാത്രം ആരാധിക്കുന്നവനാണ് മുസ്‌ലിം. സൃഷ്ടിപൂജ നടത്തുന്നവൻ താൻ ഏകദൈവവിശ്വാസിയാണെന്ന് വാദിച്ചാലും മുസ്‌ലിമോ ഏകദൈവ വിശ്വാസിയോ അല്ല. സ്രഷ്ടാവിനെ മാത്രം ആരാധിക്കുക എന്ന സന്ദേശമാണ് ദൈവനിയുക്തരായ മുഴുവൻ പ്രവാചകന്മാരും പ്രഥമമായി മനുഷ്യകുലത്തെ അറിയിച്ചത്.

അന്തിമദൂതനായ മുഹമ്മദ് നബിﷺയിലൂടെ ഇസ്‌ലാം പൂർത്തിയാക്കിയതായി കുർആനിലൂടെ അല്ലാഹു അറിയിച്ചിട്ടുണ്ട്. മാത്രമല്ല സ്വർഗത്തിലേക്ക് അടുക്കാനുള്ള ഒരുകാര്യവും നരകത്തിൽ നിന്ന് രക്ഷപ്പെടാനുള്ള ഒരുകാര്യവും അറിയിക്കാതെ പോയിട്ടില്ല എന്ന് പ്രവാചകൻ ഉണർത്തുകയും ചെയ്തിട്ടുണ്ട്. അതിനാൽതന്നെ ഈ മതത്തിൽ പുതുതായി ആചാരാനുഷ്ഠാനങ്ങൾ ഉണ്ടാക്കുവാൻ ആർക്കും അവകാശമില്ല.

മതം പഠിപ്പിച്ചതെന്ന വ്യാജലേബലിൽ പുത്തൻ ആചാരങ്ങൾ പലതും സമുദായത്തിൽ നടമാടുന്നുണ്ട്. പൗരോഹിത്യം പലതും ഇപ്പോഴും പടച്ചുവിടുന്നുമുണ്ട്. 'പണ്ഡിതന്മാരിലും പുരോഹിതന്മാരിലും പെട്ട അധികപേരും ജനങ്ങളുടെ പണം അന്യായമായി ഭക്ഷിക്കുന്നവരും ജനങ്ങളെ നേർമാർഗത്തിൽ നിന്ന് തടയുന്നവരുമാണ്' എന്ന കുർആൻ വചനത്തിന്റെ പരിധിയിൽ ഇക്കൂട്ടർ പെടുമെന്നതിൽ സംശയമില്ല.

തന്റെ സമുദായം ചാണിന്ന് ചാണായും മുഴത്തിന്ന് മുഴമായും പൂർവ സമുദായങ്ങളെ പിൻപറ്റും എന്ന നബിﷺയുടെ പ്രവചനത്തിന്റെ പുലർച്ചയാണ് നമ്മൾ കണ്ടുകൊണ്ടിരിക്കുന്നത്.

ഇസ്‌ലാം പഠിപ്പിക്കുന്നത് ഏറ്റവും വലിയ അക്രമം അല്ലാഹുവിൽ പങ്ക് ചേർക്കലാണ് എന്നാണ്. പ്രവാചകൻﷺ മരണമാസന്നമായ വേളയിൽ പോലും അതിനെതിരിൽ താക്കീത് നൽകിയിട്ടുണ്ട്. 'എന്റെ ക്വബ്‌റിനെ ആരാധിക്കപ്പെടുന്ന ബിംബമാക്കരുത്' എന്ന പവാചകന്റെ താക്കീതിൽ നിന്ന് മുസ്‌ലിംകൾക്ക് പഠിക്കാൻ കുറെ പാഠങ്ങളുണ്ട്.

ക്വബ്‌റുകൾ ഒരുചാണിൽ കൂടുതൽ ഉയർത്തരുത് എന്ന് നിർദേശിച്ച പ്രവാചകൻﷺ കെട്ടി ഉയർത്തിയ ക്വബ്‌റുകൾ തട്ടിനിരപ്പാക്കുവാനും കൽപിച്ചതായി കാണാം. മക്വ്ബറകൾ ആരാധനാകേന്ദ്രങ്ങളായി മാറാതിരിക്കുവാനുള്ള മുന്നറിയിപ്പായിരുന്നു ഇത്.

എന്നാൽ ആ തിരുദൂതരുടെ അനുയായികൾ എന്ന് അവകാശപ്പെടുന്നവർ തന്നെ ഇന്ന് പലരുടെയും ക്വബ്‌റുകൾ കെട്ടിപ്പൊക്കി അവിടങ്ങളിൽ ആരാധനകൾ നടത്തുന്നു, അവിടേക്ക് നേർച്ചകൾ നേരുന്നു. ഇതിനെല്ലാം കാർമികത്വം വഹിക്കുന്നതാകട്ടെ പണ്ഡിതന്മാരും! ജനങ്ങളുടെ അജ്ഞത ചൂഷണം ചെയ്ത് സാമ്പത്തിക നേട്ടം ഉണ്ടാക്കുകയാണിവരും ഇവരുടെ സഹായികളും ചെയ്തുകൊണ്ടിരിക്കുന്നത്.

എന്ത് ആഗ്രഹമുണ്ടെങ്കിലും അത് സഫലീകരിക്കപ്പെടാനുള്ള കേന്ദ്രമായി ഇവർ ജാറങ്ങളെ കാണുന്നു. അവയിൽ മറമാടപ്പെട്ടവരുടെ ഇല്ലാത്ത പോരിശകളും കറാമത്തുകളും പറഞ്ഞ് പ്രചരിപ്പിക്കുന്നു. കറാമത്തുകൾ ഔലിയാക്കൾക്ക് ഇഷ്ടാനുസരണം പ്രകടിപ്പിക്കാൻ സാധിക്കുമെന്ന് പാമരജനങ്ങളെ വിശ്വസിപ്പിക്കുന്നു. അല്ലാഹുവിനോട് നേരിട്ട് ചോദിച്ചാൽ കിട്ടുന്നതിനെക്കാൾ എളുപ്പത്തിൽ മൺമറഞ്ഞുപോയ ചില മനുഷ്യരോട് ചോദിച്ചാൽ ഉത്തരം കിട്ടുമെന്ന് ജനങ്ങളെ പഠിപ്പിക്കുന്നു. തൽഫലമായി അല്ലാഹുവിനോടുള്ളതിനെക്കാൾ ഭയവും ബഹുമാനവും പാമരജനങ്ങൾക്ക് ജാറത്തിനുള്ളിൽ മറമാടപ്പെട്ടവരോടുണ്ടാകുന്നു. "അല്ലാഹു മതിയായവനല്ലേ തന്റെ അടിമക്ക്" എന്ന അല്ലാഹുവിന്റെ ചോദ്യത്തിന് 'അല്ലാഹു പോരാ' എന്ന് ഉത്തരം നൽകുന്നത് പോലെയാണ് ഇവരുടെ പ്രവർത്തനങ്ങൾ. ഇസ്‌ലാമിന്റെ തനിമയിലേക്ക് ക്ഷണിക്കുന്നവർക്ക് വിശ്രമിക്കാൻ സമയമില്ലെന്നർഥം.

-മമ്മദ് പി.പി തിക്കോടി

മുഖമൊഴി

# പ്രണബ്ജിയുടെ ഹെഡ്ഗേവാർ പ്രണയം

**നാ**ഗ്പൂരിലെ ആർഎസ്എസ് സമ്മേളനത്തിൽ മുൻ രാഷ്ട്രപതി പ്രണബ് മുഖർജി പങ്കെടുക്കുവാൻ തീരുമാനിച്ച വിവരം മതേതര സമൂഹത്തിൽ ഞെട്ടലുണ്ടാക്കിയ കാര്യമാണ്. കോൺഗ്രസ് നേതൃത്വം അതിൽ അതൃപ്തി അറിയിച്ചിട്ടും അദ്ദേഹം തീരുമാനത്തിൽ ഉറച്ചുനിൽക്കുകയായിരുന്നു. താൻ എന്താണ് പറയുന്നതെന്ന് കാത്തിരുന്നു കാണാമെന്നായിരുന്നു അദ്ദേഹത്തിന്റെ പ്രതികരണം. എന്തായിരിക്കും അദ്ദേഹത്തിന്റെ പ്രസംഗത്തിലെ കാതൽ എന്നറിയുവാൻ എല്ലാവരും ഉദ്വേഗത്തോടെ കാത്തിരിക്കുകയായിരുന്നു. അങ്ങനെ അദ്ദേഹം സമ്മേളനത്തിൽ പങ്കെടുക്കുകയും പ്രസംഗിക്കുകയും ചെയ്തു. കുറ്റംപറയരുതല്ലോ,അദ്ദേഹത്തിന്റെ പ്രസംഗം ഇന്ത്യയിൽ ഇന്ന് മുഴങ്ങിക്കേൾക്കേണ്ട സന്ദേശം അടങ്ങിയത് തന്നെയായിരുന്നു.

“മതത്തിന്റെയോ സിദ്ധാന്തത്തിന്റെയോ അടിസ്ഥാനത്തിൽ ഇന്ത്യയെ വ്യാഖ്യാനിക്കാനുള്ള ഏതു ശ്രമവും രാജ്യത്തിന്റെ നിലനിൽപ് അപകടത്തിലാക്കും. അസഹിഷ്ണുത ഇന്ത്യയുടെ ദേശീയതയെ ദുർബലമാക്കും. ഇത് ഹിന്ദുക്കളും മുസ്‌ലിംകളും ക്രൈസ്തവരും ഉൾപ്പെടെ എല്ലാവിഭാഗങ്ങളുടെയും മണ്ണാണ്. മതനിരപേക്ഷത നമുക്ക് മതമാണ്. സാർവലൗകികത, സ്വാംശീകരണം, സഹവർത്തിത്വം എന്നീ മൂല്യങ്ങളിൽ നിന്നാണ് ഇന്ത്യയുടെ ദേശീയത രൂപപ്പെട്ടത്. സഹിഷ്ണുതയിൽനിന്നാണ് നാം കരുത്താർജിക്കുന്നത്. ബഹുസ്വരതയെ നാം ബഹുമാനിക്കുന്നു. നാനാത്വത്തെ ആഘോഷിക്കുന്നു” എന്നെല്ലാം പറഞ്ഞ അദ്ദേഹം ‘രാജ്യം, ദേശസ്നേഹം എന്നിവ സംബന്ധിച്ച തന്റെ കാഴ്ചപ്പാടുകൾ പങ്കുവയ്ക്കാനാണ് ഇവിടെ എത്തിയിരിക്കുന്നത്’ എന്നും കൂട്ടിച്ചേർത്തു.

എന്നാൽ പ്രസംഗത്തിന് മുമ്പ് അദ്ദേഹം ചെയ്ത ഒരു കാര്യം പ്രസംഗത്തിന്റെ അന്തസ്സത്തക്ക് ചേരാത്തതായിപ്പോയി. മുൻകൂർ സന്ദർശന പരിപാടിയിൽ മാറ്റം വരുത്തി ആർഎസ്എസ് സ്ഥാപകനായ ഹെഡ്ഗേവാറിന്റെ ജന്മസ്ഥലം അദ്ദേഹം സന്ദർശിച്ച് സന്ദർശക പുസ്തകത്തിലെ കുറിപ്പിൽ ഹെഡ്ഗേവാറിനെ ‘ഭാരതമാതാവിന്റെ മഹാനായ പുത്രൻ’ എന്ന് വിശേഷിപ്പിച്ചതാണ് ഒരു മുൻ രാഷ്ട്രപതിക്ക് ചേരാത്ത ആ പ്രവർത്തനം. അദ്ദേഹത്തിന്റെ പ്രസംഗത്തിലെ ആശയങ്ങൾ മുഴുവൻ ആ ഒരു അഭിപ്രായത്തിലൂടെ മലിനമാക്കപ്പെട്ടു എന്നതാണ് യാഥാർഥ്യം. അതിൽ അദ്ദേത്തിന് ലക്ഷ്യം പലതും ഉണ്ടായേക്കാം, ഇല്ലാതിരിക്കാം. ഒരു വ്യക്തിയെ രാജ്യത്തിന്റെ മഹാനായ പുത്രൻ എന്ന് ഒരാൾ വിശേഷിപ്പിക്കുമ്പോൾ ആ വ്യക്തിയെക്കുറിച്ച് നല്ല ധാരണയുണ്ടായിരിക്കുമല്ലോ. എന്നാൽ അങ്ങനെയൊരു വിശേഷണം ചാർത്തിക്കൊടുക്കാൻ മാത്രം രാജ്യത്തിനും രാജ്യത്തെ ജനങ്ങൾക്കും വേണ്ടി എന്ത് സേവനമാണ് ഹെഡ്ഗേവാർ ചെയ്തിട്ടുള്ളത്? വർഗീയ വൈരം വളർത്താനും തമ്മിലടിപ്പിക്കാനും ജീവിതം ഉഴിഞ്ഞുവെച്ചതാണോ മഹത്തായ സേവനം?

1930കളിൽ ഡോ. ഹെഡ്ഗേവാർ നടത്തിയ പ്രസംഗങ്ങളിലെ ചില വാചകങ്ങൾ കാണുക; ഇന്ത്യയുടെ മഹാനായ പുത്രനെ വിലയിരുത്തുക: “....ഈ ദേശം ഹിന്ദുക്കളുടെതാകയാൽ, ഇവിടെ ഹിന്ദുക്കൾ ചെയ്യുന്നതെന്തോ അതേ പ്രമാണമായിത്തീരൂ എന്ന് സംഘം അംഗീകരിക്കുന്നു. ഈ ഒരു കാര്യമേ സംഘത്തിനറിയൂ..” (പ്രസംഗങ്ങൾ- കത്തുകൾ, പേജ്: 50). “ഹിന്ദുസ്ഥാനം ഹിന്ദുക്കളുടെതാണ്; ഹിന്ദുവാണ് ഇതിന്റെ ഉടമസ്ഥൻ എന്നുള്ളത് ഒരു സത്യം തന്നെയാണ്. എന്നാൽ അതോടൊപ്പം ഈ തത്ത്വത്തെ കാര്യരൂപത്തിലാക്കിത്തീർക്കുന്നതിനുള്ള ഉത്തരവാദിത്തം നമ്മുടെ മേലില്ലേ? ഇത് പ്രത്യക്ഷരൂപത്തിൽ ആചരിക്കുവാനുള്ള പ്രയത്നം നാം ചെയ്യേണ്ടതല്ലേ?...” (പ്രസംഗങ്ങൾ- കത്തുകൾ, പേജ് 66).

“നമ്മുടെ ഹിന്ദുസ്ഥാനം ഇന്ന് നാലുപാടും ആപത്തുകളാൽ വലയം ചെയ്യപ്പെട്ടിരിക്കുന്നു. നാം ദുർബലരാണ്; ഉറക്കം തൂങ്ങികളാണ്. ഒരു ഭാഗത്ത് അന്യധർമാവലംബികളായ ഭരണാധികാരികളുടെ രാജകീയ പ്രഭുത്വം; മറുഭാഗത്ത് നമ്മുടെ മേൽ മുസൽമാന്മാർ നടത്തുന്ന സാമാചികമായ ആക്രമണങ്ങൾ. ഇതിനു രണ്ടിനുമിടയിൽ പെട്ട നമ്മുടെ ഹിന്ദുസമാജം നട്ടംതിരിയുകയാണ്. നമ്മെ മുസ്‌ലിംകളാക്കാൻ വേണ്ടി, നമ്മുടെമേൽ ചെലുത്തിവരുന്ന അക്രമങ്ങളും നമ്മുടെ അമ്മ പെങ്ങന്മാരനുഭവിക്കുന്ന അപമാനങ്ങളും വിവരിക്കുവാൻ തുടങ്ങിയാൽ വിചാരങ്ങൾ നിയന്ത്രണാധീനമായിപ്പോകും....” (പ്രസംഗങ്ങൾ- കത്തുകൾ, പേജ് 13).

അബ്ദുറഹ്മാൻ നാസിർ അസ്സഅദി
വിവ: ഹാരിസ് ബിൻ സലീം



അധ്യായം: 96

# ഇഖ്റഅ് (നീ വായിക്കുക)

മക്കയിൽ അവതരിച്ചത്

بِسْمِ ٱللَّهِ ٱلرَّحْمَٰنِ ٱلرَّحِيمِ ﴿١﴾
ٱقْرَأْ بِٱسْمِ رَبِّكَ ٱلَّذِى خَلَقَ ﴿١﴾ خَلَقَ ٱلْإِنسَٰنَ مِنْ عَلَقٍ
﴿٢﴾ ٱقْرَأْ وَرَبُّكَ ٱلْأَكْرَمُ ﴿٣﴾ ٱلَّذِى عَلَّمَ بِٱلْقَلَمِ ﴿٤﴾ عَلَّمَ
ٱلْإِنسَٰنَ مَا لَمْ يَعْلَمْ ﴿٥﴾ كَلَّآ إِنَّ ٱلْإِنسَٰنَ لَيَطْغَىٰٓ ﴿٦﴾ أَن
رَّءَاهُ ٱسْتَغْنَىٰٓ ﴿٧﴾ إِنَّ إِلَىٰ رَبِّكَ ٱلرُّجْعَىٰٓ ﴿٨﴾ أَرَءَيْتَ ٱلَّذِى
يَنْهَىٰ ﴿٩﴾ عَبْدًا إِذَا صَلَّىٰٓ ﴿١٠﴾ أَرَءَيْتَ إِن كَانَ عَلَى ٱلْهُدَىٰٓ
﴿١١﴾ أَوْ أَمَرَ بِٱلتَّقْوَىٰٓ ﴿١٢﴾ أَرَءَيْتَ إِن كَذَّبَ وَتَوَلَّىٰٓ ﴿١٣﴾
أَلَمْ يَعْلَم بِأَنَّ ٱللَّهَ يَرَىٰ ﴿١٤﴾ كَلَّا لَئِن لَّمْ يَنتَهِ لَنَسْفَعًۢا بِٱلنَّاصِيَةِ
﴿١٥﴾ نَاصِيَةٍ كَٰذِبَةٍ خَاطِئَةٍ ﴿١٦﴾ فَلْيَدْعُ نَادِيَهُۥ ﴿١٧﴾
سَنَدْعُ ٱلزَّبَانِيَةَ ﴿١٨﴾ كَلَّا لَا تُطِعْهُ وَٱسْجُدْ وَٱقْتَرِب
﴿١٩﴾

1) സൃഷ്ടിച്ചവനായ നിന്റെ രക്ഷിതാവിന്റെ നാമത്തിൽ വായിക്കുക.

2) മനുഷ്യനെ അവൻ ഭ്രൂണത്തിൽ നിന്ന് സൃഷ്ടിച്ചിരിക്കുന്നു.

3) നീ വായിക്കുക, നിന്റെ രക്ഷിതാവ് ഏറ്റവും വലിയ ഔദാര്യവാനാകുന്നു.

4) പേനകൊണ്ട് പഠിപ്പിച്ചവൻ.

5) മനുഷ്യന് അറിയാത്തത് അവൻ പഠിപ്പിച്ചിരിക്കുന്നു.

6) നിസ്സംശയം, മനുഷ്യൻ ധിക്കാരിയായി തീരുന്നു.

7) തന്നെ സ്വയം പര്യാപ്തനായി കണ്ടതിനാൽ.

8) തീർച്ചയായും നിന്റെ രക്ഷിതാവിലേക്കാണ് മടക്കം.

9) വിലക്കുന്നവനെ നീ കണ്ടുവോ?

10) ഒരു അടിയനെ, അവൻ നമസ്കരിച്ചാൽ.

11) അദ്ദേഹം സൻമാർഗത്തിലാണെങ്കിൽ, (ആ വിലക്കുന്നവന്റെ അവസ്ഥ എന്തായിരിക്കുമെന്ന്) നീ കണ്ടുവോ?

12) അഥവാ അദ്ദേഹം സൂക്ഷ്മത കൈക്കൊള്ളാൻ കൽപിച്ചിരിക്കുകയാണെങ്കിൽ.

13) അവൻ (ആ വിലക്കുന്നവൻ) നിഷേധിച്ചുതള്ളുകയും തിരിഞ്ഞുകളയുകയും ചെയ്തിരിക്കയാണെങ്കിൽ (അവന്റെ അവസ്ഥ എന്തായിരിക്കുമെന്ന്) നീ കണ്ടുവോ?

14) അവൻ മനസ്സിലാക്കിയിട്ടില്ലേ, അല്ലാഹു കാണുന്നുണ്ടെന്ന്?

15) നിസ്സംശയം, അവൻ വിരമിച്ചിട്ടില്ലെങ്കൽ നാം ആ കുടുമ പിടിച്ചുവലിക്കുക തന്നെ ചെയ്യും

16) കള്ളം പറയുന്ന, പാപം ചെയ്യുന്ന കുടുമ.

17) എന്നിട്ട് അവൻ അവന്റെ സഭയിലുള്ളവരെ വിളിച്ചുകൊള്ളട്ടെ.

18) നാം സബാനിയത്തിനെ (ശിക്ഷ നടപ്പാക്കുന്ന മലക്കുകളെ) വിളിച്ചുകൊള്ളാം.

19) നിസ്സംശയം; നീ അവനെ അനുസരിച്ചു പോകരുത്, നീ പ്രണമിക്കുകയും സാമീപ്യം നേടുകയും ചെയ്യുക.

1). ഖുർആനിലെ അധ്യായങ്ങളിൽ നബിﷺക്ക് ആദ്യമായി അവതരിച്ച അധ്യായമാണിത്. പ്രവാചകത്വത്തിന്റെ തുടക്കത്തിലാണ് ഇതിന്റെ അവതരണം. വിശ്വാസത്തെക്കുറിച്ചോ വേദഗ്രന്ഥത്തെക്കുറിച്ചോ യാതൊന്നും അറിയാത്ത സന്ദർഭത്തിൽ ജിബ്‌രീൽ(അ) പ്രവാചകത്വം കൊണ്ടുവരികയും വായിക്കാൻ കൽപിക്കുകയും ചെയ്തു. അപ്പോൾ പ്രവാചകൻ വായന അറിയില്ലെന്ന് പറഞ്ഞ് വായിക്കാതിരുന്നു. ഞാൻ വായിക്കുന്നവനല്ലെന്ന് പറയുകയും ചെയ്തു. നബിﷺ വായിക്കുന്നതുവരെ ജിബ്‌രീൽ അത് ആവർത്തിച്ചുകൊണ്ടേയിരുന്നു. അപ്പോൾ അല്ലാഹു ഇറക്കി: "സൃഷ്ടിച്ചവനായ നിന്റെ രക്ഷിതാവിന്റെ നാമത്തിൽ വായിക്കുക." എല്ലാ സൃഷ്ടിപ്പും ഇതിലുൾക്കൊള്ളുന്നു.

2). പിന്നീട് മനുഷ്യന്റെ സൃഷ്ടിപ്പിനെക്കുറിച്ച് പ്രത്യേകമായി പരാമർശിച്ചുകൊണ്ട് സൃഷ്ടിപ്പിന്റെ ആരംഭത്തെക്കുറിച്ച് പറയുന്നു. (ഭ്രൂണത്തിൽ നിന്ന്) മനുഷ്യനെ സൃഷ്ടിക്കുകയും അവന്റെ നിയന്ത്രണങ്ങൾ നിർവഹിക്കുകയും ചെയ്യുന്നവൻ തന്നെ അവർക്കുള്ള കൽപനാ നിരോധങ്ങളും നിയന്ത്രിക്കേണ്ടതുണ്ട്. അതാണ് പ്രവാചകന്മാരുടെ നിയോഗത്തിലൂടെയും വേദഗ്രന്ഥങ്ങൾ ഇറക്കപ്പെടുന്നതിലൂടെയും നിർവഹിക്കപ്പെടുന്നത്. അതിനാലാണ് വായനക്കുള്ള കൽപനക്ക് ശേഷം മനുഷ്യന്റെ സൃഷ്ടിപ്പിനെക്കുറിച്ച് പരാമർശിക്കപ്പെട്ടത്.

3-5). പിന്നീട് അല്ലാഹു പറയുന്നു: "നീ വായിക്കുക. നിന്റെ രക്ഷിതാവ് ഏറ്റവും വലിയ ഔദാര്യവാനാകുന്നു." അധികരിച്ചതും വിശാലവുമായ വിശേഷണങ്ങളുള്ളവൻ. സൃഷ്ടികൾക്ക് നന്മയും ഔദാര്യവും ധാരാളമായി നൽകുന്നവൻ. പ്രസ്തുത ഔദാര്യത്തിൽ പെട്ടതാണ് വ്യത്യസ്ത വിജ്ഞാനങ്ങളെ അവൻ പഠിപ്പിച്ചു എന്നതും. "പേനകൊണ്ട് പഠിപ്പിച്ചവൻ, മനുഷ്യന് അറിയാത്തത് അവൻ പഠിപ്പിച്ചിരിക്കുന്നു."

മാതാവിന്റെ ഗർഭപാത്രത്തിൽ നിന്നും മനുഷ്യനെ അല്ലാഹു പുറത്തെടുക്കുന്നത് യാതൊന്നും അറിയാത്തവനായിട്ടാണ്. അങ്ങനെ കാതും കണ്ണും ഹൃദയവും നൽകി വിജ്ഞാനത്തിന്റെ വഴികൾ അവന് സൗകര്യപ്പെടുത്തി കൊടുത്തു. തുടർന്ന് ഖുർആനും ഹിക്മത്തും അവനെ പഠിപ്പിക്കുകയും ചെയ്തു. ബാധ്യതകളെ നിർണയിക്കുകയും വിജ്ഞാനങ്ങൾ സംരക്ഷിക്കപ്പെടുകയും ചെയ്യുന്ന പേന കൊണ്ടും അവനെ പഠിപ്പിച്ചു. പേന മനുഷ്യരിലേക്കുള്ള ഒരു ദൂതനായിത്തീരുകയും പ്രവാചകന്മാർക്ക് പകരം അവരെ അഭിസംബോധന ചെയ്യുകയും ചെയ്യുന്നു. ഇത്തരം അനുഗ്രഹങ്ങളെല്ലാം തന്റെ അടിമകൾക്ക് ചെയ്തുകൊടുത്ത അല്ലാഹുവിന് സ്തുതി. ഇതിനു നന്ദിയോ പ്രത്യുപകാരമോ ചെയ്യാൻ മനുഷ്യൻ അശക്തനാണ്. ഉപജീവനം വിശാലമാക്കിയും ഐശ്വര്യം നൽകിയും അവൻ അവരെ അനുഗ്രഹിച്ചു.

6-8). എന്നാൽ മനുഷ്യൻ അവന്റെ അക്രമവും അവിവേകവും കാരണം തന്നെ അവൻ ഐശ്വര്യവാനായി കണ്ടാൽ അതിരുവിടുകയും അക്രമം കാണിക്കുകയും സന്മാർഗത്തിൽ അവൻ അഹങ്കരിച്ചു മാറിനിൽക്കുകയും ചെയ്യുന്നു. തന്റെ രക്ഷിതാവിലേക്കാണ് (മടക്കം) എന്നതിനെ അവൻ മറക്കുകയും ചെയ്യുന്നു. തന്റെ പ്രവർത്തന ഫലത്തെ അവൻ ഭയപ്പെട്ടിട്ടില്ല എന്ന് മാത്രമല്ല, അവൻ സന്മാർഗത്തെ സ്വയം ഉപേക്ഷിക്കുന്നതോടൊപ്പം മറ്റുള്ളവരെ ഉപേക്ഷിക്കാൻ പ്രേരിപ്പിക്കുകയും ചെയ്യുന്നു. അങ്ങനെ ഈമാനിക പ്രവർത്തനങ്ങളിൽ ഏറ്റവും ശ്രേഷ്ഠമായ നമസ്കാരം പോലും അവൻ തടയുന്നു.

9-12) ധിക്കാരിയും അക്രമകാരിയുമായവനോട് അല്ലാഹു ചോദിക്കുന്നു: (നീ കണ്ടുവോ) നമസ്കരിക്കുന്ന അടിമയെ തടയുന്നവനെ. ആ നമസ്കരിക്കുന്ന അടിമ സന്മാർഗത്തിൽ (ആണെങ്കിൽ) അതായത് സത്യം മനസ്സിലാക്കുകയും അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യുന്നവനാണെങ്കിൽ. (അല്ലെങ്കിൽ കൽപിച്ചു) മറ്റുള്ളവരോട് (സൂക്ഷ്മത കൈക്കൊള്ളാൻ) അങ്ങനെയുള്ളവനാണെങ്കിൽ അവന്റെ അവസ്ഥ എന്തായിരിക്കും? അതായത് ഇത്തരം സൽഗുണങ്ങളുള്ള ഒരാളെ തടയുന്നത് അവന് ഗുണകരമാകുമോ?

അവന്റെ ഈ തടയൽ അല്ലാഹുവോടുള്ള എതിർപ്പും സത്യത്തോടുള്ള ഏറ്റുമുട്ടലുമല്ലേ? സന്മാർഗിയല്ലാത്തവനും ധാർമികതക്ക് എതിരായി കൽപിക്കുന്നവനുമായ ഒരാൾക്ക് മാത്രമെ ഇത്തരം തടസ്സപ്പെടുത്തലിന് സാധ്യമാവുകയുള്ളൂ.

13-14) സത്യത്തെ വിരോധിക്കുന്നവനെ (അവൻ സത്യത്തെ നിഷേധിക്കുകയും ചെയ്തിരിക്കുകയാണെങ്കിൽ നീ കണ്ടുവോ?); കൽപനകളിൽ നിന്ന് "തിരിഞ്ഞുകളയുകയും" ആണെങ്കിൽ. അവൻ അല്ലാഹുവിനെ ഭയപ്പെടുകയും അവന്റെ ശിക്ഷയെ പേടിക്കുകയും ചെയ്യുന്നില്ല. അവൻ പറയുന്നതും പ്രവർത്തിക്കുന്നതും "അവൻ മനസ്സിലാക്കിയിട്ടില്ലേ അല്ലാഹു കാണുന്നുണ്ടെന്ന്?"

15-16) ഈ നില തുടർന്നാലുണ്ടാകാവുന്ന അവസ്ഥയെ പറ്റി അല്ലാഹു താക്കീതു ചെയ്തു കൊണ്ട് പറയുന്നു: "നിസ്സംശയം, അവൻ വിരമിച്ചിട്ടില്ലെങ്കിൽ." അതായത് അവന്റെ പക്കൽ നിന്നും പ്രവർത്തിയിൽ നിന്നും. "നാം ആ കുടുമ പിടിച്ചു പാലിക്കുക തന്നെ ചെയ്യും." അവന്റെ കുടുമ നാം ശക്തിയായി പിടിക്കുക തന്നെ ചെയ്യും എന്നർഥം. അത് തികഞ്ഞ യാഥാർഥ്യം തന്നെയാണ്. ആ കുടുമ "കള്ളം പറയുന്ന, പാപം ചെയ്യുന്ന കുടുമ." വാക്കുകളിൽ അവൻ കളവു പറയുന്നവനും പ്രവർത്തിയിൽ അവൻ പാപിയുമാണ്.

17). "അവൻ വിളിച്ചുകൊള്ളട്ടെ"- ഈ ശിക്ഷക്കർഹനായവൻ. "അവന്റെ സഭയിലുള്ളവരെ" അതായത് അവന് വന്നുപെട്ട വിപത്തിൽ അവനെ സഹായിക്കുവാൻ അവന്റെ സദസ്യരെയും അനുയായികളെയും അവന് ചുറ്റുമുള്ള വരെയും അവൻ വിളിക്കട്ടെ എന്നർഥം.

18). "നാം സബാനിയത്തിനെ വിളിച്ചുകൊള്ളാം." അതായത് അവനെ പിടിക്കാനും ശിക്ഷിക്കാനും നരകത്തിന്റെ കാവൽക്കാരായ മലക്കുകളെ നാം വിളിച്ചുകൊള്ളാം. എന്നിട്ടവൻ നോക്കട്ടെ, ഇതിൽ ഏത് വിഭാഗത്തിനാണ് ഏറ്റവും കഴിവും ശക്തിയും ഉള്ളതെന്ന്. ഇതാണ് നന്മ തടയുന്നവന്റെ അവസ്ഥയും അവന് വരാനിരിക്കുന്ന ശിക്ഷയും.

19). എന്നാൽ തടയപ്പെടുന്നവന്റെ അവസ്ഥയോ? അവനോട് അല്ലാഹു കൽപിക്കുന്നത് വിരോധിക്കുന്നവന്റെ വാക്കുകൾ ശ്രദ്ധിക്കുകയോ വിരോധത്തിന് കീഴ്പ്പെടുകയോ ചെയ്യരുതെന്നാണ്. തുടർന്ന് പറയുന്നു: "നിസ്സംശയം നീ അവനെ അനുസരിച്ചു പോകരുത്." കാരണം അവൻ ഇരുലോകത്തും നഷ്ടമുണ്ടാകുന്ന കാര്യങ്ങളല്ലാതെ കൽപിക്കില്ല.

"നീ അവന് സുജൂദ് ചെയ്യുക"-അതായത് രക്ഷിതാവിന്. "നീ സാമീപ്യം തേടുകയും ചെയ്യുക." വ്യത്യസ്തങ്ങളായ പുണ്യകർമങ്ങളാലും സുജൂദിനാലും നീ അവനിലേക്ക് അടുക്കണമെന്നർഥം. ഇവയിലെല്ലാം അല്ലാഹുവിന്റെ തൃപ്തി നേടിത്തരുന്നതും അവനിലേക്ക് അടുപ്പിക്കുന്നതുമാകുന്നു. ഇത് എല്ലാ നന്മ മുടക്കുന്നവർക്കും മുടക്കപ്പെടുന്നവർക്കും പൊതുവായുള്ളതാണ്; ഇറങ്ങിയ സന്ദർഭം നബിﷺയെ അബൂജഹൽ നമസ്കാരത്തിൽ നിന്ന് തടയുകയും ഉപദ്രവിക്കുകയും ചെയ്തപ്പോഴാണെങ്കിലും. ●

peaceradio
Tune to reality

**ഈ ആഴ്ചയിലെ പ്രധാന പരിപാടികൾ**

**ആരോഗ്യ വിചാരം**
**വന്ധ്യത**
**അവതരണം: ഡോ. രാജീവ്**
**അബൂബക്കർ മുട്ടം**
**(പീസ് റേഡിയോ പ്രതിനിധി)**
18.06.18 തിങ്കൾ 9:00 PM, 11:15 PM
19.06.18 ചൊവ്വ 10:30 AM

**അടിത്തറകൾ**
**പ്രവാചകന്മാരുടെ സവിശേഷതകൾ**
**ഭാഗം: 2**
**ഫദലുൽ ഹഖ് ഉമരി**
19.06.18 ചൊവ്വ 04:30 PM, 09:30 PM
20.06.18 ബുധൻ 09:30 AM

**സലഫി ദുറൂസ്**
**മുമ്പേ പ്രവചിക്കപ്പെട്ട പ്രവാചകൻ**
**ഭാഗം: 2**
**അബൂബക്കർ സലഫി**
21.06.18 വ്യാഴം 4:30 PM, 9:30 PM
22.06.18 വെള്ളി 9:30 PM

**വോയിസ് ഓഫ് ഹറം**
**മസ്ജിദുൽ ഹറം ഖുതുബയുടെ**
**മലയാള വിവർത്തനം**
**കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ**
**(പ്രമുഖ ഖുർആൻ പരിഭാഷകൻ)**
23.06.18 ശനി 4:00 PM, 09:00 PM
24.06.18 ഞായർ 10:30 AM

peaceradio നിങ്ങളുടെ മൊബൈലിൽ ലഭ്യമാകാൻ:
Search peaceradio
Search peace radio App
www.peaceradio.com
Scan QR Code

മുസാഫിർ
mail@nerpatham.com





# കോടതി ക്രമം

മജിസ്ട്രേറ്റു കോടതികളാണ് ക്രിമിനൽ നിയമത്തിലെ അടിസ്ഥാന കോടതികൾ. സബ് ഡിവിഷണൽ മജിസ്ട്രേറ്റ് (RDO), ജില്ലാമജിസ്ട്രേറ്റ് (കളക്ടർ) തുടങ്ങിയവരൊക്കെ ഉണ്ടെങ്കിലും ജുഡീഷ്യൽ ഫസ്റ്റ്ക്ലാസ് മജിസ്ട്രേറ്റാണ് അടിസ്ഥാനതലത്തിലുള്ള ക്രിമിനൽ കോടതിയായി കരുതപ്പെടുന്നത്. എല്ലാ പോലീസ് കേസുകളും റിപ്പോർട്ടുകളും ആദ്യം ഫയൽ ചെയ്യപ്പെടുന്നത് മജിസ്ട്രേറ്റുകോടതിയിലാണ്. മജിസ്ട്രേറ്റിന് വിചാരണ ചെയ്യാനാവാത്ത ക്രിമിനൽ കേസുകൾ മജിസ്ട്രേറ്റുകോടതിയിൽനിന്ന് സെഷൻസ് കോതിയിലേക്ക് അയക്കുകയാണ് ചെയ്യേണ്ടത്. ഇപ്രകാരം സെഷൻസ് വിചാരണക്കുവേണ്ടി കേസുകൾ അയക്കുന്നതിന് കമ്മിറ്റൽ പ്രൊസീഡിംഗ്സ് എന്നാണ് പറയുക. ഇങ്ങനെ കമ്മിറ്റ് ചെയ്യപ്പെട്ട് ലഭിക്കുന്ന കേസിൽ തുടർനടപടികൾ സെഷൻസ് കോടതികളാണ് നടത്തുന്നത്.

ഒന്നാംക്ലാസ് മജിസ്ട്രേറ്റ് കോടതികൾക്കു തൊട്ടുമുകളിലാണ് ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റിന്റെ സ്ഥാനം. മറ്റു ജുഡീഷ്യൽ മജിസ്ട്രേറ്റു കോടതികളുടെ മേൽനോട്ടം ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റിന്റെ അധികാരത്തിൽ വരുന്നു.

ഇവകൂടാതെ സെഷൻസ് കോടതികളാണ് ഉള്ളത്. ജില്ലാതലത്തിൽ ഒരു സെഷൻസ് കോടതിയുണ്ടാവും. സിവിൽ കേസുകളിലെ ജില്ലാകോടതികളുടെ സ്ഥാനം തന്നെയാണ് ക്രിമിനൽ കേസുകളിൽ സെഷൻസ് കോടതിക്കുള്ളത്. സെഷൻസ് കോടതിക്ക് അഡീഷണൽ സെഷൻസ് കോടതികളും അഡീഷണൽ അസിസ്റ്റന്റ് സെഷൻസ് കോടതികളും ഉണ്ടാകും. ഈ കോടതികളിൽ മജിസ്ട്രേറ്റിന് വിചാരണ ചെയ്യാനാകാത്തതും ശിക്ഷവിധിക്കാനാവാത്തതുമായ കേസുകൾ വിചാരണക്ക് വരുന്നു.

സെഷൻസ് കോടതികൾക്കു മുകളിലുള്ള അപ്പീൽ കോടതി ഹൈക്കോടതിയാണ്. ഹൈക്കോടതിക്കുമുകളിൽ സുപ്രീം കോടതിയും.

സബ്ഡിവിഷണൽ മജിസ്ട്രേറ്റ്, ജില്ലാ മജിസ്ട്രേറ്റ് തുടങ്ങിയ എക്സിക്യൂട്ടീവ് മജിസ്ട്രേറ്റുമാരുടെ കോടതികൾ പ്രത്യേകം നിഷ്കർഷിച്ചിട്ടുള്ള ക്രിമിനൽ നിയമാധികാരങ്ങളാണ് ഉപയോഗിക്കാറുള്ളത്. മുഖ്യധാരാ ക്രിമിനൽ കോടതികളുമായി അൽപം വേറിട്ടുനിൽക്കുന്ന മട്ടിലാണ് ഇവയുടെ പ്രവർത്തനമെങ്കിലും എല്ലാ കാര്യങ്ങളിലും ഒരു ജുഡീഷ്യൽ മജിസ്ട്രേറ്റിന്റെയോ അതിലും അൽപം താഴെയോ ആയ അധികാരങ്ങൾ ഈ കോടതികൾക്കുണ്ട്.

കുറ്റവിചാരണ ഏത് കോടതിയിലാണ് നടക്കേണ്ടത് എന്ന് ക്രിമിനൽ നടപടി നിയമം അനുശാസിക്കുന്നുണ്ട്. ഓരോ കോടതിക്കും വിധിക്കാവുന്ന ശിക്ഷകളും മറ്റും അടിസ്ഥാനപ്പെടുത്തിയാണ് കുറ്റകൃത്യം ഏതു കോടതിയിൽ വിചാരണ നടത്തും എന്ന് നിശ്ചയിക്കുന്നത്. ചാർജ് ചെയ്തിട്ടുള്ള കുറ്റങ്ങൾക്ക് വിധിക്കാവുന്ന പരമാവധി ശിക്ഷയാണ് ഇതിന്റെ മാനദണ്ഡം. മജിസ്ട്രേറ്റു കോടതികളിൽ മൂന്നുവർഷം വരെ തടവും മറ്റു കോടതികളിൽ അതിനു മുകളിലുള്ള ശിക്ഷകളുമാണ് വിധിക്കാവുന്നതായി നിശ്ചയിച്ചിരിക്കുന്നത്. ഒരു കേസ് ഏതു കോടതിയിലാണ് വിസ്തരിക്കേണ്ടത് എന്ന് ക്രിമിനൽ നടപടി നിയമത്തിന്റെ ഒന്നാം ഷെഡ്യൂളിൽ പ്രത്യേകം നിഷ്കർഷിച്ചിട്ടുണ്ട്. ●

ഉസ്മാൻ പാലക്കാഴി
usmanpalakkazhi@gmail.com



**ജീവന്റെ അടിസ്ഥാന ഘടകമാണ് ജലം. ഭൂമിയിൽ ജീവന്റെ നിലനിൽപിന് ആധാരമായി വർത്തിക്കുന്ന ഘടകങ്ങളിൽ അതിപ്രധാനമായ ഒന്നാണ് ജലമെന്നതിൽ പക്ഷാന്തരമില്ല. മഴ കിട്ടാതിരിക്കുമ്പോഴാണ് അതിന്റെ വില നാം അറിയാറുള്ളത്. മഴയുടെ ലഭ്യതയിലുള്ള വിസ്മയകരവും ചിന്താർഹവുമായ ചില കാര്യങ്ങൾ.**

# മഴനൂലുകളിലെ ദൈവിക ദൃഷ്ടാന്തം

ജീവന്റെ അടിസ്ഥാന ഘടകമാണ് ജലം. ഭൂമിയിൽ ജീവന്റെ നിലനിൽപിന് ആധാരമായി വർത്തിക്കുന്ന ഘടകങ്ങളിൽ അതിപ്രധാനമായ ഒന്നാണ് ജലമെന്നതിൽ പക്ഷാന്തരമില്ല. മഴ കിട്ടാതിരിക്കുമ്പോഴാണ് അതിന്റെ വില നാം അറിയാറുള്ളത്. മഴയുടെ ലഭ്യതയിൽ വിസ്മയകരവും ചിന്താർഹവുമായ പല കാര്യങ്ങളുണ്ട്. ചിന്തിക്കുന്ന മനുഷ്യർക്ക് സർവശക്തനായ സ്രഷ്ടാവിന്റെ അസ്തിത്വം അംഗീകരിക്കുവാൻ തക്ക തെളിവുകൾ അവയിൽനിന്ന് ലഭിക്കുമെന്നതിൽ സംശയമില്ല.

എങ്ങനെയാണ് മഴ പെയ്യുന്നത്? സമുദ്രജലം നീരാവിയായി മേലോട്ടുയുർന്ന് മേഘങ്ങളായി മാറുകയും ശേഷം മഴയായി ഭൂമിയിൽ പതിക്കുകയും ചെയ്യുന്നു! എന്നാൽ മഴവെള്ളത്തിന് ഉപ്പുരുചിയില്ല. കയ്പോ ചവർപ്പോ ഇല്ല! മഴവെള്ളത്തിനും പാറകളിൽനിന്നും മലകളിൽനിന്നും പൊട്ടിയൊഴുകുന്ന





ഉറവകൾക്കും കണ്ണീരിന്റെ തെളിമ! മഴ എങ്ങനെ ഉണ്ടാകുന്നു എന്ന കാര്യം മനുഷ്യർക്ക് തികച്ചും അജ്ഞാതമായിരുന്നു. കാലാവസ്ഥാ റഡാറുകളുടെ കണ്ടുപിടുത്തത്തോടെയാണ് മഴ രൂപംകൊള്ളുന്ന വിവിധ ഘട്ടങ്ങളെക്കുറിച്ച് മനസ്സിലാക്കാൻ സാധിച്ചത്.

1687ൽ എഡ്മണ്ട് ഹാലി ഈ വസ്തുത ശാസ്ത്രീയമായി തെളിയിക്കുകയുണ്ടായി. എന്നാൽ ആ തെളിവുകൾ ലോകം അംഗീകരിക്കാൻ കാലങ്ങളെടുത്തു. 'ഭൂഗർഭത്തിലൂടെയുള്ള ഒരു ജലപര്യയനവ്യവസ്ഥ സമുദ്രജലത്തെ പർവതമുകളിലെത്തിക്കുന്നുവെന്നും അവിടെനിന്ന് അത് ശുദ്ധജലമായി പ്രവഹിക്കുന്നുവെന്നുമുള്ള ആശയം 18ാം നൂറ്റാണ്ടിന്റെ തുടക്കംവരെ നിലനിന്നിരുന്നു'എന്ന് എൻസൈക്ലോപീഡിയ ബ്രിട്ടാനിക്ക ഓൺലൈൻ പറയുന്നു. മേൽ പറഞ്ഞ എൻസൈക്ലോപീഡിയ തുടരുന്നു: 'സമുദ്രജലം ബാഷ്പമായി അന്തരീക്ഷത്തിലേക്കുയരുകയും അവിടെവെച്ച് അത് ഘനീഭവിച്ച് ഭൂമിയിലേക്ക് മഞ്ഞായും മഴയായും പെയ്തിറങ്ങുകയും ചെയ്യുന്നു. ഈ വെള്ളം നദികളിലൂടെ ഒഴുകി വീണ്ടും സമുദ്രത്തിലെത്തുന്നു.'

ഗ്രീക്ക് തത്ത്വചിന്തകർ വിശ്വസിച്ചിരുന്നത്, നദീജലത്തിന്റെ ഉറവിടം മഴയല്ല എന്നാണ്; സമുദ്രജലം എങ്ങനെയോ ഭൂമിക്കടിയിലൂടെ ഒഴുകി പർവതമുകളിലെത്തിയിട്ട് ശുദ്ധജലമായി പ്രവഹിക്കുകയാണെന്ന് അവർ പഠിപ്പിച്ചു!

എന്നാൽ മഴയെക്കുറിച്ച് പ്രതിപാദിക്കുന്ന ക്വുർആനിക വചനങ്ങൾ മഴ ഉണ്ടാകുന്നതെങ്ങനെ, അതിന്റെ തോത്, പ്രയോജനം എന്നീ കാര്യങ്ങളിലേക്ക് വെളിച്ചം വീശുന്നതായി കാണാം. ക്വുർആൻ മഴയെക്കുറിച്ച് നൽകുന്ന വിവരങ്ങൾ ക്വുർആൻ അവതരിച്ച കാലഘട്ടത്തിലെ ജനങ്ങൾക്ക് തികച്ചും അജ്ഞാതമായിരുന്നുവെന്ന സത്യം, വിശുദ്ധ ക്വുർആൻ അല്ലാഹുവിന്റെ വാക്യങ്ങളാണെന്നതിന് സാക്ഷ്യം വഹിക്കുന്നു. ക്വുർആൻ മഴയെക്കുറിച്ച് നൽകുന്ന ചില വിവരങ്ങൾ കാണാം:

"ആകാശത്തുനിന്ന് ഒരു തോതനുസരിച്ച് വെള്ളം വർഷിച്ചു തരികയും ചെയ്തവൻ, എന്നിട്ട് അതുമൂലം നാം നിർജീവമായ രാജ്യത്തെ പുനരുജ്ജീവിപ്പിച്ചു. അതുപോലെ തന്നെ നിങ്ങളും (മരണാനന്തരം) പുറത്തുകൊണ്ടുവരപ്പെടുന്നതാണ്" (ക്വുർആൻ 43:11).

ഈ വചനത്തിലെ 'തോത്' എന്ന പ്രയോഗം നിശ്ചിതമായ കണക്കനുസരിച്ചാണ് അല്ലാഹു മഴ വർഷിപ്പിക്കുന്നത് വ്യക്തമാക്കുന്നു. എല്ലാ കാലവർഷങ്ങളിലും ഭൂമിയിൽ പെയ്തിറങ്ങുന്ന മഴയുടെ അളവ് ഒന്നു തന്നെയാണെന്നതിലേക്ക് ഇത് സൂചന നൽകുന്നു.

അന്തരീക്ഷത്തിൽ മേഘങ്ങൾ കാണപ്പെടുന്നത് ഭൂമിയിൽ നിന്ന് ഏറ്റവും കുറഞ്ഞത് 1200 മീറ്റർ ഉയരത്തിലാണ്. ഇത്ര ഉയരത്തിൽ നിന്ന് സാധാരണ ഗതിയിൽ മഴത്തുള്ളിയുടെ വലിപ്പവും ഭാരവുമുള്ള ഒരു വസ്തു അതീവ പ്രവേഗം കൈവരിച്ച് മണിക്കൂറിൽ 558 കിലോമീറ്റർ വേഗതയിൽ ഭൂമിയിൽ പതിക്കുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. ഈ വേഗതയിൽ ഭൂമിയിൽ വന്നിടിക്കുന്ന ഒരു വസ്തു തീർച്ചയായും കനത്ത നാശനഷ്ടങ്ങൾ വരുത്തിവെയ്ക്കും. മേൽ പറഞ്ഞ വേഗതയിൽ മഴത്തുള്ളികൾ ഭൂമിയിൽ പതിക്കാനെങ്ങാനും ഇട വന്നാൽ കൃഷിയിടങ്ങളും ആവാസകേന്ദ്രങ്ങളും വീടുകളും നശിക്കുമെന്ന് മാത്രമല്ല, മഴയത്ത് ആളുകൾക്ക് പുറത്തിറങ്ങി നടക്കണമെങ്കിൽ പ്രത്യേക മുൻകരുതലുകൾ എടുക്കേണ്ടിയും വരും. ഇത് 1200 മീറ്റർ ഉയരത്തിൽ നിന്നും പതിക്കുന്ന മഴയുടെ കാര്യം. 10,000 മീറ്റർ ഉയരത്തിൽ സ്ഥിതി ചെയ്യുന്ന മേഘങ്ങളിൽ നിന്നും ആപതിക്കുന്ന മഴത്തുള്ളികളുടെ വേഗത ഒന്നു സങ്കൽപിച്ചു നോക്കുക.

**എങ്ങനെയാണ് മഴ പെയ്യുന്നത്? സമുദ്രജലം നീരാവിയായി മേലോട്ടുയർന്ന് മേഘങ്ങളായി മാറുകയും ശേഷം മഴയായി ഭൂമിയിൽ പതിക്കുകയും ചെയ്യുന്നു! എന്നാൽ മഴവെള്ളത്തിന് ഉപ്പുരുചിയില്ല. കയ്പോ ചവർപ്പോ ഇല്ല! മഴവെള്ളത്തിനും പാറകളിൽനിന്നും മലകളിൽനിന്നും പൊട്ടിയൊഴുകുന്ന ഉറവകൾക്കും കണ്ണീരിന്റെ തെളിമ! മഴ എങ്ങനെ ഉണ്ടാകുന്നു എന്ന കാര്യം മനുഷ്യർക്ക് തികച്ചും അജ്ഞാതമായിരുന്നു. കാലാവസ്ഥാ റഡാറുകളുടെ കണ്ടുപിടുത്തത്തോടെയാണ് മഴ രൂപംകൊള്ളുന്ന വിവിധ ഘട്ടങ്ങളെക്കുറിച്ച് മനസ്സിലാക്കാൻ സാധിച്ചത്.**

**അന്തരീക്ഷത്തിൽ മേഘങ്ങൾ കാണപ്പെടുന്നത് ഭൂമിയിൽ നിന്ന് ഏറ്റവും കുറഞ്ഞത് 1200 മീറ്റർ ഉയരത്തിലാണ്. ഇത്ര ഉയരത്തിൽ നിന്ന് സാധാരണ ഗതിയിൽ മഴത്തുള്ളിയുടെ വലിപ്പവും ഭാരവുമുള്ള ഒരു വസ്തു അതീവ പ്രവേഗം കൈവരിച്ച് മണിക്കൂറിൽ 558 കിലോമീറ്റർ വേഗതയിൽ ഭൂമിയിൽ പതിക്കുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. ഈ വേഗതയിൽ ഭൂമിയിൽ വന്നിടിക്കുന്ന ഒരു വസ്തു തീർച്ചയായും കനത്ത നാശനഷ്ടങ്ങൾ വരുത്തിവെയ്ക്കും. മേൽ പറഞ്ഞ വേഗതയിൽ മഴത്തുള്ളികൾ ഭൂമിയിൽ പതിക്കാനെങ്ങാനും ഇട വന്നാൽ കൃഷിയിടങ്ങളും ആവാസകേന്ദ്രങ്ങളും വീടുകളും നശിക്കുമെന്ന് മാത്രമല്ല, മഴയത്ത് ആളുകൾക്ക് പുറത്തിറങ്ങി നടക്കണമെങ്കിൽ പ്രത്യേക മുൻകരുതലുകൾ എടുക്കേണ്ടിയും വരും.**

എന്നാൽ ശ്രദ്ധേയമായ മറ്റൊരു കാര്യമുണ്ട്. എത്ര ഉയരത്തിൽ നിന്നായാലും ഭൂമിയിൽ പതിക്കുന്ന മഴത്തുള്ളികളുടെ വേഗത മണിക്കൂറിൽ 8 മുതൽ 10 കിലോമീറ്റർ വരെയാണ്. ഇതിന്നു കാരണം മഴത്തുള്ളികൾ കൈവരിക്കുന്ന അവയുടെ പ്രത്യേക രൂപമാണ്. ഈ പ്രത്യേക രൂപത്തിലുള്ള മഴത്തുള്ളികൾ കടന്നുപോകുന്ന അന്തരീക്ഷത്തിൽ ഘർഷണം കൂട്ടുകയും അതിവേഗത കൈവരിക്കുന്നതിൽ നിന്നും അതിനെ നിയന്ത്രിക്കുകയും ചെയ്യുന്നു. ഈ സാങ്കേതിക ജ്ഞാനം അവലംബമാക്കിയാണത്രെ പാരച്യൂട്ടുകളുടെ രൂപകൽപന നിർവഹിച്ചിട്ടുള്ളത്.

മഴ പെയ്യണമെങ്കിൽ നീരാവി അന്തരീക്ഷത്തിലേക്കുയരണം. അത് മേഘമായി മാറണം. മേഘങ്ങൾ പിന്നീട് മഴയായി പെയ്തിറങ്ങുന്നു. അല്ലാഹു പറയുന്നു:

"അല്ലാഹുവാണ് കാറ്റുകളെ അയക്കുന്നവൻ. എന്നിട്ട് അവ (കാറ്റുകൾ) മേഘത്തെ ഇളക്കിവിടുന്നു. എന്നിട്ട് അവൻ ഉദ്ദേശിക്കുന്ന പ്രകാരം അതിനെ ആകാശത്ത് പരത്തുന്നു. അതിനെ അവൻ പല കഷ്ണങ്ങളാക്കുകയും ചെയ്യുന്നു. അപ്പോൾ അതിന്നിടയിൽ നിന്ന് മഴ പുറത്തുവരുന്നതായി നിനക്കു കാണാം. എന്നിട്ട് തന്റെ ദാസന്മാരിൽ നിന്ന് താൻ ഉദ്ദേശിക്കുന്നവർക്ക് അവൻ ആ മഴ എത്തിച്ചുകൊടുത്താൽ അവരതാ സന്തുഷ്ടരാകുന്നു" (ക്വുർആൻ 30:48).

മഴയുടെ ഓരോ ഘട്ടത്തെയും കുറിച്ച് വിശുദ്ധ ക്വുർആനിലെ ഈ വചനം ക്രമത്തിൽ തന്നെ വിവരിച്ചിരിക്കുന്നു; ശാസ്ത്രം ഇത് കണ്ടെത്തുന്നതിന് നൂറ്റാണ്ടുകൾക്ക് മുമ്പേ തന്നെ!

മഴയുടെ പ്രത്യേക ധർമമായ 'നിർജീവമായ ഭൂമിക്ക് ജീവൻ നൽകുന്നു' എന്ന കാര്യം ധാരാളം സൂക്തങ്ങളിൽ പരാമർശിച്ചിരിക്കുന്നതായി കാണാം.

"തന്റെ (മഴവർഷമാകുന്ന) കാരുണ്യത്തിന്റെ മുമ്പിൽ സന്തോഷസൂചകമായി കാറ്റുകളെ അയച്ചതും അവൻ (അല്ലാഹു) തന്നെ. ആകാശത്തുനിന്ന് ശുദ്ധമായ ജലം നാം ഇറക്കുകയും ചെയ്തിരിക്കുന്നു. നിർജീവമായ നാടിന് അതുമുഖേന നാം ജീവൻ നൽകുവാനും നാം സൃഷ്ടിച്ചിട്ടുള്ള ധാരാളം കന്നുകാലികൾക്കും മനുഷ്യർക്കും അത് കുടിപ്പിക്കുവാനും വേണ്ടി. അവർ ആലോചിച്ചു മനസ്സിലാക്കേണ്ടതിനായി അത് (മഴവെള്ളം) അവർക്കിടയിൽ നാം വിതരണം ചെയ്തിരിക്കുന്നു. എന്നാൽ മനുഷ്യരിൽ അധികപേർക്കും നന്ദികേട് കാണിക്കുവാനല്ലാതെ മനസ്സുവവന്നില്ല" (ക്വുർആൻ 25: 48-50).

"ആകാശത്തുനിന്ന് നാം അനുഗൃഹീതമായ വെള്ളം വർഷിക്കുകയും, എന്നിട്ട് അതു മൂലം പല തരം തോട്ടങ്ങളും കൊയ്തെടുക്കുന്ന ധാന്യങ്ങളും നാം മുളപ്പിക്കുകയും ചെയ്തു" (ക്വുർആൻ 50:9).

മണ്ണിന്റെ വളക്കൂറ് വർധിപ്പിക്കുന്ന കാൽസ്യം, മെഗ്നീഷ്യം, പൊട്ടാസ്യം തുടങ്ങിയ മൂലകങ്ങൾ മഴയിൽ അടങ്ങിയിരിക്കുന്നു. നൂറു കൊല്ലത്തോളം വ്യഷ്ടിപ്രദേശത്തെ ഊഷരഭൂമിയെ ഫലഭൂയിഷ്ഠമായി നിലനിർത്താൻ ഒരാണ്ടിലെ മഴയിലൂടെ ലഭിക്കുന്ന ഈ മൂലകങ്ങൾക്ക് കഴിയുമെന്നാണ് കണക്ക്. 150 മില്ല്യൺ ടൺ വളം ഓരോ വർഷവും മഴ ഭൂമിയിൽ നിക്ഷേപിക്കുന്നുണ്ട്. പ്രകൃത്യായുള്ള ഈ വളപ്രയോഗമില്ലെങ്കിൽ ഭൂമിയിൽ സസ്യജാലങ്ങൾ കുറയുമെന്നു മാത്രമല്ല പ്രകൃതിയുടെ സന്തുലിതത്വം നഷ്ടമാവുകയും ചെയ്യും.

ഭൂമിയിലെ ജീവജാലങ്ങൾക്ക് കണക്കില്ലാത്ത അനുഗ്രഹങ്ങൾ നൽകിയവനാണ് സ്രഷ്ടാവായ അല്ലാഹു. അതിൽപെട്ട ഒന്നാണ് മഴ എന്നതിനാൽ 'കാരുണ്യം' എന്ന് അല്ലാഹു മഴയെ സംബന്ധിച്ച് പറഞ്ഞിരിക്കുന്നു. ആ കാരുണ്യത്തിന്റെ ആഗമനത്തിനു മുന്നോടിയായി തണുത്ത കാറ്റടിച്ചുവീശുമ്പോൾ മഴ കാത്തിരിക്കുന്നവരുടെ മനംകുളിർക്കാറുണ്ടെന്നത് അനുഭവ യാഥാർഥ്യമാണ്.

'നീ കണ്ടില്ലേ, അല്ലാഹു ആകാശത്തുനിന്ന് വെള്ളം ചൊരിഞ്ഞു. എന്നിട്ട് ഭൂമിയിലെ ഉറവിടങ്ങളിൽ അതവൻ പ്രവേശിപ്പിച്ചു..."(ക്വുർആൻ 39:21).

"നിങ്ങൾ കുടിക്കുന്ന വെള്ളത്തെപ്പറ്റി നിങ്ങൾ ചിന്തിച്ചുനോക്കിയിട്ടുണ്ടോ? നിങ്ങളാണോ മേഘത്തിൽ

നിന്ന് അതിറക്കിയത്? അതല്ല നാമാണോ ഇറക്കിയവൻ? നാം ഉദ്ദേശിച്ചിരുന്നുവെങ്കിൽ അത് നാം ദുഃസ്വാദുള്ള ഉപ്പുവെള്ളമാക്കുമായിരുന്നു. എന്നിട്ടും നിങ്ങൾ നന്ദി കാണിക്കാത്തതെന്താണ്?" (ക്വുർആൻ 56:68-70).

ഒരു കണക്കനുസരിച്ചാണ് അല്ലാഹു മഴ നൽകുന്നത്. കിണറുകളും കുളങ്ങളുമൊക്കെ കുഴിച്ചാൽ വെള്ളം ലഭിക്കത്തക്ക വിധത്തിൽ വെള്ളത്തെ ഭൂമിയുടെ അഗാധതയിലേക്ക് ഇറങ്ങാൻ അനുവദിക്കാതെ തടുത്തുനിർത്തുന്നതും അല്ലാഹു തന്നെ:

"ആകാശത്തുനിന്ന് നാം ഒരു നിശ്ചിത അളവിൽ വെള്ളം ചൊരിയുകയും എന്നിട്ട് അതിനെ നാം ഭൂമിയിൽ തങ്ങിനിൽക്കുന്നതാക്കുകയും ചെയ്തിരിക്കുന്നു. അത് വറ്റിച്ചുകളയുവാൻ തീർച്ചയായും നാം ശക്തനാകുന്നു" (ക്വുർആൻ 23:18).

വേനൽകാലമായാൽ ഈർപ്പം നഷ്ടപ്പെട്ട് ഭൂമി വിണ്ടുകീറുന്നു. സസ്യലതാതികൾ ഉണങ്ങിക്കരിയുന്നു. എന്നാൽ നല്ലൊരു മഴയേൽക്കുമ്പോൾ തന്നെ ഭൂമിക്ക് ജീവൻ വെക്കുകയായി. വിശുദ്ധ ക്വുർആൻ പറയുന്നു:

"നീ ഭൂമിയെ വരണ്ടുണങ്ങിയതായി കാണുന്നു. എന്നിട്ട് നാം അതിൽ ജലം വർഷിച്ചാൽ അതിന് ചലനമുണ്ടാവുകയും അത് വളരുകയും ചെയ്യുന്നു. ഇത് അവന്റെ ദൃഷ്ടാന്തങ്ങളിൽ പെട്ടതത്രെ..." (ക്വുർആൻ 41:39).

"അത്(വെള്ളം) മുഖേന ധാന്യവിളകളും ഒലീവും ഈത്തപ്പനയും മുന്തിരികളും അവൻ നിങ്ങൾക്ക് മുളപ്പിച്ചുതരുന്നു. എല്ലാതരം പഴവർഗങ്ങളും (അവൻ ഉൽപാദിപ്പിച്ചുതരുന്നു). ചിന്തിക്കുന്ന ആളുകൾക്ക് തീർച്ചയായും അതിൽ ദൃഷ്ടാന്തമുണ്ട്" (ക്വുർആൻ 16:11).

ഭൂലോകത്ത് വെള്ളമെന്ന അനുഗ്രഹത്തെ നന്നായി ആസ്വദിക്കുകയും പരമാവധി ചൂഷണം ചെയ്യുകയും ചെയ്യുന്ന ഏക ബുദ്ധിജിവിയായ മനുഷ്യന് വളരെയേറെ ചിന്തിക്കുവാൻ അതിൽ വകയുണ്ട്. എന്നിട്ടും ചിലർ മഴയെ പ്രകൃതിയുടെ കനിവോ കോപമോ ആയി കാണുന്നു! ചിലരാകട്ടെ ഗ്രഹഫലവും ഗ്രഹപ്പിഴയും ഞാറ്റുവേലയുടെ ദോഷവുമായി അതിനെ വ്യാഖ്യാനിക്കുകയും വിശ്വസിക്കുകയും ചെയ്യുന്നു. മറ്റു ചിലരാകട്ടെ കണ്ണടച്ചുകൊണ്ട് ഇതെല്ലാം ആകസ്മികവും പ്രകൃതിയുടെ അനിവാര്യതയുമെന്നു പറഞ്ഞ് അതിനെ നിസ്സാരമായി കാണുന്നു.

സെയ്ദ്ബ്നു ഖാലിദി(റ)ൽ നിന്ന് നിവേദനം: ഹുദൈബിയയിൽ വെച്ച് നബി(ﷺ)യോടൊപ്പം ഞങ്ങൾ സുബ്ഹി നമസ്കാരം നിർവഹിച്ചു. തലേദിവസം രാത്രി മഴ പെയ്തിരുന്നു. നമസ്കാരത്തിൽ നിന്ന് വിരമിച്ചപ്പോൾ ജനങ്ങളെ അഭിമുഖീകരിച്ചുകൊണ്ട് റസൂൽ(ﷺ) ഇങ്ങനെ ചോദിച്ചു: "നിങ്ങൾക്കറിയാമോ, നിങ്ങളുടെ രക്ഷിതാവ് എന്താണ് പറഞ്ഞതെന്ന്?" അവർ പറഞ്ഞു: "അല്ലാഹുവും അല്ലാഹുവിന്റെ റസൂലുമാണ് ഏറ്റവും നന്നായി അറിയുന്നവർ." റസൂൽ(സ)പറഞ്ഞു: "അല്ലാഹു പറഞ്ഞിരിക്കുന്നു; ഈ പുലരിയിൽ എന്റെ അടിമകളിൽ എന്നിൽ വിശ്വസിക്കുന്നവനും എന്നിൽ അവിശ്വസിക്കുന്നവനും ഉണ്ടായിരിക്കുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താലും ഔദാര്യത്താലും ഞങ്ങൾക്ക് മഴ ലഭിച്ചിരിക്കുന്നു എന്ന് പറയുന്നവൻ എന്നിൽ വിശ്വസിക്കുകയും നക്ഷത്രങ്ങളിൽ അവിശ്വസിക്കുകയും ചെയ്തിരിക്കുന്നു. എന്നാൽ നിർണിത ഞാറ്റുവേലകളാൽ (വാവുകൾ കാരണത്താൽ) ഞങ്ങൾക്ക് മഴ ലഭിച്ചിരിക്കുന്നു എന്നു പറഞ്ഞവൻ എന്നിൽ അവിശ്വസിക്കുകയും നക്ഷത്രങ്ങളിൽ വിശ്വസിക്കുകും ചെയ്തിരിക്കുന്നു" (ബുഖാരി, മുസ്‌ലിം).

**ഭൂലോകത്ത് വെള്ളമെന്ന അനുഗ്രഹത്തെ നന്നായി ആസ്വദിക്കുകയും പരമാവധി ചൂഷണം ചെയ്യുകയും ചെയ്യുന്ന ഏക ബുദ്ധിജിവിയായ മനുഷ്യന് വളരെയേറെ ചിന്തിക്കുവാൻ അതിൽ വകയുണ്ട്. എന്നിട്ടും ചിലർ മഴയെ പ്രകൃതിയുടെ കനിവോ കോപമോ ആയി കാണുന്നു! ചിലരാകട്ടെ ഗ്രഹഫലവും ഗ്രഹപ്പിഴയും ഞാറ്റുവേലയുടെ ദോഷവുമായി അതിനെ വ്യാഖ്യാനിക്കുകയും വിശ്വസിക്കുകയും ചെയ്യുന്നു. മറ്റു ചിലരാകട്ടെ കണ്ണടച്ചുകൊണ്ട് ഇതെല്ലാം ആകസ്മികവും പ്രകൃതിയുടെ അനിവാര്യതയുമെന്നു പറഞ്ഞ് അതിനെ നിസ്സാരമായി കാണുന്നു.**

മഹത്തായ ഈ പ്രതിഭാസത്തിന്റെ പിന്നിലുള്ള അദൃശ്യവും അപാരവുമായ മഹാശക്തിയെക്കുറിച്ച് ആലോചിക്കുവാനും അവനോട് നന്ദിയും വിധേയത്വവും കാണിക്കുവാനും സൻമനസ്സു കാണിക്കുന്നവർ വളരെ വിരളമാണ്. ഞാറ്റുവേലകളും നക്ഷത്രങ്ങളും ഗ്രഹങ്ങളുമൊക്കെയാണ് മഴ നൽകുന്നതെന്ന് വിശ്വസിക്കുന്നവർ ഫലത്തിൽ അല്ലാഹുവിന്റെ അനുഗ്രഹത്തെ നിഷേധിക്കുന്നവരാണ്. അത്തരക്കാർ അല്ലാഹുവിൽ അവിശ്വസിച്ചവരാണെന്ന മുന്നറിയിപ്പ് വിശ്വാസികൾ ഗൗരവത്തിലെടുക്കേണ്ടതുണ്ട്. ●

ശൈഖുൽ ഇസ്‌ലാം ഇബ്‌നുൽ ക്വയ്യിം അൽജൗസി
വിവർത്തനം: അബൂ ഹംന






# കപടവിശ്വാസികളുടെ ഉപമകൾ

**ക**പട വിശ്വാസികളെ കുറിച്ച് അത്യുന്നതനായ അല്ലാഹു സൂറ. അൽ ബക്വറയിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു: “അവരെ ഉപമിക്കാവുന്നത് ഒരാളോടാകുന്നു: അയാൾ തീ കത്തിച്ചു. പരിസരമാകെ പ്രകാശിതമായപ്പോൾ അല്ലാഹു അവരുടെ പ്രകാശം കെടുത്തിക്കളയുകയും ഒന്നും കാണാനാവാതെ ഇരുട്ടിൽ (തപ്പുവാൻ) അവരെ വിടുകയും ചെയ്തു. ബധിരരും ഊമകളും അന്ധൻമാരുമാകുന്നു അവർ. അതിനാൽ അവർ (സത്യത്തിലേക്ക്) തിരിച്ചുവരികയില്ല. അല്ലെങ്കിൽ (അവരെ) ഉപമിക്കാവുന്നത് ആകാശത്തുനിന്നു ചൊരിയുന്ന ഒരു പേമാരിയോടാകുന്നു. അതോടൊപ്പം കൂരിരുട്ടും ഇടിയും മിന്നലുമുണ്ട്. ഇടിനാദങ്ങൾ നിമിത്തം മരണം ഭയന്ന് അവർ വിരലുകൾ ചെവിയിൽ തിരുകുന്നു. എന്നാൽ അല്ലാഹു സത്യനിഷേധികളെ വലയം ചെയ്തിരിക്കുകയാണ്. മിന്നൽ അവരുടെ കണ്ണുകളെ റാഞ്ചിയെടുക്കുമാറാകുന്നു. അത് (മിന്നൽ) അവർക്ക് വെളിച്ചം നൽകുമ്പോഴെല്ലാം അവർ ആ വെളിച്ചത്തിൽ നടന്നുപോകും. ഇരുട്ടാകുമ്പോൾ അവർ നിന്നുപോകുകയും ചെയ്യും. അല്ലാഹു ഉദ്ദേശിച്ചിരുന്നെങ്കിൽ അവരുടെ കേൾവിയും കാഴ്ചയും അവൻ തീരെ നശിപ്പിച്ചുകളയുക തന്നെ ചെയ്യുമായിരുന്നു. നിസ്സംശയം അല്ലാഹു ഏത് കാര്യത്തിനും കഴിവുള്ളവനാണ്” (2:17-20).

**മഹത്ത്വമുടയവനായ അല്ലാഹു അവന്റെ ശത്രുക്കളായ കപടവിശ്വാസികളെ ഉപമിച്ചത് യാത്രക്കിടയിൽ വഴിയറിയാതുഴലുന്ന യാത്രികരോടാണ്. അവർ വെളിച്ചത്തിനായി ഒരു പന്തം കത്തിച്ചു. അത് തങ്ങൾക്കു ചുറ്റും പ്രകാശം പരത്താൻ തുടങ്ങിയപ്പോൾ അവർക്ക് ശരിയായ വഴി കണ്ടെത്താനായി. തങ്ങൾക്ക് ഗുണകരം എന്തെന്നും ദോഷകരമെന്തെന്നും അവർക്ക് വ്യക്തമായി. പക്ഷേ, പെട്ടെന്ന് ആ പ്രകാശമണക്കപ്പെടുകയും അവർ ഇരുളിലകപ്പെടുകയും ചെയ്തു.**

മഹത്ത്വമുടയവനായ അല്ലാഹു അവന്റെ ശത്രുക്കളായ കപടവിശ്വാസികളെ ഉപമിച്ചത് യാത്രക്കിടയിൽ വഴിയറിയാതുഴലുന്ന യാത്രികരോടാണ്. അവർ വെളിച്ചത്തിനായി ഒരു പന്തം കത്തിച്ചു. അത് തങ്ങൾക്കു ചുറ്റും പ്രകാശം പരത്താൻ തുടങ്ങിയപ്പോൾ അവർക്ക് ശരിയായ വഴി കണ്ടെത്താനായി. തങ്ങൾക്ക് ഗുണകരം എന്തെന്നും ദോഷകരമെന്തെന്നും അവർക്ക് വ്യക്തമായി. പക്ഷേ, പെട്ടെന്ന് ആ പ്രകാശമണക്കപ്പെടുകയും അവർ ഇരുളിലകപ്പെടുകയും ചെയ്തു. സന്മാർഗത്തിലേക്കുള്ള മൂന്നു വഴികളും അവർക്ക് നിരോധിക്കപ്പെട്ടു. 'ബധിരരും ഊമകളും അന്ധരും' എന്നതിലൂടെ അക്കാര്യം വ്യക്തമാക്കുന്നു. ഒരു ദാസനിലേക്ക് മാർഗദർശനം കടന്നുവരുന്നത് മൂന്ന് വാതായനങ്ങളിലൂടെയാണ്. ചെവികൾകൊണ്ടവൻ കേൾക്കുന്നത്, കണ്ണുകൾകൊണ്ടവൻ കാണുന്നത്, പിന്നെ ഹൃദയം കൊണ്ടവൻ ഗ്രഹിക്കുന്നതും. ഈ ആളുകളുടെ ഹൃദയത്തിന് ഗ്രാഹ്യശക്തി ഇല്ല, അവർക്ക് കാഴ്ചയില്ല, അവർക്ക് കേൾക്കുവാനും കഴിയില്ല. കേൾവിയേയോ, കാഴ്ചയേയോ ഗ്രാഹ്യശക്തിയോ അനുഗുണമായി ഉപയുക്തമാക്കാൻ കഴിയാത്തതിനാൽ അവർ കേൾവിയും കാഴ്ചയും ഗ്രാഹ്യവും ഇല്ലാത്തവരാണെന്നും പറയപ്പെട്ടിരിക്കുകയും അപ്രകാരം തന്നെ വിശദമാക്കപ്പെടുകയും ചെയ്തിരിക്കുന്നു. ഈ രണ്ടഭിപ്രായങ്ങളും ഒരേ അർഥത്തിലുള്ളതും അഭേദ്യമാം വിധം ബന്ധം പുലർത്തുന്നവയുമാണ്. 'അവർ (സത്യത്തിലേക്ക്) തിരിച്ചുവരികയില്ല.' ആ വെളിച്ചത്തിൽ അവർ സന്മാർഗത്തിന്റെ പാന്ഥാവ് കണ്ടിട്ടുണ്ടായിരുന്നു. എന്നാൽ, ആ വെളിച്ചമവർക്ക് നഷ്ടമായി, അവരിനി സത്യമാർഗത്തിലേക്ക് തിരിച്ചുവരികയില്ല തന്നെ.

അത്യുന്നതനും പ്രതാപശാലിയുമായ അല്ലാഹു പറഞ്ഞു: 'അല്ലാഹു അവരുടെ പ്രകാശം കെടുത്തിക്കളഞ്ഞു', 'പ്രകാശം' എന്ന് അർഥമുള്ള 'നൂർ' എന്ന പദത്തിനു മുൻപിൽ 'ബി' എന്ന പ്രത്യയം ചേർത്തിരിക്കുന്നു. ('നൂറഹും' എന്നതിന് വിപരീതമായി 'ബി നൂരിഹിം' എന്ന് പ്രയോഗിച്ചിരിക്കുന്നു). ഇതിന് ശ്രദ്ധേയമായ ഒരു കാരണമുണ്ട്. അതെന്തെന്നാൽ, ഈ പ്രയോഗം അല്ലാഹു അവരിൽ നിന്ന് അവന്റെ സവിശേഷമായ സാമീപ്യം ഇല്ലാതെയാക്കുകയും അത് വിശ്വാസികൾക്ക് മാത്രമായി പ്രത്യേകം മാറ്റിവെക്കുകയും ചെയ്തിരിക്കുന്നു എന്ന് കാണിക്കാൻ പര്യാപ്തമാണ്. അതിനാൽ, അവന്റെ ആ പ്രകാശം എടുത്തുമാറ്റലിന് ശേഷം അവൻ അവരോട് 'ഒപ്പമോ' 'സമീപത്തായോ' സന്നിഹിതനല്ല. അവന്റെ ഭാഷണങ്ങളിൽ അവർക്ക് യാതൊരു സ്ഥാനവും ഇല്ല.

അവന്റെ വചനത്തെ സശ്രദ്ധം ആലോചിച്ചു നോക്കുക: "പരിസരമാകെ പ്രകാശിതമായപ്പോൾ', ഈ പ്രകാശം എങ്ങനെ അവർക്ക് സ്പഷ്ടമായി കാണിക്കപ്പെടുകയും അവരിൽ നിന്ന് അകറ്റപ്പെടുകയും ചെയ്തു? സഹജമായ ഒന്നായിരുന്നുവെങ്കിൽ അവർക്കത് അന്യമാകുമായിരുന്നില്ല. അതുകൊണ്ടുതന്നെ ആ വെളിച്ചം അവരെ വലയം ചെയ്തുവെങ്കിലും അവർക്കുള്ളിലേക്ക് പ്രവേശിക്കുകയുണ്ടായില്ല. അത് നൈമിഷികമായ ഒന്നായിരുന്നു. എന്നാൽ അവർക്ക് സഹജമായ അന്ധകാരം അവിടെ സ്ഥിരപ്പെട്ടു. അങ്ങനെ പ്രകാശം അതിന്റെ ഉറവിടത്തിലേക്ക് മടങ്ങുകയും ഇരുട്ട് അതിന്റെ ഉറവിടത്തിൽ സ്ഥിരപ്പെടുകയും ചെയ്തു. വിവേകം കൊണ്ട് അനുഗൃഹീതരായവർക്ക് കാണാൻ സർവ വ്യാപിയായ ഒരു വിജ്ഞാനമായിക്കൊണ്ടും അല്ലാഹുവിൽ നിന്നുള്ള ഒരു ദൃഷ്ടാന്തം എന്ന നിലക്കുമാണ് ഇതെല്ലാം നിവർത്തിക്കപ്പെട്ടിരിക്കുന്നത്.

അവന്റെ വചനത്തെ ശ്രദ്ധയോടെ പരിചിന്തനം ചെയ്യുക: 'അല്ലാഹു അവരുടെ പ്രകാശം കെടുത്തിക്കളഞ്ഞു.' എന്തുകൊണ്ടായിരിക്കും അല്ലാഹു അവരുടെ 'തീ' അണച്ചുകളഞ്ഞു എന്ന് പറയാതിരുന്നത്? അപ്രകാരം ഈ സൂക്തത്തിന്റെ തുടക്കത്തെ ഈ പദപ്രയോഗത്തിന് സമീകരിക്കുവാനും കഴിയുമായിരുന്നു. ഇതെന്തുകൊണ്ടാണ്? അഗ്നിക്ക് വെളിച്ചം നൽകാനും കരിച്ചുകളയാനുമുള്ള ഗുണങ്ങളുണ്ട്. അപ്പോൾ അതിന്റെ പ്രകാശമെന്ന സ്വഭാവം ഇല്ലായ്മ ചെയ്ത് കരിക്കുവാനും പീഡിപ്പിക്കുവാനുമുള്ള കഴിവിനെ ബാക്കിയാക്കുകയാണുണ്ടായത്.

അല്ലാഹു 'ദൗഉ്' എന്ന പദം പ്രയോഗിച്ചുകൊണ്ട് 'പരിസരമാകെ പ്രകാശിതമായപ്പോൾ' എന്ന് പറയപ്പെട്ടത് വാസ്തവമായിരിക്കുമ്പോൾ തന്നെ, 'അവരുടെ ജ്വാല' (ദൗഉ്) എന്നു പറയാതെ 'അവരുടെ പ്രകാശം' എന്ന് പറ

**കാർമേഘത്തിലകപ്പെട്ട ഒരുവന് അന്ധകാരവും ഇടിനാദവും ഇടിമിന്നലുമല്ലാതെ അതിൽ നിന്നും ഒന്നും ലഭിക്കാനില്ലാത്തതുപോലെയാണ് കപടവിശ്വാസികൾക്ക് ഈ സന്മാർഗത്തിന്റെ പങ്ക് ലഭിക്കുന്നത്. എന്നാൽ ഇരുട്ടും ഇടിനാദവും ഇടിമിന്നലുമല്ല മഴമേഘത്തിൽ നിന്നും മൊത്തത്തിൽ തീരുമാനിക്കപ്പെട്ടിട്ടുള്ള സംഗതികൾ. എന്നാലതിനുപരിയായി അതിൽ നിന്നും ഉദ്ദേശിക്കപ്പെട്ട നേട്ടങ്ങളിലേക്ക് നയിക്കുന്ന കാര്യങ്ങളത്രെ അവ.**



ഞത് പ്രത്യേകം ശ്രദ്ധിക്കുക. 'ദൗഊ്' എന്ന പദം, വാസ്തവത്തിൽ, അടിസ്ഥാനപ്രകാശ സ്രോതസ്സിൽ നിന്നുതിരുന്ന ബാഹ്യവെളിച്ചം എന്ന ഉദ്ദേശത്തിലാണ് പ്രയോഗിക്കപ്പെടുന്നത്. അപ്പോൾ അല്ലാഹു അവരുടെ 'ദൗഊ്' അണച്ചുകളഞ്ഞു എന്ന് പറയുകയായിരുന്നുവെങ്കിൽ, അവരുടെ ബാഹ്യപ്രകാശം മാത്രമാണ് കെടുത്തിക്കളഞ്ഞത് എന്ന അർഥമാണ് ലഭിക്കുക. എന്നാൽ ഇപ്പോൾ 'നൂർ' എന്ന 'ദൗഊ്' ഉണ്ടാക്കപ്പെട്ട അടിസ്ഥാന പ്രകാശം അണക്കപ്പെട്ടു എന്ന് പറയുമ്പോൾ 'ദൗഊ്' കൂടി കെടുത്തപ്പെട്ടു എന്ന ആശയം സ്വാഭാവികമായും ഉദ്ദേശിക്കപ്പെടുന്നു. അപ്പോൾ അത് അടിവരയിടുന്നത് അക്കൂട്ടർ ഇരുട്ടിന്റെ ആളുകളാണെന്നും വെളിച്ചത്തിന്റെ ഒരു രൂപവും ഇല്ലാത്തവരാണെന്നുമുള്ള യാഥാർഥ്യമാണ്. അതായത് അല്ലാഹു അവന്റെ ഗ്രന്ഥത്തെ പ്രകാശം എന്ന് വിളിച്ചിട്ടുണ്ട്. അവന്റെ ദൂതനെ പ്രകാശം എന്ന് അഭിസംബോധന ചെയ്തിട്ടുണ്ട്. അവന്റെ മതത്തെക്കുറിച്ച് പ്രകാശം എന്ന് പറഞ്ഞിട്ടുണ്ട്. അവന്റെ സന്മാർഗത്തെ പ്രകാശം എന്ന് വിളിച്ചിട്ടുണ്ട്. അവന്റെ നാമങ്ങളിലൊന്ന് 'പ്രകാശം' എന്നാണ്. നമസ്കാരത്തെയും പ്രകാശം എന്ന് വിളിച്ചിട്ടുണ്ട്. അല്ലാഹു അവരുടെ പ്രകാശം ഇല്ലായ്മ ചെയ്തു എന്ന് പറഞ്ഞാൽ ഇവയെല്ലാം അവരിൽ നിന്ന് അന്യമാക്കി എന്ന അർഥം ലഭിക്കുന്നു.

മുൻപു നൽകിയ ഉപമയുമായി ഈ ഉപമ എത്ര സമ്പൂർണമായാണ് യോജിക്കുന്നതെന്ന് നിരീക്ഷിക്കുക: "സൻമാർഗം വിറ്റ് പകരം ദുർമാർഗം വാങ്ങിയവരാകുന്നു അവർ. എന്നാൽ അവരുടെ കച്ചവടം ലാഭകരമാവുകയോ, അവർ ലക്ഷ്യം പ്രാപിക്കുകയോ ചെയ്തില്ല" (ക്വുർആൻ 2:16)

സന്മാർഗത്തെ വിറ്റുകൊണ്ട്, സന്തോഷം കയ്യൊഴിച്ചുകൊണ്ട്, എങ്ങനെയാണവർ ദുർമാർഗം സ്വായത്തമാക്കിയത്? പക്ഷേ, ഇപ്പോൾ എത്ര സന്തോഷത്തോടെയാണ് അവർ ഇരുട്ടിനെ (ദുർമാർഗത്തെ) നേടിയത്; വെളിച്ചത്തെ (സന്മാർഗത്തെ) വിറ്റുകൊണ്ട്! അങ്ങനെ അവർ പ്രകാശത്തെയും സന്മാർഗത്തെയും വിറ്റ് അന്ധകാരത്തെയും ദുർമാർഗത്തേയും വാങ്ങിയിരിക്കുകയാണ്.... എന്തൊരു ഹീനമായ കച്ചവടം!

'അല്ലാഹു അവരുടെ പ്രകാശം കെടുത്തിക്കളഞ്ഞു' എന്ന് പറഞ്ഞശേഷം 'അന്ധകാരങ്ങളിൽ അവരെ വിടുകയും ചെയ്തു' എന്ന അല്ലാഹുവിന്റെ പ്രയോഗം ശ്രദ്ധിക്കുക. പ്രകാശത്തെ ഏകവചനമായും അന്ധകാരത്തെ ബഹുവചനമായും ആണ് പ്രയോഗിച്ചിരിക്കുന്നത്. സത്യം ഏകമാണ്, അത് അല്ലാഹുവിലേക്കുള്ള ഋജുവായ പാതയാണ്. അവനിലേക്ക് നയിക്കുന്ന ഏകമാർഗം. അല്ലാഹുവിന്റെ പ്രവാചകന്റെ നാവിലൂടെ നിയമമാക്കപ്പെട്ട രീതിയിൽ – ഒരാളുടെ സ്വന്തം താൽപര്യങ്ങളും പുതിയ രീതികളും അനുസരിച്ചല്ലാതെ– അല്ലാഹുവെ മാത്രം ആരാധിക്കലാണത്. ദുർമാർഗത്തിന്റെ വഴികൾ പലതാണ്. അതുകൊണ്ട് തന്നെയാണ് അല്ലാഹു സത്യത്തെ ഏകവചനമായും അധർമത്തെ ബഹുവചനമായും ഉപയോഗിച്ചത്.

"വിശ്വസിച്ചവരുടെ രക്ഷാധികാരിയാകുന്നു അല്ലാഹു. അവൻ അവരെ ഇരുട്ടുകളിൽ നിന്ന് വെളിച്ചത്തിലേക്ക് കൊണ്ടു വരുന്നു. എന്നാൽ സത്യനിഷേധികളുടെ രക്ഷാധികാരികൾ ദുർമൂർത്തികളാകുന്നു. വെളിച്ചത്തിൽ നിന്ന് ഇരുട്ടുകളിലേക്കാണ് ആ ദുർമൂർത്തികൾ അവരെ നയിക്കുന്നത്. അവരത്രെ നരകാവകാശികൾ. അവരതിൽ നിത്യവാസികളാകുന്നു" (ക്വുർആൻ 2:257).

**ബുദ്ധിശൂന്യനും ദീർഘദൃഷ്ടിയില്ലാത്തവനുമായ ഏതൊരു വ്യക്തിയുടെയും ചിന്ത കാര്യങ്ങളുടെ പുറംമോടിയിൽ നിന്നും ആഴത്തിലേക്ക് പോകുകയോ അതിനപ്പുറമെന്തെന്ന് അന്വേഷിക്കുകയോ ഇല്ല എന്നത് സത്യമാണ്. സൃഷ്ടികൾക്കിടയിലെ അപൂർവം ചിലരൊഴികെയുള്ള മഹാഭൂരിപക്ഷത്തിന്റെയും അവസ്ഥ ഇതാണ്.**

"ഇതത്രെ എന്റെ നേരായ പാത. നിങ്ങൾ അത് പിന്തുടരുക. മറ്റുമാർഗങ്ങൾ പിൻപറ്റരുത്. അവയൊക്കെ അവന്റെ (അല്ലാഹുവിന്റെ) മാർഗത്തിൽ നിന്ന് നിങ്ങളെ ചിതറിച്ച് കളയും. നിങ്ങൾ സൂക്ഷ്മത പാലിക്കാൻ വേണ്ടി അവൻ നിങ്ങൾക്ക് നൽകിയ ഉപദേശമാണത്" (ക്വുർആൻ 6:153).

ഇത് അല്ലാഹുവിന്റെ ഈ വചനത്തിന് വിരുദ്ധമല്ല: "അല്ലാഹു തന്റെ പൊരുത്തം തേടിയവരെ അത് മുഖേന സമാധാനത്തിന്റെ വഴികളിലേക്ക് നയിക്കുന്നു. തന്റെ ഉത്തരവ് മുഖേന അവരെ അന്ധകാരങ്ങളിൽ നിന്ന് അവൻ പ്രകാശത്തിലേക്ക് കൊണ്ടുവരുകയും, നേരായ പാതയിലേക്ക് അവരെ നയിക്കുകയും ചെയ്യുന്നു" (ക്വുർആൻ 5:16).

കാരണം ഈ വചനത്തിലൂടെ പരാമർശിക്കുന്നത് അവനെ പ്രീതിപ്പെടുത്താനുതകുന്ന വ്യത്യസ്ത രീതികളെയാണ്. അവയെല്ലാം അവന്റെ ആ ഏക മാർഗത്തിൽ -നേരായ പാതയിൽ- ഉൾപ്പെട്ടവയുമാണ്. ആധികാരികമായി ഇങ്ങനെ രേഖപ്പെടുത്തപ്പെട്ടിരിക്കുന്നു. നബിﷺ നിലത്ത് ഒരു നേർരേഖ വരച്ചുകൊണ്ട് പറഞ്ഞു: 'ഇത് അല്ലാഹുവിന്റെ പാതയാണ്.' പിന്നീട് അവിടുന്ന് അതിന്റെ ഇടത്തും വലത്തുമായി അനേകം വരകൾ വരച്ചതിനു ശേഷം പറഞ്ഞു: 'ഇതെല്ലാം മറ്റുമാർഗങ്ങളാണ്. ഇവയ്ക്കോരോന്നിനും അറ്റത്തായി അതിലേക്ക് ക്ഷണിച്ചുകൊണ്ട് ഓരോ പിശാചുക്കൾ ഇരിപ്പുണ്ട്.' എന്നിട്ടദ്ദേഹം ഈ സൂക്തം പാരായണം ചെയ്തു: "ഇതത്രെ എന്റെ നേരായ പാത. നിങ്ങൾ അത് പിന്തുടരുക. മറ്റുമാർഗങ്ങൾ പിൻപറ്റരുത്. അവയൊക്കെ അവന്റെ (അല്ലാഹുവിന്റെ) മാർഗത്തിൽ നിന്ന് നിങ്ങളെ ചിതറിച്ച് കളയും. നിങ്ങൾ സൂക്ഷ്മത പാലിക്കാൻ വേണ്ടി അവൻ നിങ്ങൾക്ക് നൽകിയ ഉപദേശമാണത് (ക്വുർആൻ 6:153)" (അഹ്മദ്).

ആദ്യ ഉപമയുടെ വിശദീകരണത്തിൽ അത് കപടവിശ്വാസികൾ മുസ്‌ലിംകൾക്കിടയിൽ രഹസ്യമായി പ്രചരിപ്പിക്കാൻ ആഗ്രഹിക്കുന്ന പരീക്ഷണങ്ങളുടെയും അനർഥങ്ങളുടെയും അഗ്നിക്ക് തീകൊളുത്തി എന്നതിനോട് സദൃശ്യമാണ് എന്നും പറയപ്പെട്ടിട്ടുണ്ട്. അപ്രകാരം തന്നെ അത് അതേ ശൈലിയിൽ അല്ലാഹു പറഞ്ഞിരിക്കുന്നു.

"അവർ യുദ്ധത്തിന് തീ കൊളുത്തുമ്പോഴെല്ലാം അല്ലാഹു അത് കെടുത്തിക്കളയുന്നു" (ക്വുർആൻ 5:64).

അപ്പോൾ, അല്ലാഹു അവരുടെ പ്രകാശം നീക്കം ചെയ്തു എന്നതും അല്ലാഹു അത് അണച്ചുകളയുന്നു എന്നതും ഒരേ അർഥത്തിലാകാം പ്രയോഗിച്ചിരിക്കുന്നത്. അവരുടെ പ്രവർത്തനങ്ങളുടെ നിഷ്ഫലതയും അവകാശവാദങ്ങളുടെ പൊള്ളത്തരവുമാണ് അവരെ ഇരുട്ടിലും സംഭ്രാന്തിയിലും വിട്ടുകളഞ്ഞു എന്നതുകൊണ്ടുദ്ദേശിക്കുന്നത്.

രണ്ടാമത്തെ വിശദീകരണം അതിന്റെ അകവും പുറവും സത്യം തന്നെ എങ്കിലും, ഈ സൂക്തത്തിന്റെ ശരിയായ വ്യാഖ്യാനമാണ് എന്ന കാര്യത്തിൽ തർക്കമുണ്ട്. സന്ദർഭം ഈ വിശദീകരണത്തെ സാധൂകരിക്കുന്നില്ല. ഒരു യുദ്ധത്തിന് തിരിതെളിയിക്കുന്ന വ്യക്തിയുടെ ചുറ്റും വെളിച്ചം ഉണ്ടാകണമെന്നില്ല. മാത്രമല്ല, യുദ്ധത്തിന് തിരികൊളുത്തുന്നവനിൽ നിന്ന് എടുത്തുമാറ്റാവുന്ന ഒരു പ്രകാശവും ഇല്ലതാനും. കാഴ്ച സാധ്യമാകാത്തവിധം അവർ ഇരുട്ടിലാഴ്ത്തപ്പെട്ടു എന്നതുകൊണ്ടർഥമാക്കുന്നത് വിജ്ഞാനത്തിന്റെയും അവിശ്വാസത്തിന്റെയും അവസ്ഥയിലേക്ക് മാറിപ്പോയി എന്നാണ്. അല്ലാതെ അവർ യുദ്ധത്തിന് തീകൊളുത്തി എന്നല്ല.

അൽഹസൻ പറഞ്ഞു: 'ഇത് കപടവിശ്വാസികളെ, സംബന്ധിച്ചാണ്. അവൻ കണ്ടു, പിന്നെ അന്ധനായി. അവൻ അറിഞ്ഞു, പിന്നെ നിരസിച്ചു. അതുകൊണ്ടാണ് അല്ലാഹു പറയുന്നത്: 'അവർ മടങ്ങുകയില്ലതന്നെ' എന്ന്. അതായത്, അവർ ഉപേക്ഷിച്ച ആ പ്രകാശത്തിലേക്ക് അവരിനി മടങ്ങുന്നവരല്ല; അവിശ്വാസികളെക്കുറിച്ച് അല്ലാഹു പറയുന്നു:

"സത്യനിഷേധികളെ ഉപമിക്കാവുന്നത് വിളിയും തെളിയുമല്ലാതെ മറ്റൊന്നും കേൾക്കാത്ത ജന്തുവിനോട് ഒച്ചയിടുന്നവനോടാകുന്നു. അവർ ബധിരരും ഊമകളും അന്ധരുമാകുന്നു. അതിനാൽ അവർ (യാതൊന്നും) ചിന്തിച്ചു ഗ്രഹിക്കുകയില്ല" (ക്വുർആൻ 2:171).

വിശ്വാസമോ ഉൾക്കാഴ്ചയോ ഇല്ലാത്ത, ഇസ്‌ലാമിലേക്ക് പ്രവേശിച്ചിട്ടില്ലാത്ത അവരിൽ നിന്നും അങ്ങനെ വി

(ശേഷം പേജ്: 20ൽ)

റാഷിദ ബിൻത് ഉസ്മാൻ
mail@nerpatham.com



# വിചിത്രമായ പരീക്ഷണം

ദൂരെ കിഴക്കുള്ള ഒരു രാജ്യത്തെ രാജാവിന് വയസ്സൊരുപാടായി. തന്റെ പിൻഗാമിയെ തെരഞ്ഞടുക്കാൻ സമയമായെന്ന് അദ്ദേഹത്തിന് തോന്നിത്തുടങ്ങി. തന്റെ മക്കളിൽനിന്ന് ആരെയെങ്കിലും രാജാവായി തെരഞ്ഞെടുക്കുന്നതിനു പകരം വളരെ വ്യത്യസ്തമായ രീതിയിൽ തന്റെ പിൻഗാമിയെ തെരഞ്ഞെടുക്കുവാനാണ് അദ്ദേഹം തീരുമാനിച്ചത്.

ഒരു ദിവസം അദ്ദേഹം തന്റെ രാജ്യത്തെ മുഴുവൻ യുവാക്കളെയും വിളിച്ചുകൂട്ടി. എന്നിട്ട് അവരോട് പറഞ്ഞു: "എനിക്ക് അധികാരം കൈമാറാൻ സമയമായിരിക്കുന്നു. ഞാൻ നിങ്ങളിൽ നിന്ന് ഒരാളെ അടുത്ത രാജാവായി തെരഞ്ഞെടുക്കുവാൻ ഉദ്ദേശിക്കുന്നു."

ഈ വാക്കുകൾ വിശ്വസിക്കാനാവാതെ എല്ലാവരും പരസ്പരം നോക്കി. ആകാംക്ഷയോടെയും അത്ഭുതത്തോടെയും തന്നെ നോക്കിനിൽക്കുന്ന യുവാക്കളെ നോക്കി രാജാവ് തുടർന്നു:

"ഞാൻ നിങ്ങൾക്കെല്ലാവർക്കും ഓരോ വിത്ത് തരാൻ പോകുകയാണ്. നിങ്ങൾ അത് കുഴിച്ചിട്ട് മുളപ്പിച്ച് പരിപാലിക്കണം. എന്നിട്ട് അതുമായി ഒരു വർഷം കഴിഞ്ഞ് ഇവിടെ വരണം. നിങ്ങൾ കൊണ്ടുവന്ന ചെടി കണ്ട ശേഷം നിങ്ങളിൽനിന്നും യോഗ്യനായ ഒരാളെ ഞാൻ രാജാവായി തെരഞ്ഞെടുക്കും."

ആ കൂട്ടത്തിലുണ്ടായിരുന്ന ഒരു യുവാവാണ് ലിങ്. എല്ലാവർക്കും കിട്ടിയ പോലെ അവനും ഒരു വിത്ത് കിട്ടി. അതുമായി

അവൻ വീട്ടിലേക്ക് മടങ്ങി. വീട്ടിലെത്തിയ ലിങ്ങ് മാതാവിനോട് കാര്യങ്ങളെല്ലാം വിശദീകരിച്ചു. അവർ അവനെ ചെടിച്ചട്ടിയിൽ മണ്ണുനിറക്കാനും വെള്ളമൊഴിക്കാനും മറ്റും സഹായിച്ചു. അത് മുളച്ചു വരുന്നുണ്ടോ എന്ന് ഓരോ ദിവസവും അവൻ നോക്കും. അങ്ങനെ ഒരാഴ്ച കഴിഞ്ഞു. നാട്ടിലെ ചില യുവാക്കൾ അവർക്ക് കിട്ടിയ വിത്ത് മുളച്ചുവെന്നും നന്നായി വളരുന്നുണ്ടെന്നും അവനോട് പറഞ്ഞു.

ആഴ്ചകൾ പലതു കഴിഞ്ഞു. ലിങ്ങിന്റെ വിത്ത് മാത്രം മുളച്ചില്ല! മറ്റുള്ളവരെല്ലാം തങ്ങളുടെ ചെടിയെക്കുറിച്ച് മേനിപറയുമ്പോൾ അവന് സങ്കടം തോന്നും. താൻ പരാജയപ്പെടുമെന്ന് അവന് തോന്നി. എന്നാൽ തനിക്ക് കിട്ടിയ വിത്ത് മുളക്കാത്ത കാര്യം ആരോടും അവൻ പറഞ്ഞില്ല.

ഒരു വർഷം പൂർത്തിയായി. എല്ലാവരും അവരവരുടെ ചെടികളുമായി രാജകൊട്ടാരത്തിന്റെ മുറ്റത്തെത്തി. തനിക്ക് കിട്ടിയ വിത്ത് മുളക്കാത്തതിനാൽ രാജാവിന്റെ അടുത്തേക്ക് പോകുന്നില്ല എന്നായിരുന്നു ലിങ്ങിന്റെ തീരുമാനം. വെറുതെ പോയി അപമാനിതനാകേണ്ടല്ലോ. എന്നാൽ അവന്റെ മാതാവ് അവനെ പോകുവാൻ നിർബന്ധിച്ചു. നട്ടുനനച്ച് പരിപാലിച്ചിട്ടും മുളച്ചില്ല എന്ന വിവരം രാജാവിനെ അറിയിക്കേണ്ടതുണ്ടെന്നും അവർ പറഞ്ഞു. ലിങ്ങിന്റെ മനസ്സ് നീറുകയായിരുന്നു. മാതാവിനെ അനുസരിക്കണമല്ലോ എന്നതിനാൽ ഒടുവിൽ അവൻ പോയി.

കൊട്ടാരത്തിലെത്തിയപ്പോൾ വ്യത്യസ്തങ്ങളായ പൂക്കളുള്ള അനേകം ചെടികൾ കണ്ട് ലിങ്ങ് ആശ്ചര്യപ്പെട്ടു. അവൻ തന്റെ മണ്ണ് മാത്രമുള്ള ചട്ടി താഴെ വച്ചു. മറ്റുള്ളവർ അത് കണ്ട് അവനെ കളിയാക്കിച്ചിരിച്ചു. ചിലർ സഹതാപം പ്രകടിപ്പിച്ച് പരിഹസിച്ചു: "അയ്യോ, പാവം. രാജാവായതു തന്നെ!"

അങ്ങനെ രാജാവ് ആഗതനായി. എല്ലാവരും അദ്ദേഹത്തെ അഭിവാദ്യം ചെയ്തു. ലിങ്ങ് അപമാനബോധത്താൽ മറ്റുള്ളവരുടെ പുറകിൽ ഒളിക്കാൻ ശ്രമിച്ചു.

രാജാവ് പറഞ്ഞു: "ഹോ, എത്ര തരം ചെടികളും പൂക്കളുമാണ് ഞാൻ കാണുന്നത്! നിങ്ങൾക്കിടയിൽ നിന്ന് ഇന്ന് ഞാൻ എന്റെ പിൻഗാമിയെ തെരഞ്ഞെടുക്കാൻ പോകുകയാണ്."

അന്നേരമാണ് ഒഴിഞ്ഞ ചട്ടിയുമായി പിന്നിൽ നിൽക്കുന്ന ലിങ്ങിനെ രാജാവ് കണ്ടത്. രാജാവ് ഭടന്മാരോട് അവനെ മുന്നിലേക്ക് കൊണ്ടുവരാൻ കൽപിച്ചു. അവൻ ഭയന്നുവിറച്ചു. എന്റെ വിത്ത് മാത്രം മുളച്ചിട്ടില്ല. ഒരുപക്ഷേ, രാജാവ് എന്നെ കൊന്നുകളയാൻ കൽപിക്കുമായിരിക്കും- അവൻ മനസ്സിൽ കരുതി.

"നിന്റെ പേരെന്താണ്" രാജാവ് ചോദിച്ചു.

"ലി...ലിങ്ങ്'' വിറച്ചുകൊണ്ട് അവൻ മറുപടി പറഞ്ഞു.

യുവാക്കളെല്ലാം അവനെ കളിയാക്കിച്ചിരിച്ചു.

"മിണ്ടരുതാരും..." രാജാവ് കൽപിച്ചു.

എന്നിട്ട് ലിങ്ങിനെ നോക്കി യുവാക്കളോടായി രാജാവ് പറഞ്ഞു: "ശ്രദ്ധിക്കുക! ഈ നിൽക്കുന്ന ലിങ്ങ് എന്ന് പേരുള്ള യുവാവാണ് ഇനി മുതൽ നിങ്ങളുടെ രാജാവ്."

ഇതു കേട്ട് യുവാക്കളെല്ലാം അമ്പരന്നു. ലിങ്ങിന് രാജാവും തന്നെ കളിയാക്കുകയാണോ എന്ന് തോന്നി. കാരണം തനിക്ക് കിട്ടിയ വിത്ത് മുളച്ചിട്ടുപോലുമില്ല. പിന്നെ എങ്ങനെ രാജാവായി തെരഞ്ഞെടുക്കപ്പെടും?

എല്ലാവരും കാര്യമറിയാതെ മിഴിച്ചുനിൽക്കവെ രാജാവ് പറഞ്ഞു: "ഒരു വർഷം മുമ്പ് ഞാൻ നിങ്ങൾക്കെല്ലാവർക്കും ഓരോ വിത്ത് വീതം നൽകി. അത് നട്ടുവളർത്തി ഒരു വർഷത്തിനു ശേഷം കൊണ്ടുവരാനും പറഞ്ഞു."

"ഞങ്ങളെല്ലാവരും നട്ടുവളർത്തി ചെടികളുമായി വന്നു. എന്നാൽ വെറും ചട്ടിയുമായി വന്ന ഇവൻ എങ്ങനെയാണ് രാജാവുക?" ചില യുവാക്കൾ ചോദിച്ചു.

"നിങ്ങൾ ഒരു കാര്യം മനസ്സിലാക്കുക. നിങ്ങൾക്കെല്ലാവർക്കും ഞാൻ തന്നത് ഒരിക്കലും മുളക്കാത്ത വിത്തുകളായിരുന്നു. ലിങ്ങ് ഒഴികെ എല്ലാവരും ചെടികളുമായി വന്നു. ഞാൻ തന്ന വിത്ത് മുളക്കാത്തതിനാൽ നിങ്ങളെല്ലാവരും വേറെ വിത്ത് നട്ടാണ് ചെടികളുണ്ടാക്കിയത്. അധികാരം കിട്ടാനുള്ള അത്യാഗ്രഹത്താൽ നിങ്ങളെല്ലാവരും വഞ്ചന കാണിച്ചു. ലിങ്ങ് മാത്രമാണ് സത്യസന്ധത കാണിച്ചത്. നിങ്ങൾ ചെയ്തതുപോലെ അവനും ചെയ്യാമായിരുന്നു. എന്നാൽ വിശ്വസ്തനും സത്യസന്ധനുമായ അവൻ അതിന് തയ്യാറായില്ല. അതിനാൽ രാജാവാകാനുള്ള യോഗ്യത ലിങ്ങിന് മാത്രമാണുള്ളത്."

രാജാവ് രാജകിരീടം ലിങ്ങിന്റെ തലയിൽ വെച്ചുകൊടുക്കുമ്പോൾ മറ്റു യുവാക്കളെല്ലാം ലജ്ജിച്ച് തലതാഴ്ത്തി.

കൂട്ടുകാരേ, വഞ്ചനയും കള്ളത്തരവും നമ്മെ നാശത്തിലേക്കാണ് നയിക്കുക. എന്നാൽ വിശ്വസ്തതയും സത്യസന്ധതയും നമ്മെ വിജയികളാക്കും. അവർക്ക് ആരുടെ മുമ്പിലും അപമാനിതരാകേണ്ടി വരില്ല. അതിനാൽ സത്യസന്ധരായി ജീവിക്കുവാൻ എല്ലാവരും പരിശ്രമിക്കുക.

(പേജ് 17ൽ നിന്ന് തുടർച്ച)

വേകം നിഷ്പ്രഭമാക്കപ്പെട്ടു. കപടവിശ്വാസികളെ സംബന്ധിച്ച് അവർ വിശ്വസിച്ചതിനു ശേഷം അവിശ്വസിച്ചതിനാൽ അവർ തിരിച്ചുവരിക എന്നതിനെ അല്ലാഹു പാടെ നിഷേധിക്കുന്നു. അതെ, അവർ വിശ്വാസത്തിലേക്ക് മടങ്ങുന്നവരല്ല.

അഗ്നിയുടെ വിഷയത്തിലുള്ള ഉപമക്ക് ശേഷം അല്ലാഹു കപടവിശ്വാസികളെക്കുറിച്ച് മറ്റൊരു ഉപമ - വെള്ളത്തെ ആസ്പദമാക്കിയാണ് പറയുന്നത്. ആ വചനത്തിൽ പറയുന്ന 'സ്വയ്യിബ്' കൊണ്ടുദ്ദേശിക്കുന്നത് ആകാശത്തു നിന്നും ചൊരിയപ്പെടുന്ന മഴയാണ്. അല്ലാഹു അവന്റെ ദാസന്മാരെ നയിച്ച സന്മാർഗത്തെയാണ് ഇവിടെ വെള്ളവുമായി ബന്ധപ്പെടുത്തിയിരിക്കുന്നത്. കാരണം, ജലം ഭൂമിയെ ജീവസ്സുറ്റതാക്കുന്നതുപോലെ സന്മാർഗം ഹൃദയത്തിന് ജീവൻ നൽകുന്നു. കാർമേഘത്തിലകപ്പെട്ട ഒരുവന് അന്ധകാരവും ഇടിനാദവും ഇടിമിന്നലുമല്ലാതെ അതിൽ നിന്നും ഒന്നും ലഭിക്കാനില്ലാത്തതുപോലെയാണ് കപടവിശ്വാസികൾക്ക് ഈ സന്മാർഗത്തിന്റെ പങ്ക് ലഭിക്കുന്നത്. എന്നാൽ ഇരുട്ടും ഇടിനാദവും ഇടിമിന്നലുമല്ല മഴമേഘത്തിൽ നിന്നും മൊത്തത്തിൽ തീരുമാനിക്കപ്പെട്ടിട്ടുള്ള സംഗതികൾ. എന്നാലതിനുപരിയായി അതിൽ നിന്നും ഉദ്ദേശിക്കപ്പെട്ട നേട്ടങ്ങളിലേക്ക് നയിക്കുന്ന കാര്യങ്ങളത്രെ അവ. അറിവില്ലാത്തവൻ ഈ മഴമേഘത്തിന്റെ ബാഹ്യപ്രഭാവങ്ങളായ ഇരുട്ട്, ഇടിനാദം, ഇടിമിന്നൽ, തണുപ്പ് എന്നിവയുടെ കാഴ്ചയിൽ ഒതുങ്ങിയവനും തന്റെ യാത്ര തടയപ്പെട്ടു എന്ന യാഥാർഥ്യത്തെ മനസ്സിലാക്കിയവനും മാത്രമാണ്. എന്നാൽ ഈ മഴയുടെ ഫലമായിക്കൊണ്ട് സംഭവിക്കാനിരിക്കുന്ന അനവധി ഗുണങ്ങളെക്കുറിച്ച് അവനൊരു സൂചനപോലുമില്ല.

ബുദ്ധിശൂന്യനും ദീർഘദൃഷ്ടിയില്ലാത്തവനുമായ ഏതൊരു വ്യക്തിയുടെയും ചിന്ത കാര്യങ്ങളുടെ പുറംമോടിയിൽ നിന്നും ആഴത്തിലേക്ക് പോകുകയോ അതിനപ്പുറമെന്തെന്ന് അന്വേഷിക്കുകയോ ഇല്ല എന്നത് സത്യമാണ്. സൃഷ്ടികൾക്കിടയിലെ അപൂർവം ചിലരൊഴികെയുള്ള മഹാഭൂരിപക്ഷത്തിന്റെയും അവസ്ഥ ഇതാണ്. ഹ്രസ്വ വീക്ഷണമുള്ളവൻ ജിഹാദിലെ ദുരിതങ്ങളും കഷ്ടപ്പാടുകളും അതായത് മുറിവേൽക്കപ്പെടുക, മറ്റുള്ളവരാൽ അധിക്ഷേപിക്കപ്പെടുക, മറ്റുള്ളവരുടെ ശത്രുതക്ക് പാത്രീഭവിക്കുക തുടങ്ങിയവ കണ്ട് ജിഹാദിന് മുന്നോട്ട് വരികയില്ല. ആഴത്തിലേക്ക് ചികഞ്ഞുനോക്കാനോ, അതിന്റെ നേട്ടങ്ങളെയും പ്രശംസനീയമായ ലക്ഷ്യങ്ങളെയും അതുൾക്കൊള്ളുന്ന മഹത്തായ പ്രതിഫലത്തെയും തിരിച്ചറിയാനോ അയാൾ അശക്തനായിരിക്കും. അവരിലൊരാൾ തീർഥാടനത്തിനായി ആഗ്രഹിക്കുമ്പോൾ യാത്രയിലെ ബുദ്ധിമുട്ടുകൾ, വീട്ടിലെയും തന്റെ പട്ടണത്തിലെയും സൗകര്യങ്ങളെ ഒഴിവാക്കൽ, അഭിമുഖീകരിക്കേണ്ടി വരുന്ന മറ്റ് ക്ലേശങ്ങൾ എന്നിവയെല്ലാതെ യാത്രാന്ത്യം ലഭിക്കാനിരിക്കുന്ന ഒന്നും അയാൾക്ക് കാണാനാകില്ല. അങ്ങനെ അയാളുടെ കാലിടറുകയും യാത്ര ഒഴിവാക്കുകയും ചെയ്യും.

ആത്മീയ ഉൾക്കാഴ്ചയില്ലാത്തവരും ദുർബല വിശ്വാസികളുമായവരുടെ അവസ്ഥ ഇതാണ്. അത്തരക്കാർ ഭീഷണികളും വാഗ്ദാനങ്ങളും കൽപനകളും വിലക്കുകളുമെല്ലാം നിയമശാസനം എന്ന നിലക്ക് ക്വുർആനിൽ കാണുമ്പോൾ ഇച്ഛകളെ മാത്രം പിൻപറ്റാൻ അഭിലഷിക്കുന്ന അവരുടെ അഹന്തക്ക് അവ വലിയ ഭാരമായി അനുഭവപ്പെടും. ഈ ശാസനകൾ ആത്മാവിന്റെ നീചഗുണങ്ങളുടെ മുലയൂട്ടൽ അവസാനിപ്പിക്കുന്നു. ഒരു കുഞ്ഞിനെ സംബന്ധിച്ചിടത്തോളം മുലകുടി തടയപ്പെടുക എന്നത് ഏറെ പ്രയാസകരമാണ്. ധിഷണയെ അടിസ്ഥാനമാക്കിയാൽ എല്ലാ മനുഷ്യരും കുഞ്ഞുങ്ങളാണ്. അതിനെ മുലകുടി മാറ്റി നിയന്ത്രിക്കുകയും അപ്രകാരം തന്നെ വിജ്ഞാനത്തിലൂടെയും പ്രവൃത്തിയിലൂടെയും സത്യത്തെ തിരിച്ചറിഞ്ഞ് ഉൾക്കൊള്ളുകയും ചെയ്തവരൊഴികെ. അത്തരം ആളുകൾക്കാണ് ആ മഴമേഘത്തിനപ്പുറത്ത്, ഇരുട്ടിനും ഇടിനാദത്തിനും മിന്നൽപിണറിനും അപ്പുറത്ത് എന്താണെന്ന് കാണാൻ കഴിയുന്നത്. ജീവന്റെ നിലനിൽപിന്നായുള്ള ഉറവിടം എന്ന നിലക്ക് ആ മഴമേഘത്തെ തിരിച്ചറിയുന്നവർ അവരാണ്.

സമഖ്ശരി പറഞ്ഞു: 'ഇസ്‌ലാം മതം മേഘത്തോട് ഉപമിക്കപ്പെട്ടിട്ടുണ്ട്. കാരണം, ജലം ഭൂമിയെ ജീ

**കാർമേഘത്തിലകപ്പെട്ട ഒരുവന് അന്ധകാരവും ഇടിനാദവും ഇടിമിന്നലുമല്ലാതെ അതിൽ നിന്നും ഒന്നും ലഭിക്കാനില്ലാത്തതുപോലെയാണ് കപടവിശ്വാസികൾക്ക് ഈ സന്മാർഗത്തിന്റെ പങ്ക് ലഭിക്കുന്നത്. എന്നാൽ ഇരുട്ടും ഇടിനാദവും ഇടിമിന്നലുമല്ല മഴമേഘത്തിൽ നിന്നും മൊത്തത്തിൽ തീരുമാനിക്കപ്പെട്ടിട്ടുള്ള സംഗതികൾ. എന്നാലതിനുപരിയായി അതിൽ നിന്നും ഉദ്ദേശിക്കപ്പെട്ട നേട്ടങ്ങളിലേക്ക് നയിക്കുന്ന കാര്യങ്ങളത്രെ അവ.**

വസ്സുറ്റതാക്കുന്നതുപോലെ അത് ഹൃദയങ്ങൾക്ക് ജീവൻ പകരുന്നു. അവിശ്വാസം അന്ധകാരത്തോടാണ് സദൃശ്യപ്പെടുത്തിയത്. ഭീഷണിയും വാഗ്ദാനവും ഇടിനാദത്തോടും മിന്നൽപിണറിനോടും തുലനം ചെയ്യപ്പെട്ടിരിക്കുന്നു. അവിശ്വാസികളെ ഭയപ്പെടുത്തുന്ന പരീക്ഷണങ്ങളും കഷ്ടതകളും ഇടിമുഴക്കത്തോട് താരതമ്യപ്പെടുത്തിയിട്ടുണ്ട്. 'അഥവാ ഒരു മഴമേഘത്തോട്' എന്നതിന്റെ അർഥം, 'അഥവാ മഴമേഘത്തിലകപ്പെട്ടുപോയവർ' എന്നാണ്.

ഈ രണ്ട് ഉപമകളും വിജ്ഞാനപ്രദവും മഹത്തരവുമായ ആശയങ്ങൾ ഉൾക്കൊള്ളുന്നു.

1. വെളിച്ചം തേടുന്ന ഒരാൾ അതന്വേഷിക്കുന്നത് തന്നിൽ നിന്നല്ല, മറിച്ച് മറ്റൊന്നിൽ നിന്നാണ്. ആ പ്രകാശം നഷ്ടപ്പെടുന്നതോടെ അയാൾ ശരിയായ ഇരുട്ടിലകപ്പെടുന്നു. ഇതാണ് കപട വിശ്വാസികളുടെ അവസ്ഥ. അവർ നാക്കുകൊണ്ട് വിശ്വാസം പ്രഖ്യാപിക്കുമ്പോൾ ഹൃദയത്തിലതുറപ്പിക്കുകയോ മനസ്സുകൊണ്ടതിനെ സ്നേഹിക്കുകയോ ചെയ്യുന്നില്ല. തത്ഫലമായി അവൻ നേടുന്ന പ്രകാശം കൃത്രിമമാണ്.

2. പ്രകാശം നിലനിർത്തപ്പെടാൻ ഇന്ധനം ആവശ്യമാണ്. ജീവികളുടെ ജീവൻ നിലനിൽക്കാൻ ആവശ്യമായ ഭക്ഷണത്തോട് ഈ ഇന്ധനത്തെ താരതമ്യം ചെയ്യാവുന്നതാണ്. അപ്രകാരം തന്നെ വിശ്വാസത്തിന്റെ പ്രകാശത്തിനും നിലനിൽക്കാൻ ഇന്ധനം വേണ്ടതുണ്ട്. ഗുണകരമായ വിജ്ഞാനവും ധർമനിഷ്ഠയുള്ള പ്രവർത്തനവും. ഈ ഇന്ധനം നീക്കം ചെയ്യപ്പെടുമ്പോൾ അതിന് മരണം സംഭവിക്കുന്നു.

3. അന്ധകാരം രണ്ടു വിധമുണ്ട്: വെളിച്ചത്തിന് മുൻപുള്ള സ്ഥായിയായ അന്ധകാരവും വെളിച്ചത്തിന് ശേഷം വരുന്ന കാലാനുസൃതമായ ഇരുട്ടും. ഇവയിൽ രണ്ടാമത്തേതാണ് അഭിമുഖീകരിക്കുന്നവന് ഏറ്റവും കഠിനതരമായത്. അവിശ്വാസികളുടെ അന്ധകാരം ആദ്യം പ്രതിപാദിച്ചതാണ്. കാരണം അവർ ഒരിക്കലും പ്രകാശം കണ്ടിട്ടില്ല. കപട വിശ്വാസികളുടേത് രണ്ടാമതായി പറഞ്ഞ ഇരുട്ടാണ്. കാരണം അവർ പ്രകാശം കാണുകയും പിന്നീട് അന്ധകാരത്തിലേക്ക് കൂപ്പുകുത്തിയവരുമാണ്.

4. ഈ ഉപമ അവരുടെ പരലോകത്തെ സൂചിപ്പിച്ചുകൊണ്ടുള്ളതാണ്. കാരണം അവർക്കവിടെ ഒരു നാമമാത്രമായ വെളിച്ചമാണ് നൽകപ്പെടുക. അവരുടെ ഇഹത്തിലെ വെളിച്ചവും ഉപരിപ്ലവമായിരുന്നതുപോലെ. അങ്ങനെ അവർക്ക് പ്രകാശം അത്യാവശ്യമായി വരുന്ന വേളയിൽ അത് പൊടുന്നനെ പൊലിഞ്ഞുപോകുന്നു. അവർ ആ പാലത്തിൽ മുന്നോട്ടുനീങ്ങാനാകാതെ നിശ്ചലരാകുന്നു. ശക്തമായ പ്രകാശമുള്ളവർക്ക് മാത്രമെ അത് മറികടക്കാൻ കഴിയുകയുള്ളൂ. ഗുണകരമായ അറിവും ധർമനിഷ്ഠയോടെയുള്ള പ്രവർത്തനങ്ങളും കൊണ്ടു മാത്രമെ ആ പ്രകാശം തീക്ഷ്ണമാക്കപ്പെടുകയുള്ളൂ. അതുകൊണ്ട്, ഇഹത്തിലെ അവരുടെ അവസ്ഥയെ വിശദമാക്കുന്ന ഉപമ അവരുടെ പരലോകത്തെ അവസ്ഥക്കും അനുയോജ്യമാണ്. ആ പാലത്തിലേക്ക് പ്രവേശിക്കുന്നതിന് മുൻപ് ആളുകൾക്ക് പ്രകാശം പകുത്ത് നൽകപ്പെടുമ്പോൾ, സത്യവിശ്വാസികളുടെ പ്രകാശം ബാക്കിയാവുകയും കപടവിശ്വാസികളുടേത് അണഞ്ഞുപോകുകയും ചെയ്യുന്നു. ഇക്കാര്യം ബോധ്യമാകുമ്പോൾ 'ദഹബല്ലാഹു നൂറഹും' എന്ന് പറയാതെ 'ബി' എന്ന് ചേർത്ത് 'ബിനൂരിഹിം' എന്ന് പറഞ്ഞത് എന്തുകൊണ്ടാണ് എന്ന് മനസ്സിലാകുന്നതാണ്.

പാലം മറികടക്കുന്നതിനെ സംബന്ധിച്ച് ചോദിക്കപ്പെട്ടപ്പോൾ നബിﷺ പറഞ്ഞു: 'വിചാരണ നാളിൽ ഉയർന്നു നിൽക്കുന്ന ഒരു പർവതത്തിനു മുകളിലേക്ക് നാം വരും. ജനങ്ങൾ ഒന്നിനു പിറകെ മറ്റൊന്നായി അവർ ആരാധിച്ചിരുന്ന ബിംബങ്ങളുമായി ഹാജരാക്കപ്പെടും. അപ്പോൾ അത്യുന്നതനും അനുഗ്രഹമുടയവനുമായ നമ്മുടെ രക്ഷിതാവ് നമ്മിലേക്ക് വന്നുകൊണ്ട് പറയും: 'നിങ്ങൾ ആരെയാണ് പ്രതീക്ഷിക്കുന്നത്?' അവർ പറയും: 'ഞങ്ങൾ ഞങ്ങളുടെ രക്ഷിതാവിനെ പ്രതീക്ഷിച്ച് നിൽക്കുകയാണ്.' അവൻ പറയും: 'ഞാനാണ് നിങ്ങളുടെ രക്ഷിതാവ്.' അവർ പറയും: 'നിന്നെ കാണാതെ ഞങ്ങൾക്കത് നിശ്ചയിക്കാൻ കഴിയില്ല.' അപ്പോൾ അവൻ ചിരിച്ചുകൊണ്ട് സ്വയം പ്രത്യക്ഷനാകും. പിന്നീട് അവരെ

**ഒരു കുഞ്ഞിനെ സംബന്ധിച്ചിടത്തോളം മുലകുടി തടയപ്പെടുക എന്നത് ഏറെ പ്രയാസകരമാണ്. ധിഷണയെ അടിസ്ഥാനമാക്കിയാൽ എല്ലാ മനുഷ്യരും കുഞ്ഞുങ്ങളാണ്. അതിനെ മുലകുടി മാറ്റി നിയന്ത്രിക്കുകയും അപ്രകാരം തന്നെ വിജ്ഞാനത്തിലൂടെയും പ്രവൃത്തിയിലൂടെയും സത്യത്തെ തിരിച്ചറിഞ്ഞ് ഉൾക്കൊള്ളുകയും ചെയ്തവരൊഴികെ. അത്തരം ആളുകൾക്കാണ് ആ മഴമേഘത്തിനപ്പുറത്ത്, ഇരുട്ടിനും ഇടിനാദത്തിനും മിന്നൽപിണറിനും അപ്പുറത്ത് എന്താണെന്ന് കാണാൻ കഴിയുന്നത്. ജീവന്റെ നിലനിൽപിന്നായുള്ള ഉറവിടം എന്ന നിലക്ക് ആ മഴമേഘത്തെ തിരിച്ചറിയുന്നവർ അവരാണ്.**

**വിശ്വാസമോ ഉൾക്കാഴ്ചയോ ഇല്ലാത്ത, ഇസ്‌ലാമിലേക്ക് പ്രവേശിച്ചിട്ടില്ലാത്ത അവരിൽ നിന്നും അങ്ങനെ വിവേകം നിഷ്പ്രഭമാക്കപ്പെട്ടു. കപടവിശ്വാസികളെ സംബന്ധിച്ച് അവർ വിശ്വസിച്ചതിനു ശേഷം അവിശ്വസിച്ചതിനാൽ അവർ തിരിച്ചുവരിക എന്നതിനെ അല്ലാഹു പാടെ നിഷേധിക്കുന്നു. അതെ, അവർ വിശ്വാസത്തിലേക്ക് മടങ്ങുന്നവരല്ല.**




അനുഗാമികളാക്കിക്കൊണ്ട് അപ്രത്യക്ഷനാകും. അവിടെയുള്ള ഏവർക്കും വിശ്വാസികൾക്കും കപടന്മാർക്കും പ്രകാശം നൽകപ്പെടും. നരകത്തിനു കുറുകെയുള്ള പാലത്തിന്മേൽ കൊളുത്തുകളും കുന്തങ്ങളുമുണ്ടാകും. അല്ലാഹു ഇച്ഛിക്കുന്നവരെ അവ കൊളുത്തിയെടുക്കും. അപ്പോൾ കപടന്മാരുടെ പ്രകാശം അണഞ്ഞുപോകുകയും സത്യവിശ്വാസികൾ മോക്ഷം നേടുകയും ചെയ്യും. രക്ഷപ്പെടുന്ന ആദ്യവിഭാഗത്തിൽ അൻപതിനായിരം പേരുണ്ടാകും. ചന്ദ്രനെപ്പോലെ തിളങ്ങുന്ന വദനങ്ങളുള്ള അവർ വിചാരണ ചെയ്യപ്പെടുകയില്ല. അടുത്ത സംഘത്തിന്റെ മുഖങ്ങൾ ആകാശത്തെ നക്ഷത്രങ്ങളെപ്പോലെ ആയിരിക്കും. അങ്ങനെ, അങ്ങനെ. ഒരു ബാർളി മണിയുടെ തൂക്കം വിശ്വാസം മനസ്സിലുള്ള ആൾ വരെ നരകാഗ്നിയിൽ നിന്ന് പുറത്തു കൊണ്ടുവരപ്പെടുകയും അയാൾ 'അല്ലാഹു വല്ലാതെ ആരാധിക്കപ്പെടാൻ അർഹനായി ആരുമില്ല' എന്ന് പറയുംവരെ ശുപാർശ തുടരുകയും ചെയ്യും. അവരങ്ങനെ സ്വർഗത്തിന്റെ നടുമുറ്റത്തേക്കാനായിക്കപ്പെടും. സ്വർഗവാസികൾ അവർക്കുമേൽ വെള്ളം തെളിക്കും...''

നബിﷺയുടെ വാക്കുകൾ സശ്രദ്ധം പരിശോധിക്കുക: 'പിന്നീട് അവരെ അനുഗാമികളാക്കിക്കൊണ്ട് അപ്രത്യക്ഷനാകും. അവിടെയുള്ള ഏവർക്കും വിശ്വാസികൾക്കും കപടന്മാർക്കും പ്രകാശം നൽകപ്പെടും...' അതോടൊപ്പം അല്ലാഹുവിന്റെ ഈ വചനവും ശ്രദ്ധിക്കുക: ''അല്ലാഹു അവരുടെ പ്രകാശം കെടുത്തിക്കളയുകയും ഒന്നും കാണാനാവാതെ അന്ധകാരങ്ങളിൽ അവരെ വിടുകയും ചെയ്തു.'' സത്യവിശ്വാസികൾ അവരുടെ രക്ഷിതാവിനെ അനുഗമിച്ച് മുന്നോട്ട് പോകവെ കപടന്മാരുടെ പ്രകാശം അണക്കപ്പെടുകയും അവർ കൂരിരുട്ടിലകപ്പെടുകയും ചെയ്ത അവസ്ഥയെ കൂടി സസൂക്ഷ്മം വിലയിരുത്തുക. ശുപാർശയെ സംബന്ധിച്ചുള്ള പ്രവാചകൻﷺയുടെ ഹദീഥിലെ വാക്കുകളും ശ്രദ്ധിക്കുക. 'എല്ലാ മതസ്തരും അവർ ആരാധിച്ചിരുന്ന ദൈവത്തെ പിന്തുടരും.' ബഹുദൈവാരാധകൻ അവന്റെ ദൈവത്തെയും തൗഹീദിന്റെ വ്യക്തി അല്ലാഹുവിനെയും അനുഗമിക്കും. അല്ലാഹുവിന്റെ വചനം ശ്രദ്ധിക്കുക.

''കണങ്കാൽ വെളിവാക്കപ്പെടുന്ന (ഭയങ്കരമായ) ഒരു ദിവസത്തെ നിങ്ങൾ ഓർക്കുക. സുജൂദ് ചെയ്യാൻ (അന്ന്) അവർ ക്ഷണിക്കപ്പെടും. അപ്പോൾ അവർക്കതിന് സാധിക്കുകയില്ല'' (ക്വുർആൻ 68:42).

നബിﷺ ഈ സന്ദർഭത്തിലെ ശുപാർശയെ സംബന്ധിച്ച് മുമ്പ് പ്രസ്താവിച്ച ഹദീഥിൽ ഈ വചനം പാരായണം ചെയ്യുകയുണ്ടായി. ഹദീഥിൽ അദ്ദേഹം പറഞ്ഞു: '...അപ്രകാരം അവൻ അവന്റെ കണങ്കാൽ വെളിവാക്കും.' അവന്റെ കണങ്കാലിനെ സംബന്ധിച്ചാണ് ഈ വചനത്തിൽ പരാമർശിക്കപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാകുന്നു. ഇതെല്ലാം സസൂക്ഷ്മം വിലയിരുത്തിയാൽ തൗഹീദിന്റെ മർമങ്ങളിലൊരു മർമം നിങ്ങൾക്ക് മനസ്സിലാകും. മാത്രമല്ല, അല്ലാഹു ശിർക്കിന്റെ ആളുകളുമായി താരതമ്യം ചെയ്യുമ്പോൾ തൗഹീദിന്റെ ആളുകളോട് എപ്രകാരമാണ് ഇടപെടുന്നതെന്നും അറിയാൻ കഴിയും.

5. അന്ധകാരം കരസ്ഥമാക്കുന്നതിനെ സംബന്ധിച്ചുള്ള ആദ്യ ഉപമ ദുർമാർഗത്തെയും സംഭ്രാന്തിയെയുമാണ് സദൃശ്യപ്പെടുത്തുന്നത്. അതിന്റെ വിപരീതമാണ് സന്മാർഗം. രണ്ടാമത്തെ ഉപമ വിഷയമാക്കുന്നത് അവർ ഭയംനേടുന്ന കാര്യമാണ്. അതിന്റെ വിപരീതം നിർഭയത്വവും നിരാകുലതയുമാണ്. കപട വിശ്വാസികൾ സന്മാർഗത്തിലായവരോ നിർഭയരോ അല്ല.

''വിശ്വസിക്കുകയും, തങ്ങളുടെ വിശ്വാസത്തിൽ അന്യായം കൂട്ടികലർത്താതിരിക്കുകയും ചെയ്തവരാരോ അവർക്കാണ് നിർഭയത്വമുള്ളത്. അവർ തന്നെയാണ് നേർമാർഗം പ്രാപിച്ചവർ'' (ക്വുർആൻ 6:82)

ഇബ്നു അബ്ബാസുംؓ മറ്റ് വ്യാഖ്യാതാക്കളും പ

റഞ്ഞിരിക്കുന്നു: “ഈ ആളുകളുടെ കാപട്യത്തെക്കുറിച്ചുള്ള ഉപമ കൂരിരുട്ടാർന്ന ഒരു രാത്രിയിലെ ഭയാനകമായ അവസ്ഥയിൽ തീ കത്തിച്ച ഒരാളെപ്പോലെയാണ്. അയാൾ സ്വയം തീകായുകയും തനിക്കു ചുറ്റുമുള്ളതെല്ലാം കാണുകയും ചെയ്യുന്നു. തന്റെ ഭയപ്പാടിൽ നിന്നുമയാൾ രക്ഷപ്രാപിക്കുന്നു. ആ അവസരത്തിൽ പെട്ടെന്ന് തീയണയുകയും അയാൾ വീണ്ടും ഭയവും സംഭ്രാന്തിയും നിറഞ്ഞ അവസ്ഥയിലകപ്പെടുകയും ചെയ്യുന്നു. കപടവിശ്വാസികൾ അവരുടെ പുറമേക്കുള്ള വിശ്വാസ പ്രഖ്യാപനം നിമിത്തം സമ്പത്തും സന്താനങ്ങളും സുരക്ഷിതമാക്കുകയും സത്യവിശ്വാസികളെ വിവാഹം കഴിക്കുകയും അവരിൽ നിന്നും പാരമ്പര്യമെടുക്കുകയും യുദ്ധാർജിത സ്വത്തിന്റെ ഒരു ഭാഗം നേടിയെടുക്കുകയും ചെയ്തു. ഇതാണ് അവരുടെ പ്രകാശം. എന്നാൽ അവർ മരണപ്പെടുമ്പോൾ അവർ വീണ്ടും ഇരുട്ടിലേക്കും ഭയത്തിലേക്കും തിരിച്ചെത്തുകയാണ്.”

മുജാഹിദ് പറഞ്ഞു: “അവർക്കായി കത്തിക്കപ്പെട്ട അഗ്നികൊണ്ട് അർഥമാക്കുന്നത് അവരുടെ, മുസ്ലിംകൾക്കും സന്മാർഗത്തിനും നേരെയുള്ള യാത്രയാണ്. അവരുടെ പ്രകാശം അണക്കപ്പെട്ടു എന്നതിനർഥം അവരുടെ ബഹുദൈവാരാധകരിലേക്കും ദുർമാർഗത്തിലേക്കുമുള്ള പ്രയാണമാണ്.”

പ്രകാശം നേടലും അതണക്കപ്പെടലും ഇഹലോക ജീവിതത്തിലെ, അല്ലെങ്കിൽ ക്വബ്ർ ജീവിതത്തിലെ, അതുമല്ലെങ്കിൽ പരലോകത്തെ സംഭവങ്ങളുമായി വൈവിധ്യമാംവിധം വിശദീകരിക്കപ്പെട്ടിട്ടുണ്ട്. ഇത് ജീവിതത്തിന്റെ മൂന്ന് അവസ്ഥകളിലും സംഭവിക്കുന്നു എന്നതാണ് ശരിയായ നിലപാട്. കാരണം അത് അവരുടെ ഇഹലോക ജീവിതത്തിനുള്ള മറ്റു ജീവിതത്തിലെ പാരിതോഷികമാണ്.

“അനുയോജ്യമായ പ്രതിഫലമത്രെ അത്” (78:26). “നിന്റെ രക്ഷിതാവ് (തന്റെ) അടിമകളോട് അനീതി കാണിക്കുന്നവനേ അല്ല” (41:46).

ഉയിർത്തെഴുന്നേൽക്കുമ്പോൾ ഒരു വ്യക്തി ഇഹലോകത്ത് അവൻ വിതച്ച വിത്തിന്റെ വിളവെടുപ്പാണ് നടക്കുക എന്നതുകൊണ്ടാണ് ആ ദിനത്തെ പ്രതിഫലനാൾ എന്ന് വിളിക്കപ്പെട്ടിരിക്കുന്നത്.

“വല്ലവനും ഈ ലോകത്ത് അന്ധനായിരുന്നാൽ പരലോകത്തും അവൻ അന്ധനായിരിക്കും. ഏറ്റവും വഴിപിഴച്ചവനുമായിരിക്കും” (17:72). “സൻമാർഗം സ്വീകരിച്ചവർക്ക് അല്ലാഹു സൻമാർഗനിഷ്ഠ വർധിപ്പിച്ച് കൊടുക്കുന്നതാണ്” (19:76).

മഹത്ത്വമുടയവനും അത്യുന്നതനുമായ അല്ലാഹു സൂറ അൽബക്വറയിലും അർറഅ്ദിലും അന്നൂറിലുമായി രണ്ട് ഉപമകളാണ് പറഞ്ഞിരിക്കുന്നത്. ഒന്ന് അഗ്നിയും മറ്റൊന്ന് ജലവും. കാരണം ജീവൻ തുടിച്ചുയരുന്നത് വെള്ളത്തിൽ നിന്നും പ്രകാശത്തിൽ നിന്നുമാണ്. വിശ്വാസിക്ക് ജീവസ്സുറ്റ പ്രകാശമാർന്ന ഒരു ഹൃദയമുണ്ട്. കപടവിശ്വാസിക്ക് നിർജീവമായ കറുത്ത ഹൃദയവും. അത്യുന്നതനായ അല്ലാഹു പറയുന്നു: “നിർജീവാവസ്ഥയിലായിരിക്കെ നാം ജീവൻ നൽകുകയും, നാം ഒരു (സത്യ) പ്രകാശം നൽകിയിട്ട് അതുമായി ജനങ്ങൾക്കിടയിലൂടെ നടന്നുകൊണ്ടിരിക്കുകയും ചെയ്യുന്നവന്റെ അവസ്ഥ, പുറത്ത് കടക്കാനാകാത്ത വിധം അന്ധകാരങ്ങളിൽ അകപ്പെട്ട അവസ്ഥയിൽ കഴിയുന്നവന്റേത് പോലെയാണോ?” (6:122).

**പ്രകാശം നേടലും അതണക്കപ്പെടലും ഇഹലോക ജീവിതത്തിലെ, അല്ലെങ്കിൽ ക്വബ്ർ ജീവിതത്തിലെ, അതുമല്ലെങ്കിൽ പരലോകത്തെ സംഭവങ്ങളുമായി വൈവിധ്യമാംവിധം വിശദീകരിക്കപ്പെട്ടിട്ടുണ്ട്. ഇത് ജീവിതത്തിന്റെ മൂന്ന് അവസ്ഥകളിലും സംഭവിക്കുന്നു എന്നതാണ് ശരിയായ നിലപാട്. കാരണം അത് അവരുടെ ഇഹലോക ജീവിതത്തിനുള്ള മറ്റു ജീവിതത്തിലെ പാരിതോഷികമാണ്.**

“അന്ധനും കാഴ്ചയുള്ളവനും സമമാവുകയില്ല. ഇരുളുകളും വെളിച്ചവും (സമമാവുകയില്ല.) തണലും ചൂടുള്ള വെയിലും (സമമാവുകയില്ല.) ജീവിച്ചിരിക്കുന്നവരും മരിച്ചവരും സമമാകുകയില്ല. തീർച്ചയായും അല്ലാഹു അവൻ ഉദ്ദേശിക്കുന്നവരെ കേൾപിക്കുന്നു. നിനക്ക് ഖബ്റുകളിലുള്ളവരെ കേൾപിക്കാനാവില്ല.” (35:19-22).

അപ്പോൾ, അവന്റെ മാർഗദർശനം അനുധാവനം ചെയ്ത് അവന്റെ പ്രകാശം കൊണ്ട് സ്വയം തിളങ്ങുന്നവരെയാണ് അവൻ ജീവനുള്ളവരായി പരിഗണിക്കുന്നത്. അവർ സംശയത്തിന്റെയും ദുർമാർഗത്തിന്റെയും പുതു നിർമ്മിതികളുടെയും ശിർക്കിന്റെയും ചൂടിൽ നിന്ന് സംരക്ഷിക്കുന്ന ഒരു തണലിൽ അഭയം തേടിയിരിക്കുന്നു. അപ്രകാരം പ്രവർത്തിക്കാത്തവരെ അവൻ അന്ധരും ജീവനറ്റവരും അവിശ്വാസത്തിന്റെയും ശിർക്കിന്റെയും ദുർമാർഗത്തിന്റെയും ചൂടിൽ മുങ്ങിയവരുമായിട്ടാണ് പരിഗണിക്കുന്നത്; ഇരുട്ടിന്റെ ഓരോ പാളികൾക്കിടയിലും വിഴുങ്ങപ്പെട്ടവരായിക്കൊണ്ട്. ഏറ്റവും ശരിയായ റിയുന്നവൻ അല്ലാഹു ആകുന്നു. ●





ലേഖനം

സമീർ മുണ്ടേരി
mail@nerpatham.com

# എന്തിന് കരയണം?

**അ**ബൂഹുറയ്‌റ(റ) രോഗശയ്യയിലായപ്പോൾ കണ്ണുനീരൊഴുക്കി. അദ്ദേഹത്തോട് ഒരാൾ ചോദിച്ചു: 'എന്തിനാണ് കരയുന്നത്?' അദ്ദേഹം പറഞ്ഞു: 'നിങ്ങളുടെ ഈ ദുനിയാവിനെക്കുറിച്ചോർത്തല്ല ഞാൻ കരയുന്നത്. എനിക്ക് സഞ്ചരിക്കാനുള്ള ദൂരത്തിന്റെ ആധിക്യവും എന്റെ കയ്യിലുള്ള യാത്രാഭക്ഷണത്തിന്റെ കുറവുമാണ് എന്നെ കരയിപ്പിക്കുന്നത്.'

എന്തിനാണ് നാം കരയാറുള്ളത്? ഉറ്റവരുടെ മരണം, രോഗം, സാമ്പത്തിക പ്രതിസന്ധി, തൊഴിൽ നഷ്ടം... ഇങ്ങനെ കരയാൻ കാരണങ്ങൾ ഏറെയാണ്. നമ്മുടെ നാട്ടിൽ ഇന്ന് സജീവ ചർച്ചാവിഷയമാണ് നിപ്പ വൈറസ്. ഇതുവരെ പതിനേഴ് പേർ ഈ രോഗം മൂലം മരണപ്പെട്ടതായാണ് കണക്ക്. മരണപ്പെട്ടവരുടെ കുടുംബങ്ങൾ ഉറ്റവരുടെ നഷ്ടത്തെയോർത്ത് കരയുന്നതിനെക്കാൾ കൂടുതൽ കരയുന്നത് സമൂഹത്തിൽ നിന്ന് പൂർണമായും ഒറ്റപ്പെട്ടതിലുള്ള വിഷമത്താലാണ്.

കരച്ചിൽ വാസ്തവത്തിൽ ഒരു ദൈവാനുഗ്രഹമാണ്. സന്തോഷത്താലും സങ്കടത്താലും മനുഷ്യൻ കരയാറുണ്ട്. കുഞ്ഞ് ജനിച്ച വാർത്ത കേൾക്കുമ്പോൾ ഉറ്റവരുടെ കണ്ണുകൾ നിറഞ്ഞൊഴുകുന്നത് സന്തോഷം കൊണ്ടാണ്.

അബ്ദുൽ അഅ്‌ലാ അത്തൈമീ(റഹി) പറഞ്ഞു: 'അറിവുണ്ടായിട്ടും കരയാത്തവൻ ഉപകാരപ്രദമായ അറിവ് കിട്ടാത്തവനെപ്പോലെയാണ്. കാരണം അറിവുള്ളവരെ അല്ലാഹു വിശേഷിപ്പിച്ചത് ഇപ്രകാരമാണ്: "(നബിയേ,) പറയുക: നിങ്ങൾ ഇതിൽ (ക്വുർആനിൽ) വിശ്വസിച്ച് കൊള്ളുക. അല്ലെങ്കിൽ വിശ്വസിക്കാതിരിക്കുക. തീർച്ചയായും ഇതിന് മുമ്പ് (ദിവ്യ)ജ്ഞാനം നൽകപ്പെട്ടവരാരോ അവർക്ക് ഇത് വായിച്ചുകേൾപിക്കപ്പെട്ടാൽ അവർ പ്രണമിച്ച് കൊണ്ട് മുഖംകുത്തി വീഴുന്നതാണ്. അവർ പറയും: ഞങ്ങളുടെ രക്ഷിതാവ് എത്ര പരിശുദ്ധൻ! തീർച്ചയായും ഞങ്ങളുടെ രക്ഷിതാവിന്റെ വാഗ്ദാനം നടപ്പിലാക്കപ്പെടുന്നതു തന്നെയാകുന്നു. അവർ കരഞ്ഞുകൊണ്ട് മുഖംകുത്തി വീഴുകയും അതവർക്ക് വിനയം വർധിപ്പിക്കുകയും ചെയ്യും' (ക്വുർആൻ 17:107-109).

## നല്ല കരച്ചിൽ

കരച്ചിലിൽ നന്മയായതും തിന്മയായതുമുണ്ട്. ഒരു അടിമ അല്ലാഹുവിനെ ഭയന്ന് കൊണ്ടോ ക്വുർആൻ കേൾക്കുമ്പോഴോ, ഗുണപാഠം ഉൾക്കൊണ്ടും ചിന്തിച്ചും താക്കീതുകളെ കുറിച്ചോർത്തും കൊണ്ടോ കരയുന്നത് നല്ല കരച്ചിലാണ്. ഉറ്റവരെ നഷ്ടപ്പെടുമ്പോഴുള്ള കാരുണ്യത്തിന്റെ കരച്ചിലും ഈ ഗണത്തിൽ പെടും.

## ചീത്ത കരച്ചിൽ

കാപട്യത്തിന്റെ കരച്ചിൽ, ബഹളംവെച്ചുള്ള കരച്ചിൽ...തുടങ്ങിയവയൊക്കെ ചീത്ത കരച്ചിലാണ്. കാപട്യത്തിന്റെ കരച്ചിലിന് ഉദാഹരണമാണ് യൂസുഫ് നബി(അ)യുടെ സഹോദങ്ങൾ അദ്ദേഹത്തെ പൊട്ടക്കിണറ്റിലേക്ക് വലിച്ചെറിഞ്ഞശേഷം തങ്ങളുടെ പിതാവിന്റെ മുമ്പിൽ വന്ന് യൂസുഫിനെ ചെന്നായ പിടിച്ചു എന്ന് പറഞ്ഞ് കരഞ്ഞത്. അല്ലാഹു അത് ഇപ്രകാരം പറഞ്ഞുതരുന്നു: "അവർ സന്ധ്യാസമയത്ത് അവരുടെ പിതാവിന്റെ അടുക്കൽ കരഞ്ഞുകൊണ്ട് ചെന്നു" (ക്വുർആൻ 12:16).

## ക്വുർആൻ പരിചയപ്പെടുത്തിയ കരച്ചിൽ

അല്ലാഹുവാണ് നമ്മെ കരയിപ്പിക്കുന്നവൻ. അല്ലാഹു പറയുന്നു: "അവൻ തന്നെയാണ് ചിരിപ്പിക്കുകയും കരയിക്കുകയും ചെയ്തതെന്നും..." (ക്വുർആൻ 53:43).

യഥാർഥ വിശ്വാസി വെറും കളിയും ചിരിയുമായി ജീവിതം തള്ളിനീക്കുകയല്ല ചെയ്യുക. നശ്വരമായ ജീവിത സുഖങ്ങൾ അനുഭവിക്കുമ്പോൾ മതിമറന്ന് ജീവിക്കുന്നത് നല്ലതല്ല എന്ന് അല്ലാഹു

പഠിപ്പിക്കുന്നുണ്ട്. തബൂക്ക് യുദ്ധത്തിൽ നിന്ന് പിന്തിനിന്ന കപട വിശ്വാസികൾ, യുദ്ധത്തിന് പോയ നബിﷺയും അനുചരന്മാരും അനുഭവിച്ച പ്രയാസങ്ങളിൽ നിന്ന് രക്ഷപ്പെട്ടതോർത്ത് സന്തോഷിക്കുമ്പോൾ ക്വുർആൻ അവരെ ഓർമപ്പെടുത്തുന്നു: "അതിനാൽ അവർ അൽപം ചിരിക്കുകയും കൂടുതൽ കരയുകയും ചെയ്തുകൊള്ളട്ടെ; അവർ ചെയ്തു വെച്ചിരുന്നതിന്റെ ഫലമായിട്ട്" (ക്വുർആൻ 9:82).

## വിശ്വാസത്തിന്റ ഭാഗമായ കരച്ചിൽ

കരയുക എന്നത് വിശ്വാസത്തിന്റെ അടയാളമാണ്. അല്ലാഹു പഠിപ്പിച്ചു: "അല്ലാഹു അനുഗ്രഹം നൽകിയിട്ടുള്ള പ്രവാചകൻമാരത്രെ അവർ. ആദമിന്റെ സന്തതികളിൽ പെട്ടവരും നൂഹിനോടൊപ്പം നാം കപ്പലിൽ കയറ്റിയവരിൽ പെട്ടവരും ഇബ്‌റാഹീമിന്റെയും ഇസ്‌റാഈലിന്റെയും സന്തതികളിൽ പെട്ടവരും നാം നേർവഴിയിലാക്കുകയും പ്രത്യേകം തെരഞ്ഞെടുക്കുകയും ചെയ്തവരിൽ പെട്ടവരുമത്രെ അവർ. പരമകാരുണികന്റെ തെളിവുകൾ അവർക്ക് വായിച്ചു കേൾപിക്കപ്പെടുന്ന പക്ഷം പ്രണമിക്കുന്നവരും കരയുന്നവരുമായിക്കൊണ്ട് അവർ താഴെ വീഴുന്നതാണ്" (ക്വുർആൻ 19:58).

## അല്ലാഹുവിനെക്കുറിച്ച് ആലോചിച്ച് കരയുന്നവർ

ഇമാം തിർമിദി ഉദ്ധരിക്കുന്ന ഒരു ഹദീഥിൽ ഇങ്ങനെ കാണാം: അല്ലാഹുവിന്റെ റസൂൽﷺ പറഞ്ഞു: "അല്ലാഹുവിനെ ഭയപ്പെട്ട് കരഞ്ഞവനെ നരകം സ്പർശിക്കില്ല; പാല് അകിടിലേക്ക് മടങ്ങുന്നത് വരെ" (തിർമുദി)

പരലോകത്ത് അർശിന്റെ തണൽ ലഭിക്കുന്ന ഏഴു വിഭാഗം ആളുകളിൽ ഒരു വിഭാഗം അല്ലാഹുവിനെക്കുറിച്ച് കേട്ടപ്പോൾ കരഞ്ഞവരാണ് (മുസ്‌ലിം).

നബിﷺ പറഞ്ഞു: "രണ്ടു കണ്ണുകളെ നരകം സ്പർശിക്കില്ല. അല്ലാഹു വിനെക്കുറിച്ച് ഓർത്ത് കരഞ്ഞ കണ്ണും അല്ലാഹുവിന്റെ മാർഗത്തിൽ രാത്രി കാവലിരുന്ന് ഉറക്കം ഒഴിവാക്കിയ കണ്ണും" (തിർമുദി)

അബ്ദുല്ലാഹിബ്നു ഉമർؓ ഒരിക്കൽ പറഞ്ഞു: "ആയിരം ദീനാർ ധർമം കൊടുക്കുന്നതിനെക്കാൾ എനിക്കിഷ്ടം അല്ലാഹുവനെക്കുറിച്ച് ഓർത്ത് കരയുന്നതാണ്."

## പാപങ്ങളെക്കുറിച്ച് ആലോചിച്ച് കരയുക

സൗബാൻؓവിൽ നിന്ന് നിവേദനം: നബിﷺ പറഞ്ഞു: "സ്വന്തത്തെ നിയന്ത്രിക്കുകയും വീട് വിശാലമാവുകയും പാപങ്ങളെക്കുറിച്ച് ഓർത്ത് കരയുകയും ചെയ്തവന് മംഗളം" (ത്വബ്‌റാനി).

ജീവിതത്തിൽ പാപങ്ങൾ ഏറെ ചെയ്തവരാണ് മനുഷ്യരായ നാം. നമ്മുടെ പാപങ്ങൾ നമ്മെ നൊമ്പരപ്പെടുത്താറുണ്ടോ? എപ്പോഴെങ്കിലും ചെയ്ത തെറ്റുകളെക്കുറിച്ച് ആലോചിച്ച് നാം കരഞ്ഞിട്ടുണ്ടോ?

ഇബ്നുമസ്ഊദ്ؓ വിനോട് ഒരാൾ ഉപദേശം ചോദിച്ചു. അദ്ദേഹം പറഞ്ഞു: "നിന്റെ വീട് നീ വിശാലമാക്കുക, നിന്റെ പാപങ്ങളെക്കുറിച്ച് ആലോചിച്ച് നീ കരയുക, നിന്റെ നാവിനെ നീ പിടിച്ച് വെക്കുക."

## അനുവദിക്കപ്പെട്ട കരച്ചിൽ

നബിﷺ കരഞ്ഞ കുറെ സന്ദർഭങ്ങൾ പ്രമാണങ്ങളിൽ നമുക്ക് കാണാം. നമസ്‌കാരത്തിൽ ക്വുർആൻ പാരായണം ചെയ്തു നബിﷺ കരഞ്ഞിട്ടുണ്ട്. പേരക്കുട്ടി മരണപ്പെട്ടപ്പോൾ കരഞ്ഞിട്ടുണ്ട്. ബദ്ർ യുദ്ധത്തിന്റെ മുമ്പ് നബിﷺ ഇരു കൈകളും ആകാശത്തേക്ക് ഉയർത്തി നിറഞ്ഞ കണ്ണുകളോട് കൂടി അല്ലാഹുവിനോട് ദുആ ചെയ്തിട്ടുണ്ട്. രാത്രി നമസ്‌കാരത്തിൽ സൂറത്തു ആലുഇംറാനിലെ അവസാന ആയത്തുകൾ പാരായണം ചെയ്ത് നബിﷺ കരഞ്ഞു. തന്റെ മാതാവിന്റെ ക്വബ്ർ സന്ദർശിച്ച സന്ദർഭത്തിലും പ്രവാചക തിരുമേനി കരഞ്ഞിട്ടുണ്ട്.

## വിരോധിച്ച കരച്ചിൽ

ഇസ്‌ലാം നിരോധിച്ചതാണ് മയ്യിത്തിന്റെ സമീപത്ത് വെച്ച് വാവിട്ട് കരയുന്നത്. മരിച്ച വ്യക്തിക്ക് ബന്ധുക്കളുടെ ആ കരച്ചിൽ കാരണം ശിക്ഷ ലഭിക്കും എന്നുവരെ നബിﷺ പഠിപ്പിച്ചിട്ടുണ്ട്. കരയാൻ വേണ്ടി ആളുകളെ നിശ്ചയിക്കുന്ന സമ്പ്രദായം അജ്ഞാനകാലത്തുണ്ടായിരുന്നു.

## കരയുക, നാളെക്ക് വേണ്ടി

ഇന്നത്തെ നഷ്ടങ്ങൾ നശ്വരമാണ്. നഷ്ടപ്പെട്ടതിനെക്കാൾ നല്ലത് ഈ ലോകത്ത് വെച്ച് തന്നെ ചിലപ്പോൾ നമുക്ക് ലഭിച്ചേക്കാം. പക്ഷേ, മരണാനന്തര ജീവിതം നഷ്ടമായാൽ തിരിച്ചെടുക്കാൻ സാധ്യമല്ല എന്ന ബോധമുണ്ടാവണം. മൂന്നാം ഖലീഫ ഉസ്മാൻؓ ക്വബ്ർ കാണുമ്പോൾ കരയുമായിരുന്നു. അദ്ദേഹത്തോട് അതിനെക്കുറിച്ച് ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞത് 'ആങ്കെിലും ക്വബ്റിലെ ശിക്ഷയിൽ നിന്ന് രക്ഷപ്പെട്ടാൽ അവൻ പരലോകത്ത് രക്ഷപ്പെടും' എന്നാണ്. നമ്മുടെ കണ്ണുകൾ നിറയേണ്ടതും പരലോകത്തിന് വേണ്ടിയാവണം.

ആത്മാർഥമായ കരച്ചിൽ അല്ലാഹുവിനെ ഭയക്കുന്നു എന്നതിന്റെ തെളിവാണ്. ദീനിൽ അടിയുറച്ച് നിൽക്കുന്നതിന്റെ തെളിവാണ്. കരഞ്ഞാൽ അല്ലാഹുവിനെ ഭയമുണ്ടാകും. അല്ലാഹുവിനെ ഭയക്കൽ ശരിയായ വിശ്വാസത്തിന്റെ തെളിവുമാണ്. അല്ലാഹുവിന്റെ സ്നേഹവും തൃപ്തിയും നേടാനുള്ള മാർഗമാണ് കരച്ചിൽ, ഹൃദയ നൈർമല്യത്തിന്റെ തെളിവാണ് കരച്ചിൽ, ഭയഭക്തരുടെ അടയാളമാണ് കരച്ചിൽ...

ജംഷീന, കൽപ്പറ്റ
mail@nerpatham.com



# റമദാനിനു ശേഷം...?

ഇഹലോകത്ത് സമാധാനപൂർണമായ ജീവിതവും പരലോകത്ത് ശാശ്വതമായ സ്വർഗവും കൊതിക്കുന്നവരുടെ മുമ്പിൽ പ്രതീക്ഷയുടെ തിരിനാളമാണ് വിശുദ്ധ ക്വുർആൻ. അത് മനസ്സുകളിലെ ഇരുളുകളകറ്റുകയും അതിനെ വിമലീകരിക്കുകയും ചെയ്യുന്നു. മാത്രമല്ല "തീർച്ചയായും ഈ ക്വുർആൻ ഏറ്റവും ശരിയായതിലേക്ക് വഴികാണിക്കുന്നു" എന്ന് ക്വുർആൻ (17:9) തന്നെ പ്രഖ്യാപിക്കുകയും ചെയ്യുന്നു.

എന്നിട്ടും സമൂഹം ഘനാന്ധകാരത്തിൽനിന്നും കരകയറാത്തതിന് കാരണമെന്താണ്? ക്വുർആനിനോടും ഹദീഥിനോടും പുറംതിരിഞ്ഞു നിൽക്കുന്നതു തന്നെ കാരണം. അവ രണ്ടും പഠിക്കാൻ മാത്രം സമയമില്ല. ബിസിയോടു ബിസിയാണ് എല്ലാവരും!

ചിലർക്ക് റമദാനിൽ മാത്രം ഓതാനുള്ളതാണ് ക്വുർആൻ! അർഥവും ആശയവും മനസ്സിലാക്കേണ്ട ആവശ്യമേ ഇല്ലാത്തതു പോലെ! ഒരു ചടങ്ങെന്ന നിലയ്ക്ക് ആണ്ടുതോറും ഒരു വട്ടം ഓതിത്തീർക്കുന്നു. അതിന്റെ വെളിച്ചം സ്വീകരിക്കാൻ തയ്യാറാകുന്നുമില്ല. ചിന്തിക്കാനുള്ള ക്വുർആനിന്റെ ആഹ്വാനം അവർക്ക് ബാധകമല്ലാത്തതു പോലെ.

“അപ്പോൾ അവർ ക്വുർആൻ ചിന്തിച്ചുമനസ്സിലാക്കുന്നില്ലേ? അതല്ല, ഹൃദയങ്ങളിൻമേൽ പൂട്ടുകളിട്ടിരിക്കയാണോ?” (47:24).

ഇന്റർനെറ്റ്...ഫെയ്സ്ബുക്ക്...വാട്സപ്പ്...സംഗീതം...! ഇവ ദിനേന എത്രയോ മണിക്കൂറുകൾ അനാവശ്യമായി കാർന്നുതിന്നുന്നു! അതിൽ ആർക്കും വിഷമമില്ല. അതിന് സമയക്കുറവില്ല; ബിസിയും!

മണിക്കൂറുകളും രാപ്പകലുകളും മാറിമറിയുമ്പോൾ ഈ ദുനിയാവിൽ അനുവദിക്കപ്പെട്ട സമയത്തിൽ വരുന്ന കുറവിനെക്കുറിച്ച് ചിന്തിക്കാൻ മിക്ക ആളുകളും തയ്യാറാകുന്നില്ല.

ഗതകാല ജീവിതത്തിലേക്ക് ഒന്ന് തിരിഞ്ഞുനോക്കുക. അല്ലാഹു നൽകിയ എണ്ണമറ്റ അനുഗ്രഹങ്ങൾ ആസ്വദിച്ചുകൊണ്ടാണ് നാം ജീവിച്ചത്; ഇപ്പോൾ ജീവിക്കുന്നതും. പരലോക വിജയത്തിനായി നാം എന്തൊക്കെ മുന്നൊരുക്കം നടത്തിയിട്ടുണ്ട്? നമ്മുടെ ജീവിത സമ്പാദ്യം കൊണ്ട് നന്മയുടെ തുലാസോ തിന്മയുടെ തുലാസോ കനം തൂങ്ങുക? പറയത്തക്ക നന്മയൊന്നും സമ്പാദ്യമായി ഇല്ല എങ്കിൽ, തിന്മയാണ് മുന്നിട്ടു നിൽക്കുന്നതെങ്കിൽ ഇനിയും സമയം വൈകിയിട്ടില്ലെന്നറിയുക. തെറ്റുകൾ മനുഷ്യ സഹജമാണ്. സ്രഷ്ടാവിലേക്ക് ഖേദിച്ച് മടങ്ങുക. തെറ്റുകൾ ആവർത്തിക്കാതിരിക്കുക.

നമ്മുടെ വസ്ത്രധാരണ രീതിയും ജീവിത ശൈലിയും തീരുമാനിക്കുന്നത് പരസ്യക്കമ്പനികളോ സിനിമ, സ്പോർട്സ് താരങ്ങളോ കൂട്ടുകാരോ ആയിക്കൂടാ; ഇസ്ലാമിക പ്രമാണങ്ങളായിരിക്കണം. അതിൽ അഭിമാനിക്കാൻ നമുക്കാവണം. വസ്ത്രത്തിന്റെ ധർമം ശരിയാംവണ്ണം നിർവഹിക്കാത്ത, മാന്യതയ്ക്കും മനുഷ്യത്വത്തിനും നിരക്കാത്ത വസ്ത്രധാരണ രീതികൊണ്ട് നമുക്കെന്ത് നേട്ടം? കോട്ടങ്ങൾ എമ്പാടുമുണ്ട് താനും.

നേരെ നടന്നാൽ സമൂഹം പഴഞ്ചനെന്നും ആധുനിക ലോകത്ത് ജീവിക്കാൻ അർഹതയില്ലാത്തവൻ എന്നുമൊക്കെ മുദ്ര കുത്തിയേക്കാം. വെറുതെ ജീവിത സുഖങ്ങൾ പാഴാക്കിക്കളയുന്നവൻ എന്ന് പരിഹസിച്ചേക്കാം. എന്നാൽ ഓർക്കുക; ഐഹിക ജീവിതം വളരെ ഹ്രസ്വമാണ്. അതിൽ നഷ്ടപ്പെട്ട ഒരു സെക്കന്റ് പോലും തിരിച്ചു പിടിക്കാൻ കഴിയില്ല; ഒരാൾക്കും.

നബിﷺ പറഞ്ഞു: “ആരെങ്കിലും ഇഹലോകത്തെ സ്നേഹിച്ചാൽ പരലോകത്ത് അത് നഷ്ടമുണ്ടാക്കും. ആരെങ്കിലും പരലോകത്തെ സ്നേഹിച്ചാൽ ഇഹലോകത്ത് അത് നഷ്ടമുണ്ടാക്കും. അതുകൊണ്ട് നശിക്കുന്നതിനെക്കാൾ ശേഷിക്കുന്നതിന് നിങ്ങൾ പ്രാധാന്യം നൽകുക” (അഹ്മദ്, ബൈഹഖി).

ഇബ്നു മസ്ഊദ്ؓ നിവേദനം. നബിﷺപറഞ്ഞു: “നിങ്ങളിൽ ആർക്കാണ് സ്വന്തം സ്വത്തിനെക്കാൾ



തന്റെ അനന്തരാവകാശികളുടെ സ്വത്തിനോട് പ്രിയമുണ്ടാവുക?” അവർ പറഞ്ഞു: “അല്ലാഹുവിന്റെ ദൂതരേ, ഞങ്ങളിലെല്ലാവർക്കും കൂടുതൽ പ്രിയം അവനവന്റെ സ്വത്തിനോടു തന്നെയാണ്. അങ്ങനെയല്ലാത്ത ഒരാളും ഞങ്ങളിലില്ല”. നബിﷺ പറഞ്ഞു: “എന്നാൽ ഒരാളുടെ സ്വന്തം സ്വത്ത് അയാൾ മുൻകൂട്ടി ചെലവുചെയ്തതത്രെ. പിന്നേക്ക് എടുത്തുവെച്ചത് അയാളുടെ അനന്തരാവകാശികളുടെ സ്വത്താണ്”. (ബുഖാരി)

സ്വത്തിനോടുള്ള അമിതാർത്തി ഇല്ലാതാക്കുകയും മരണചിന്തയുണർത്തുകയും ചെയ്യുന്ന നബിവചനമാണ് മുകളിൽ കൊടുത്തത്. വർത്തമാനകാലത്ത് ഒരാൾ എന്തിന്റെയൊക്കെ ഉടമസ്ഥനും അധിപനുമാണെങ്കിലും അയാൾക്കതെല്ലാം ഏതുനിമിഷവും നഷ്ടപ്പെട്ടേക്കാം. സർവവിധ ആസ്വാദനങ്ങളെയും തകർത്തുകളയുന്ന മരണം ഒരു മനുഷ്യനെ അവൻ ഉടുത്തുകൊണ്ടിരിക്കുന്ന വസ്ത്രത്തിന്റെ പോലും ഉടമയല്ലാതാക്കി മാറ്റുന്നു! അയാളുടെ സ്വത്തിന്റെയും ഉടുതുണിയുടെ പോലും അവകാശി അവനല്ല; അവന്റെ അനന്തരാവകാശിയാണെന്നർഥം.

അതിനാൽ മതത്തെ റമദാനിൽ ഒതുക്കാതിരിക്കുക. അത് വിശ്വാസിയുടെ ജീവവായുവാണ്. ഓരോ സെക്കന്റിലും ഒരു മുസ്ലിം മുസ്ലിമായിരിക്കണം, മുഅ്മിനായിരിക്കണം.

ഹുസൈൻ സലഫി, ഷാർജ
hsalafi@gmail.com





# വെല്ലുവിളി ഏറ്റെടുക്കുന്നു

**അ**ല്ലാഹുവാണ് ഭൂമിയിൽ നമ്മെ സൃഷ്ടിച്ചത്. ഒരുനാൾ മണ്ണിലേക്ക് നാം മടക്കപ്പെടും. അതിൽ നിന്ന് വീണ്ടും അവൻ നമ്മെ പുറത്ത് കൊണ്ടുവരും. ഓരോരുത്തരെ സംബന്ധിച്ചും ശരിയായി അറിയുന്ന അല്ലാഹു അവന്റെ അടിമകൾക്കിടയിൽ അന്ന് ഒട്ടും അനീതി കാണിക്കാതെ തീർപ്പ് കൽപിക്കുകയും ചെയ്യും. പൂർവികരുടെ സ്ഥിതി എന്താകും എന്ന് ആലോചിച്ച് സത്യത്തോട് വിമുഖത കാണിക്കുകയല്ല; നമ്മുടെ സ്ഥിതി എന്താകും എന്ന് ആലോചിച്ച് സത്യത്തിലേക്ക് വരികയാണ് ബുദ്ധിയുള്ളവർ ചെയ്യേണ്ടത്.

മൂസാനബിﵺന്റെ പ്രതികരണം ഫിർഔനിനെ വല്ലാതെ വിഷമിപ്പിച്ചു. അവൻ ശരിക്കും ഇളിഭ്യനായി. എന്താണ് ഇതിനൊരു ഖണ്ഡനം നൽകുക? ഒന്നും നൽകുവാനില്ല! അവസാനം ജാള്യത മറച്ചുവെക്കാൻ ചുറ്റും കൂടിയവരോട് അവൻ ചോദിച്ചു:

"അവൻ (ഫിർഔൻ) തന്റെ ചുറ്റുമുള്ളവരോട് പറഞ്ഞു: എന്താ നിങ്ങൾ ശ്രദ്ധിച്ചു കേൾക്കുന്നില്ലേ?" (ക്വുർആൻ 26:25).

തുടക്കത്തിൽ ഫിർഔൻ മൂസാﵺനോട് മാത്രമാണല്ലോ സംസാരിച്ചത്. ഇപ്പോൾ സദസ്സിലുള്ളവരെയെല്ലാം തന്റെ കൂടെ ഉറപ്പിച്ച് നിർത്തുന്നതിന് വേണ്ടിയായിരുന്നു ഈ ചോദ്യം. ഉടനെ മൂസാﵺ സദസ്സ്യരോട് കൂടി എന്ന നിലയിൽ മറ്റൊരു മറുപടി നൽകി:

“അദ്ദേഹം (മൂസാ) പറഞ്ഞു: നിങ്ങളുടെ രക്ഷിതാവും നിങ്ങളുടെ പൂർവ പിതാക്കളുടെ രക്ഷിതാവുമത്രെ (അവൻ) (26:26).

ഫിർഔനിന് ആ കാലത്തും ആ നാട്ടിലും ഉള്ളവരെ മാത്രമാണല്ലോ ഭരിക്കുവാനും തന്റെ വരുതിയിൽ കൊണ്ടുവരാനും സാധിച്ചിട്ടുള്ളത്. അവരെയോ അവരുടെ പൂർവികരെയോ സൃഷ്ടിക്കുകയോ അവർക്ക് ഭൂമിയിൽ നിന്ന് ധാന്യം മുളപ്പിച്ച് അന്നം നൽകി പോറ്റി വളർത്തുകയോ ചെയ്തവനല്ലല്ലോ ഫിർഔൻ. താനാണ് ഉന്നതനായ രക്ഷിതാവ് എന്നു പറഞ്ഞ് അഹങ്കരിക്കുന്നതിന്റെ നിരർഥകത ലളിതമായ ചോദ്യത്തിലൂടെ വ്യക്തമാക്കിക്കൊടുക്കുവാൻ മൂസാനബി﵇ന് സാധിച്ചു. അതിനൊന്നും വ്യക്തമായ മറുപടി പറയാൻ കഴിയാതെ ഫിർഔൻ വിഷയം മാറ്റാൻ ശ്രമിച്ചു:

“അവൻ (ഫിർഔൻ) പറഞ്ഞു: നിങ്ങളുടെ അടുത്തേക്ക് നിയോഗിക്കപ്പെട്ട നിങ്ങളുടെ ഈ ദൂതനുണ്ടല്ലോ തീർച്ചയായും അവൻ ഒരു ഭ്രാന്തൻ തന്നെയാണ്” (ക്വുർആൻ 26:27).

ഈ ആക്ഷേപം വകവെക്കാതെ മൂസാനബി﵇ വീണ്ടും അല്ലാഹുവിന്റെ കഴിവും ഫിർഔനിന്റെ കഴിവുകേടും വ്യക്തമാക്കിക്കൊണ്ട് പറഞ്ഞു: “...ഉദയസ്ഥാനത്തിന്റെയും അസ്തമയസ്ഥാനത്തിന്റെയും അവയ്ക്കിടയിലുള്ളതിന്റെയും രക്ഷിതാവത്രെ (അവൻ). നിങ്ങൾ ചിന്തിച്ചു മനസ്സിലാക്കുന്നവരാണെങ്കിൽ.” (ക്വുർആൻ 26:28).

അല്ലാഹുവിന്റെ വിപുലമായ കഴിവിനെക്കുറിച്ചുള്ള ഈ വിശദീകരണം താൻ ഒരു ചെറിയ രാജ്യത്തിന്റെ ഭരണാധികാരി മാത്രമാണെന്ന് അറിവുള്ള ഫിർഔനിനെ കോപിഷ്ഠനാക്കി. ആദർശം പറഞ്ഞ് പിടിച്ചുനിൽക്കാൻ കഴിയില്ലെന്നായപ്പോൾ ഭീഷണി പുറത്തെടുത്തു:

“അവൻ (ഫിഔൻ) പറഞ്ഞു: ഞാനല്ലാത്ത വല്ല ദൈവത്തേയും നീ സ്വീകരിക്കുകയാണെങ്കിൽ തീർച്ചയായും നിന്നെ ഞാൻ തടവുകാരുടെ കൂട്ടത്തിലാക്കുന്നതാണ്” (ക്വുർആൻ 26:29).

ഭീഷണിക്കു മുമ്പിൽ പതറാതെ മൂസാ﵇ പറഞ്ഞു:

“...സ്പഷ്ടമായ എന്തെങ്കിലും തെളിവ് ഞാൻ നിനക്ക് കൊണ്ടുവന്നു കാണിച്ചാലും (നീ സമ്മതിക്കുകയില്ലേ?). അവൻ (ഫിർഔൻ) പറഞ്ഞു: എന്നാൽ നീ അത് കൊണ്ട് വരിക; നീ സത്യവാന്മാരിൽ പെട്ടവനാണെങ്കിൽ. അപ്പോൾ അദ്ദേഹം (മൂസാ) തന്റെ വടി താഴെയിട്ടു. അപ്പോഴതാ അത് പ്രത്യക്ഷമായ ഒരു സർപ്പമായി മാറുന്നു. അദ്ദേഹം തന്റെ കൈ പുറത്തേക്കെടുക്കുകയും ചെയ്തു. അപ്പോഴതാ അത് കാണികൾക്ക് വെള്ളനിറമാകുന്നു” (ക്വുർആൻ 26:30-33).

**ഫിർഔനിന് ആ കാലത്തും ആ നാട്ടിലും ഉള്ളവരെ മാത്രമാണല്ലോ ഭരിക്കുവാനും തന്റെ വരുതിയിൽ കൊണ്ടുവരാനും സാധിച്ചിട്ടുള്ളത്. അവരെയോ അവരുടെ പൂർവികരെയോ സൃഷ്ടിക്കുകയോ അവർക്ക് ഭൂമിയിൽ നിന്ന് ധാന്യം മുളപ്പിച്ച് അന്നം നൽകി പോറ്റി വളർത്തുകയോ ചെയ്തവനല്ലല്ലോ ഫിർഔൻ. താനാണ് ഉന്നതനായ രക്ഷിതാവ് എന്നു പറഞ്ഞ് അഹങ്കരിക്കുന്നതിന്റെ നിരർഥകത ലളിതമായ ചോദ്യത്തിലൂടെ വ്യക്തമാക്കിക്കൊടുക്കുവാൻ മൂസാനബി﵇ന് സാധിച്ചു. അതിനൊന്നും വ്യക്തമായ മറുപടി പറയാൻ കഴിയാതെ ഫിർഔൻ വിഷയം മാറ്റാൻ ശ്രമിച്ചു**

തെളിവുകൾ അവൻ കണ്ടു. പക്ഷേ, മുഖം തിരിച്ചുകളഞ്ഞു. ആ സന്ദർഭത്തിൽനിന്ന് രക്ഷപ്പെടുന്നതിനായി കുത്തു വാക്കുകൾ പറഞ്ഞ് ആളുകൾക്കിടയിൽ മൂസാനബി﵇യെ കൊച്ചാക്കുവാനായി പിന്നീടുള്ള ശ്രമം:

“അവൻ (ഫിർഔൻ) പറഞ്ഞു: കുട്ടിയായിരുന്നപ്പോൾ ഞങ്ങളുടെ കൂട്ടത്തിൽ നിന്നെ ഞങ്ങൾ വളർത്തിയില്ലേ? നിന്റെ ആയുസ്സിൽ കുറെ കൊല്ലങ്ങൾ ഞങ്ങളുടെ ഇടയിൽ നീ കഴിച്ചുകൂട്ടിയിട്ടുമുണ്ട്. നീ ചെയ്ത നിന്റെ ആ (ദുഷ്) പ്രവൃത്തി നീ ചെയ്യുകയുമുണ്ടായി. നീ നന്ദികെട്ടവരുടെ കൂട്ടത്തിൽ തന്നെയാകുന്നു. അദ്ദേഹം (മൂസാ) പറഞ്ഞു: ഞാൻ അന്ന് അത് ചെയ്യുകയുണ്ടായി. എന്നാൽ ഞാൻ പിഴവ് പറ്റിയവരുടെ കൂട്ടത്തിലായിരുന്നു. അങ്ങനെ നിങ്ങളെപ്പറ്റി ഭയം തോന്നിയപ്പോൾ ഞാൻ നിങ്ങളിൽ നിന്ന് ഓടിപ്പോയി. അനന്തരം എന്റെ രക്ഷിതാവ് എനിക്ക് തത്ത്വജ്ഞാനം നൽകു

കയും, അവൻ എന്നെ ദൂതന്മാരിൽ ഒരാളാക്കുകയും ചെയ്തു. എനിക്ക് നീ ചെയ്തു തന്നതായി നീ എടുത്തുപറയുന്ന ആ അനുഗ്രഹം ഇസ്റാഈൽ സന്തതികളെ നീ അടിമകളാക്കി വെച്ചതിനാൽ ഉണ്ടായതത്രെ" (ക്വുർആൻ 26:1822).

താൻ റബ്ബാണെന്നുള്ള വാദം സ്ഥാപിക്കുവാനും യഥാർഥ റബ്ബ് അല്ലാഹുവാണെന്ന് മൂസാനബി عليه السلام പറഞ്ഞതിനെ ഖണ്ഡിക്കുവാനും കഴിയാത്തതിനാൽ ആളുകൾക്കിടയിൽ താൻ ചെറുതായിപ്പോയി എന്ന് മനസ്സിലാക്കിയ ഫിർഔൻ കഴിഞ്ഞ കാല സംഭവങ്ങൾ എടുത്തുപറയാൻ തുടങ്ങി. മൂസാനബി عليه السلام അതിനെ എതിർത്ത് ഒന്നും പറഞ്ഞതുമില്ല. 'ഞാൻ അന്ന് അത് ചെയ്യുകയുണ്ടായി. എന്നാൽ ഞാൻ പിഴവ് പറ്റിയവരുടെ കൂട്ടത്തിലായിരുന്നു' എന്ന് ക്വിബ്തിയുടെ മരണവുമായി ബന്ധപ്പെട്ട വിഷയത്തിൽ അദ്ദേഹം തുറന്ന് പറയും ചെയ്തു.

'ഞാൻ പിഴവ് പറ്റിയവരുടെ കൂട്ടത്തിലായിരുന്നു' എന്ന് പറഞ്ഞതിന്റെ ഉദ്ദേശം തന്റെ പക്കൽ കൈപ്പിഴ സംഭവിച്ചു എന്നാണ്. അല്ലാതെ വഴിപിഴച്ചവനായിരുന്നു എന്നല്ല. മൂസാ عليه السلام മനഃപൂർവ്വം ചെയ്തതല്ലല്ലോ. എന്നിടും അദ്ദേഹം നാടുവിട്ടത് തന്റെ ജീവൻ രക്ഷിക്കുവാനാണ്.

കൊട്ടാരത്തിൽ വളരേണ്ടിവന്നത് നിന്റെ കിരാതമായ നടപടികൾ മൂലമാണ്. അല്ലാഹു എന്നെ നബിയായി നിയോഗിച്ചിരിക്കുന്നു. ഇപ്പോൾ ഞാൻ നിങ്ങളുടെ മുമ്പിൽ നിൽക്കുന്നത് ആ നിലയിലാണ് എന്നെല്ലാം മൂസാ عليه السلام തുറന്നു പറയുകയാണ്.

മൂസാ عليه السلامന് ഫിർഔൻ ചെറുപ്പത്തിൽ ചെയ്തു കൊടുത്ത സഹായങ്ങളെ അയാൾ എടുത്ത് പറഞ്ഞതിനെ മൂസാ عليه السلام അംഗീകരിച്ചു കൊണ്ടാണ് സംസാരിച്ചതെന്ന് അഭിപ്രായപ്പെട്ട പണ്ഡിതന്മാർ ഉണ്ട്. 'ചെറുപ്പത്തിൽ എന്നെ നീ ഈ സൗകര്യങ്ങളെല്ലാം നൽകി വളർത്തിയല്ലോ. മേലിലും അത് ചെയ്യണം. ഇസ്റാഈൽ മക്കളെ നീ കഷ്ടപ്പെടുത്തരുത്. അവരെ എന്റെ കൂടെ നീ വിടുക' എന്നാകും അപ്പോൾ അതിന്റെ അർഥം.

മൂസാ عليه السلام വീണ്ടും തുടർന്നു: "...ഫിർഔനേ, തീർച്ചയായും ഞാൻ ലോകരക്ഷിതാവിങ്കൽ നിന്നുള്ള ദൂതനാകുന്നു. അല്ലാഹുവിന്റെ പേരിൽ സത്യമല്ലാതൊന്നും പറയാതിരിക്കാൻ കടപ്പെട്ടവനാണ് ഞാൻ. നിങ്ങളുടെ രക്ഷിതാവിങ്കൽ നിന്നുള്ള വ്യക്തമായ തെളിവും കൊണ്ടാണ് ഞാൻ നിങ്ങളുടെ അടുത്ത് വന്നിരിക്കുന്നത്. അതിനാൽ ഇസ്റഈൽ സന്തതികളെ എന്റെ കൂടെ അയക്കൂ. ഫിർഔൻ പറഞ്ഞു: നീ തെളിവും കൊണ്ട് തന്നെയാണ് വന്നിട്ടുള്ളതെങ്കിൽ അതിങ്ങ് കൊണ്ടുവാ; നീ സത്യവാന്മാരിൽ പെട്ടവനാണെങ്കിൽ. അപ്പോൾ മൂസാ തന്റെ വടി താഴെയിട്ടു. അപ്പോഴതാ അത് ഒരു പ്രത്യക്ഷമായ സർപ്പമാകുന്നു! അദ്ദേഹം തന്റെ കൈ പുറത്തെടുത്ത് കാണിച്ചു. അപ്പോഴതാ നിരീക്ഷിക്കുന്നവർക്കെല്ലാം അത് വെള്ളയായി കാണുന്നു. ഫിർഔനിന്റെ ജനതയിലെ പ്രമാണിമാർ പറഞ്ഞു: ഇവൻ നല്ല വിവരമുള്ള ജാലവിദ്യക്കാരൻ തന്നെ. നിങ്ങളെ നിങ്ങളുടെ നാട്ടിൽ നിന്ന് പുറത്താക്കാനാണ് അവൻ ഉദ്ദേ



**സത്യസന്ധനാണെങ്കിൽ നീ പറയുന്ന കാര്യങ്ങൾക്കുള്ള തെളിവ് ഹാജരാക്കുക എന്ന് വെല്ലുവിളിച്ച ഫിർഔനിന്റെ മുമ്പിൽ അല്ലാഹുവിന്റെ അനുമതി പ്രകാരം വലിയ രണ്ട് അത്ഭുതങ്ങൾ പ്രകടമാക്കി. ഈ സംഭവത്തിന് സാക്ഷികളായ പ്രമാണിമാർ പരിഹസിച്ചു തള്ളുകയാണുണ്ടായത്. 'ഇവൻ പഠിച്ച ജാലവിദ്യക്കാരനാണ്, നാട്ടിൽ നിന്ന് നിങ്ങളെ പുറത്താക്കി അവന് അധികാരം കൈയാളാനുള്ള തന്ത്രമാണിത് എന്നായിരുന്നു അവരുടെ വിലയിരുത്തൽ.**

ശിക്കുന്നത്. അതിനാൽ നിങ്ങൾക്കെന്താണ് നിർദേശിക്കാനുള്ളത്?" (ക്വുർആൻ 7:104-110).

ഞാൻ അല്ലാഹുവിന്റെ ദൂതനാണെന്നും അല്ലാഹുവിന്റെ പേരിൽ സത്യമല്ലാത്ത യാതൊന്നും ഞാൻ പറയില്ലെന്നും എന്റെ പക്കൽ വ്യക്തമായ പ്രമാണമുണ്ടെന്നും മൂസാﷺ ഫിർഔനിനോട് പറഞ്ഞു.

അല്ലാഹുവിലേക്ക് ക്ഷണിക്കുന്നതോടൊപ്പം അദ്ദേഹം പീഡിതരായ ബനൂഇസ്‌റാഈല്യരെ എന്റെ കൂടെ വിടൂ എന്ന് പറഞ്ഞ് കഷ്ടപ്പെടുന്ന ആ ജനതക്ക് വേണ്ടിയും ശബ്ദമുയർത്തി.

സത്യസന്ധനാണെങ്കിൽ നീ പറയുന്ന കാര്യങ്ങൾക്കുള്ള തെളിവ് ഹാജരാക്കുക എന്ന് വെല്ലുവിളിച്ച ഫിർഔനിന്റെ മുമ്പിൽ അല്ലാഹുവിന്റെ അനുമതി പ്രകാരം വലിയ രണ്ട് അത്ഭുതങ്ങൾ പ്രകടമാക്കി. ഈ സംഭവത്തിന് സാക്ഷികളായ പ്രമാണിമാർ പരിഹസിച്ചു തള്ളുകയാണുണ്ടായത്. 'ഇവൻ പഠിച്ച ജാലവിദ്യക്കാരനാണ്, നാട്ടിൽ നിന്ന് നിങ്ങളെ പുറത്താക്കി അവന് അധികാരം കൈയാളാനുള്ള തന്ത്രമാണിത്' എന്നായിരുന്നു അവരുടെ വിലയിരുത്തൽ.

അതിനാൽ ഇതിന് ഒരു പരിഹാരം കാണേണ്ടതുണ്ട്. അതിനായി അവർ കൂടിയാലോചന നടത്തി. കൊട്ടാരത്തിലെ പരിവാരങ്ങൾ ഫിർഔനോട് ഇപ്രകാരം പറഞ്ഞു:

"...അവന്നും അവന്റെ സഹോദരന്നും താങ്കൾ സാവകാശം നൽകുക. ആളുകളെ വിളിച്ചുകൂട്ടാൻ നഗരങ്ങളിലേക്ക് താങ്കൾ ദൂതന്മാരെ നിയോഗിക്കുകയും ചെയ്യുക. എല്ലാ വിവരമുള്ള ജാലവിദ്യക്കാരെയും അവർ താങ്കളുടെ അടുത്ത് കൊണ്ടു വരട്ടെ" (ക്വുർആൻ 26:36,37).

മൂസാﷺ നന്നായി ജാലവിദ്യ പഠിച്ചവനാണ്. അതിനാൽ അദ്ദേഹത്തെ ജാലവിദ്യക്കാരെ കൊണ്ടുതന്നെ പരാജയപ്പെടുത്തണം എന്ന തീരുമാനത്തിൽ അവരെത്തി. അല്ലാഹുവിങ്കൽ നിന്നുള്ള സത്യസന്ധമായ തെളിവാണെന്ന് മനസ്സിലാക്കേണ്ടുന്നതിന് പകരം അവർ അതിനെ ജാലവിദ്യയായി കളവാക്കി. അപ്പോൾ മൂസാﷺ അവരോട് ചോദിച്ചു:

"...സത്യം നിങ്ങൾക്ക് വന്നെത്തിയപ്പോൾ അതിനെപ്പറ്റി (ജാലവിദ്യയെന്ന്) നിങ്ങൾ പറയുകയോ? ജാലവിദ്യയാണോ ഇത്? (യഥാർഥത്തിൽ) ജാലവിദ്യക്കാർ വിജയം പ്രാപിക്കുകയില്ല" (ക്വുർആൻ 10:77).

മൂസാﷺ കാണിച്ചു കൊടുത്ത തെളിവുകളെ ബുദ്ധികൊണ്ട് വിലയിരുത്തി, തങ്ങൾ ഉണ്ടാക്കിയ ആദർശത്തെ സംരക്ഷിക്കുവാനാണ് അവർ തുനിഞ്ഞത്. ജാലവിദ്യക്കാർക്ക് അതിനെ സംബന്ധിച്ച് പിടിപാടില്ലാത്തവരുടെ അടുത്തേ പിടിച്ചുനിൽക്കാൻ സാധിക്കൂ. അതിനാൽ അത്തരക്കാർക്ക് തൽക്കാലം എന്തെങ്കിലും നേട്ടം കിട്ടിയാൽ തന്നെ ആത്യന്തികമായ വിജയം പ്രാപിക്കാൻ അവർക്ക് സാധിക്കില്ല. മൂസാﷺ ജാലവിദ്യക്കാരനാണെങ്കിൽ അദ്ദേഹത്തിനും വിജയിക്കാൻ കഴിയില്ല. അതിനെക്കാളും വലിയ സമർഥൻ വന്നാൽ പരാജിതനാകുമല്ലോ. മൂസാﷺ അവരെ കാണിച്ചത് ജാലവിദ്യ ആണെന്നാരോപിച്ച് എതിരാളികൾ പ്രകടിപ്പിക്കാൻ പോകുന്നത് സൃഷ്ടികളുടെ കരങ്ങളാൽ സംഭവിപ്പിക്കുന്നതാണ്. അതൊന്നും അല്ലാഹുവിന്റെ തെളിവിനെ വെല്ലാൻ മാത്രം പോന്നതല്ലല്ലോ.

**ഫിർഔനിന്റെ വിളിയാളം കേട്ട് രാജ്യത്തിന്റെ മുക്കുമൂലകളിൽ നിന്നുള്ള എല്ലാ ജാലവിദ്യക്കാരും ഒരുമിച്ചുകൂടി. കാരണം, വലിയ പ്രതിഫലമാണ് രാജാവ് പ്രഖ്യാപിച്ചിരിക്കുന്നത്. രാജാവിന്റെ അടുത്ത ആളാകുവാൻ കിട്ടിയ അസുലഭ അവസരം മുതലാക്കുവാൻ അവർ തീരുമാനിച്ചു. അവർ എൺപതിനായിരം പേരായിരുന്നുവെന്നും, പന്ത്രണ്ടായിരം പേരായിരുന്നു എന്നും, അതിൽ തന്നെ എഴുന്നൂറോളം വരുന്ന ജാലവിദ്യയിലെ തഴക്കവും പഴക്കവും ചെന്ന അറിയപ്പെട്ടവരായിരുന്നുവെന്നും അഭിപ്രായപ്പെട്ടവർ ഉണ്ട്.**

തങ്ങളുടെ പൂർവപിതാക്കളുടെ മാർഗത്തിൽനിന്ന് ഞങ്ങൾ വ്യതിചലിക്കില്ലെന്നും നിങ്ങളെ ഞങ്ങൾ വിശ്വസിക്കില്ലെന്നും അവർ തറപ്പിച്ചു പറഞ്ഞു:

"അവർ പറഞ്ഞു: ഞങ്ങളുടെ പിതാക്കന്മാർ എന്തൊന്നിൽ നിലകൊള്ളുന്നവരായി ഞങ്ങൾ കണ്ടുവോ അതിൽ നിന്ന് ഞങ്ങളെ തിരിച്ചുകളയാൻ വേണ്ടിയും ഭൂമിയിൽ മേധാവിത്വം നിങ്ങൾക്ക് രണ്ടു പേർക്കുമാകാൻ വേണ്ടിയുമാണോ നീ ഞങ്ങളുടെ അടുത്ത് വന്നിരിക്കുന്നത്? നിങ്ങൾ ഇരുവരെയും ഞങ്ങൾ വിശ്വസിക്കുന്നതേ അല്ല"(ക്വുർആൻ 10:78).

സത്യത്തിന്റെ വൈരികളുടെ ഏത് കാലത്തുമുള്ള ഒരു വാദമാണിത്. മക്കയിലെ മുശ്‌രിക്കുകൾ മുഹമ്മദ് നബിﷺയോടും ഞങ്ങളുടെ പൂർവികരെല്ലാം പിഴച്ചവരാണോ എന്ന ചോദ്യം ചോദിച്ചിട്ടുണ്ട്.

ഞാനല്ലാത്ത ഒരു ഇലാഹിനെ സ്വീകരിക്കുന്ന പക്ഷം കൽത്തുറുങ്കിലടക്കുമെന്ന് ഭീഷണിപ്പെടുത്തിയ ഫിർഔൻ അവസാനം വെല്ലുവിളി നടത്തി.

**മൂസാ﵇ നന്നായി ജാലവിദ്യ പഠിച്ചവനാണ്. അതിനാൽ അദ്ദേഹത്തെ ജാലവിദ്യക്കാരെ കൊണ്ടുതന്നെ പരാജയപ്പെടുത്തണം എന്ന തീരുമാനത്തിൽ ഫിർഔനിന്റെ കിങ്കരന്മാർ എത്തി. അല്ലാഹുവിങ്കൽ നിന്നുള്ള സത്യസന്ധമായ തെളിവാണെന്ന് മനസ്സിലാക്കേണ്ടുന്നതിന് പകരം അവർ അതിനെ ജാലവിദ്യയായി കളവാക്കി. അതവരുടെ നാശത്തിലേക്ക് വഴിവെക്കുകയും ചെയ്തു.**

"എന്നാൽ ഇത് പോലെയുള്ള ജാലവിദ്യ തീർച്ചയായും ഞങ്ങൾ നിന്റെ അടുത്ത് കൊണ്ട് വന്ന് കാണിക്കാം. അത് കൊണ്ട് ഞങ്ങൾക്കും നിനക്കുമിടയിൽ നീ ഒരു അവധി നിശ്ചയിക്കുക. ഞങ്ങളോ നീയോ അത് ലംഘിക്കാവുന്നതല്ല. മധ്യസ്ഥമായ ഒരു സ്ഥലത്തായിരിക്കട്ടെ അത്"(ക്വുർആൻ 20:58).

'ജനങ്ങൾക്കെല്ലാം കാണാവുന്ന ഒരിടത്ത് വെച്ച് നമുക്ക് പരസ്പരം ഏറ്റുമുട്ടാം. നീ പ്രവാചകനാണെന്ന് പറയുന്നതിന് കാണിക്കുന്ന പ്രവർത്തനങ്ങൾ ഞങ്ങൾക്കും ചെയ്യാൻ സാധിക്കുന്നതാണ്. അതൊന്നും കാണിച്ച് ഞങ്ങളെ തെറ്റിക്കാൻ കഴിയും എന്ന് വിചാരിക്കേണ്ടതില്ല. അതിനാൽ മൂസാ, നീ പരസ്യമായ ഒരു മാറ്റുരക്കലിന് തയ്യാറാകണം. സമയം നിശ്ചയിക്കാം. അത് ഞങ്ങളോ നീയോ തെറ്റിക്കുവാനും പാടില്ല' എന്നായി ഫിർഔൻ.

ചില ആളുകൾ അങ്ങനെയാണ്. പ്രമാണങ്ങൾക്കു മുന്നിൽ പതറുമ്പോൾ ജനങ്ങളെ കബളിപ്പിക്കുന്നതിനായി വാദപ്രതിവാദത്തിന് വെല്ലുവിളിക്കും. അത് രക്ഷപ്പെടാനുള്ള കുതന്ത്രം മാത്രമായിരിക്കും.

മൂസാ﵇യെ വെല്ലുവിളിച്ച ജാലവിദ്യക്കാർക്ക് മുന്നിൽ അദ്ദേഹം തെല്ലും പതറിയില്ല. വെല്ലുവിളി തന്റേടത്തോടെ അദ്ദേഹം ഏറ്റടുത്തു.

"അദ്ദേഹം (മൂസാ) പറഞ്ഞു: നിങ്ങൾക്കുള്ള അവധി ഉത്സവ ദിവസമാകുന്നു. പൂർവാഹ്നത്തിൽ ജനങ്ങളെ ഒരുമിച്ചു കൂട്ടേണ്ടതാണ്" (ക്വുർആൻ 20:59).

സത്യവും അസത്യവും തമ്മിൽ മാറ്റുരക്കുവാനുള്ള വേദി ഒരുങ്ങുകയാണ്. പൊതുജനങ്ങളുടെ മുമ്പിൽ വെച്ച് മൂസായുടെ വിദ്യകളെ പരാജയപ്പെടുത്തിക്കളയാം എന്നാണവരുടെ ആഗ്രഹം.

മൂസാ﵇ ഒരുമുഴം നീട്ടിയെറിഞ്ഞു. അവരുടെ ആവശ്യ പ്രകാരം സമയം അറിയിച്ചു. നിങ്ങളുടെ ഉത്സവ ദിവസം തന്നെ അതിനായി തെരഞ്ഞെടുക്കാം. കാരണം, അന്ന് എല്ലാവരും ഒഴിവായി പുറത്തിറങ്ങുന്ന ദിനമാണല്ലോ. എല്ലാവരും കാൺകെ ഫിർഔനെയും അവന്റെ ജാലവിദ്യക്കാരെയും പരാജയപ്പെടുത്താൻ പറ്റിയ അവസരമാണിത്. അല്ലാഹുവിന്റെ പക്കൽ നിന്നുള്ള ദിവ്യബോധനത്തിന്റെ അടിസ്ഥാനത്തിലാണല്ലോ മൂസാ﵇ സംസാരിക്കുന്നത്. അതിനാൽ പേടിക്കേണ്ട ആവശ്യമില്ല.

ഇരുകൂട്ടരും ദിവസവും നേരവും തീരുമാനിച്ച് ഉറപ്പിച്ചു. ഫിർഔൻ അവിടെ നിന്നും പോയി. പരമാവധി ആളുകളിലേക്ക് ഇതിനെ സംബന്ധിച്ചുള്ള വിവരം എത്തിച്ചു. തീരുമാനിച്ച ദിവസം അവന്റെ എല്ലാ തന്ത്രവുമായി അവൻ തൽസ്ഥാനത്ത് വന്നു.

"എന്നിട്ട് ഫിർഔൻ പിരിഞ്ഞ് പോയി. തന്റെ തന്ത്രങ്ങൾ സംഘടിപ്പിച്ചു. എന്നിട്ടവൻ (നിശ്ചിത സമയത്ത്) വന്നു" (ക്വുർആൻ 20:60).

അതിന് മുമ്പ് ഫിർഔൻ അവന്റെ എല്ലാ ജാലവിദ്യക്കാരെയും ഒരുമിച്ചു കൂട്ടി.

"അങ്ങനെ അറിയപ്പെട്ട ഒരു ദിവസം നിശ്ചിതമായ ഒരു സമയത്ത് ജാലവിദ്യക്കാർ ഒരുമിച്ചുകൂട്ടപ്പെട്ടു" (ക്വുർആൻ 26:38).

ഫിർഔനിന്റെ വിളിയാളം കേട്ട് രാജ്യത്തിന്റെ മുക്കുമൂലകളിൽ നിന്നുള്ള എല്ലാ ജാലവിദ്യക്കാരും ഒരുമിച്ചുകൂടി. കാരണം, വലിയ പ്രതിഫലമാണ് രാജാവ് പ്രഖ്യാപിച്ചിരിക്കുന്നത്. രാജാവിന്റെ അടുത്ത ആളാകുവാൻ കിട്ടിയ അസുലഭ അവസരം മുതലാക്കുവാൻ അവർ തീരുമാനിച്ചു. അവർ എൺപതിനായിരം പേരായിരുന്നുവെന്നും, പന്ത്രണ്ടായിരം പേരായിരുന്നു എന്നും, അതിൽ തന്നെ എഴുന്നൂറോളം വരുന്ന ജാലവിദ്യയിലെ തഴക്കവും പഴക്കവും ചെന്ന അറിയപ്പെട്ടവരായിരുന്നുവെന്നും അഭിപ്രായപ്പെട്ടവർ ഉണ്ട്. ഏതായിരുന്നാലും വലിയ ഒരു ടീം അവിടെ ഒരുമിച്ചുകൂടി.

ഒരു ഭാഗത്ത് മൂസാ﵇യും സഹോദരൻ ഹാറൂൻ നബി﵇യും. മറുഭാഗത്ത് പേരു കേട്ട ജാലവിദ്യക്കാർ. ജാലവിദ്യക്കാർക്ക് പുറമെ നാട്ടുകാരുടെ പങ്കാളിത്തവും ഫിർഔൻ ഉറപ്പ് വരുത്തി.

"ജനങ്ങളോട് ചോദിക്കപ്പെട്ടു: നിങ്ങൾ സമ്മേളിക്കുന്നുണ്ടല്ലോ?" (ക്വുർആൻ 26:39).

"ജാലവിദ്യക്കാരാണ് വിജയികളാകുന്നതെങ്കിൽ നമുക്കവരെ പിന്തുടരാമല്ലോ" (ക്വുർആൻ 26:40) എന്നായിരുന്നു ജനങ്ങളുടെ ചിന്ത. **(തുടരും)**

വെള്ളില പി. അബ്ദുല്ല
mail@nerpatham.com

ഖണ്ഡകാവ്യം



# മരണ ശേഷക്രിയകൾ: 5

**'അഫ്കാറുൻ ഉഖ്റവിയ്യ' (പരലോക ചിന്തകൾ): 14**

**കു**ളിപ്പിച്ച ശേഷം പോകുവാൻ റെഡിയായി
ഇനിയോ ഇതാ പുതു വസ്ത്രവും വരവായി
ഓർക്കെന്റെ പൊന്നേ ഇന്നു നിന്റെ അവസ്ഥയിൽ
വസ്ത്രങ്ങൾ എത്ര തരത്തിലാ അലമാരയിൽ
എല്ലാം വെടിഞ്ഞ് പോകുകയാണിന്ന്
ഇനി മൂന്ന് കഷ്ണം മാത്രമാ ധരിക്കുന്ന്
ഫ്രീക്കില്ല, സ്പൈക്കില്ല, അതൊന്നും വേണ്ട
ചെത്തിപ്പൊളിക്കാൻ കൂട്ടുകാർ കാണില്ല
ഒരു മൂന്നു കഷ്ണം ചുറ്റിയാ പോകുന്നത്
അതുതന്നെ വില കുറവുള്ളതാണറിയേണ്ടത്
ഇഹ്റാമിലായ് ഒരുവൻ മരിച്ചാൽ അവനിലായ്
രണ്ടാണു കഫൻതുണി എന്ന് വേണം ഓർമയിൽ
കുളിപ്പിച്ച ശേഷം കഫൻതുണി ചുറ്റുന്നതിൽ
തലയെ മറക്കരുതെന്നതാണേ ചര്യയിൽ
എല്ലാവരും ഉയിർത്തപ്പെടും മഹ്ശറയതിൽ
തൽബിയതു ചൊല്ലിവരുന്നവരാണവർ
അല്ലാത്തവർക്കെല്ലാം തുണി മൂന്നാണ്
സ്വന്തം മുതലിൽ നിന്നു വാങ്ങൽ നല്ലത്
വസ്ത്രത്തിൽ വെള്ള ഏറ്റവും മഹത്തരം
അതിലായ് കഫൻ ചെയ്യൽ അതോ അത്യുത്തമം
ഹുദൈഫതുബ്നു യമാനതാ ഒരു നാളിലായ്
കഫൻതുണി വാങ്ങാനായയച്ചിരു പേരെയായ്
സിലതുബ്നു സുഫ്റും മറ്റൊരാളും പോകലായ്
മുന്നൂറു ദിർഹം നൽകി അത് വാങ്ങീടലായ്
ചുവപ്പു നിറമാണാ പുടവയ്ക്കുള്ളത്
രണ്ടെണ്ണമാണേ അന്നവർ വാങ്ങിച്ചത്
ഇത് കണ്ടനേരം ഹുദൈഫയപ്പോൾ ചൊല്ലി
'വേണ്ട, ഇത് മടക്കണം വെളുപ്പിനായ്
വിലകൂടിയുള്ള കഫൻപുടവാങ്ങല്ലെ
ശുദ്ധി, വെളുപ്പും ഉള്ളതാ മറക്കല്ലെ
ഈ വസ്ത്രമെന്നിൽ കുറച്ചുനേരത്തുള്ളതാ
പിന്നീട് ഖൈറിലോ ശർറിലോ നെയ്തുള്ളതാ
മുസ്വന്നഫബ്ദുറസാഖിലായ് ഇത് ചൊന്നതാ
ത്വബ്റാനിയും ബൈഹഖിയും വിവരിച്ചതാ
ഓർത്തൊന്നുനോക്കെൻ സോദരാ നിന്റെ വിധി
സമ്പാദ്യമൊക്കെ വിട്ടുപോകാനാ വിധി
ധർമം, സകാത്ത് കൊടുക്കുവാൻ തുനിഞ്ഞില്ല
ഇന്നോ മടക്കം, കയ്യിലൊന്നുമില്ല.
അതിനാൽ നീ റബ്ബിൻ മാർഗമിൽ ചെലവാക്കണേ
മരണത്തിൻ മുമ്പിത് ചെയ്യുവാനുമൊരുങ്ങണേ ●

ശമീർ മദീനി
shameermadeeni@gmail.com

# അഹന്ത കൂടിയാലോചനയുടെ ശത്രു

**"(നബിയേ) അല്ലാഹുവിങ്കൽ നിന്നുള്ള കാരുണ്യം കൊണ്ടാണ് നീ അവരോട് സൗമ്യമായി പെരുമാറിയത്. നീ ഒരു പരുഷസ്വഭാവിയും കഠിനഹൃദയനുമായിരുന്നുവെങ്കിൽ നിന്റെ ചുറ്റിൽ നിന്നും അവർ പിരിഞ്ഞ് പോയിക്കളയുമായിരുന്നു. ആകയാൽ നീ അവർക്ക് മാപ്പുകൊടുക്കുകയും, അവർക്ക് വേണ്ടി പാപമോചനം തേടുകയും ചെയ്യുക. കാര്യങ്ങളിൽ നീ അവരോട് കൂടിയാലോചിക്കുകയും ചെയ്യുക. അങ്ങനെ നീ ഒരു തീരുമാനമെടുത്ത് കഴിഞ്ഞാൽ അല്ലാഹുവിൽ ഭരമേൽപിക്കുക. തന്നിൽ ഭരമേൽപിക്കുന്നവരെ തീർച്ചയായും അല്ലാഹു ഇഷ്ടപ്പെടുന്നതാണ്" (ക്വുർആൻ 3:159).**

മനുഷ്യൻ പൊതുവിൽ നന്മയും വിജയവും ആഗ്രഹിക്കുന്നവനാണ്. ഏതൊരു സംരംഭവും പുതുതായി തുടങ്ങുമ്പോൾ അതിന്റെ മുന്നോടിയെന്നോണം തദ്വിഷയകമായി അറിവും പരിചയവുമുള്ളവരോട് കൂടിയാലോചന നടത്തും. ഒരു നല്ല സ്വഭാവമായിട്ടാണ് ഇസ്‌ലാം അതിനെ കാണുന്നത്. ഒരുപാട് നന്മകൾ അതിലുണ്ട്. ഏറ്റവും നല്ലതിലേക്കുള്ള വഴി അത് സുഗമമാക്കും. വ്യത്യസ്ത കഴിവുകളും പരിജ്ഞാനങ്ങളുമുള്ളവരോട് ഒരുമിച്ചുള്ള ചർച്ചകളിലൂടെയും കൂടിയാലോചനകളിലൂടെയും മാത്രം നേടിയെടുക്കാൻ സാധിക്കുന്ന പല നന്മകളും അവയുടെ അഭാവത്തിൽ നഷ്ടമാകുന്നു. കൂടിയാലോചനക്ക് ശേഷമെടുക്കുന്ന തീരുമാനം പിന്നീട് പരാജയപ്പെട്ടാൽ തന്നെയും മറ്റുള്ളവരുടെ ആക്ഷേപങ്ങളും വിമർശനങ്ങളും അതിലൂടെ ഒഴിവാക്കാൻ സാധിക്കും. കൂടിയാലോചനയില്ലാതെ ചെയ്ത കാര്യങ്ങളാണെങ്കിൽ മറ്റുള്ളവരിൽ സഹകരണ മനഃസ്ഥിതിയല്ല അതുണ്ടാക്കുക. അങ്ങനെ വിജകരമായി കലാശിച്ചാൽ തന്നെ അനേകം വിമർശനങ്ങളും ആക്ഷേപങ്ങളും ഉണ്ടാകുകയും ചെയ്യും.

എന്നാൽ ചിലർ സ്വേഛാധിപതികളായി, ആരോടും ഒരു നന്മയിലും കൂടിയാലോചനയില്ലാതെ വീട്ടിലും ജോലിസ്ഥലത്തും പൊതുപ്രവർത്തനത്തിലുമൊക്കെ വർത്തിക്കുന്നതായി കാണാം. തന്റെ അഭിപ്രായങ്ങളും തീരുമാനങ്ങളും മറ്റുള്ളവരിൽ അടിച്ചേൽപിക്കുന്ന ഇത്തരം സ്വേഛാധിപത്യ പ്രവണത നന്മയുടെ വക്താക്കളുടെ സ്വഭാവമല്ലെന്ന് അത്തരക്കാർ തിരിച്ചറിയേണ്ടതുണ്ട്. ഇല്ലെങ്കിൽ ആളുകൾ അവരെ വെറുക്കുകയും അവരിൽ നിന്ന് അകലാൻ ശ്രമിക്കുകയുമായിരിക്കും അതിന്റെ അനന്തരഫലം.

ഒരു വിശ്വാസിക്ക് മറ്റുള്ളവരെ അംഗീകരിക്കാൻ കഴിയണം. മറ്റുള്ളവരെ അംഗീകരിക്കുന്നതിലുള്ള പ്രയാസവും അഹന്തയുമാണ് കൂടിയാലോചന നടത്തുന്നവർക്ക് പലപ്പോഴും തടസ്സമായി നിൽക്കുന്നത്. അഹന്തയുള്ളവൻ സ്വർഗത്തിൽ പ്രവേശിക്കുകയില്ലെന്ന് ഉണർത്തിയ നബിﷺ അഹന്തയെ വിശദീകരിക്കുന്നത് ഇങ്ങനെയാണ്. "അഹങ്കാരമെന്നത് സത്യത്തെ അവമതിക്കലും മറ്റുള്ളവരെ ചെറുതാക്കലുമാണ്"(മുസ്‌ലിം).

തന്റെ അഭിമാനം പോലെ മഹത്തരമാണ് തന്റെ സഹോദരന്റെയും അഭിമാനമെന്ന് കരുതേണ്ടവനാണ് സത്യവിശ്വാസി. പക്ഷേ, അഹന്ത മനുഷ്യരെ അന്ധനാക്കുമ്പോൾ അതിനു കഴിയാതെ ഇരുലോകത്തും അപകടത്തിലകപ്പെടുന്ന സ്ഥിതിയാകും ഉണ്ടാവുക.

ഏതു കാര്യത്തിലും നന്മയും സഹവർത്തിത്വവും ആഗ്രഹിക്കുന്നവർ കൂടിയാലോചനയെന്ന സൽസ്വഭാവം വളർത്തിയെടുക്കാൻ ശ്രമിക്കണം. സത്യവിശ്വാസികളുടെ സ്വഭാവമായി അല്ലാഹു പറയുന്നത് കാണുക.

"തങ്ങളുടെ രക്ഷിതാവിന്റെ ആഹ്വാനം സ്വീകരിക്കുകയും നമസ്കാരം മുറപോലെ നിർവഹിക്കുകയും, തങ്ങളുടെ കാര്യം തീരുമാനിക്കുന്നത് അന്യോന്യമുള്ള കൂടിയാലോചനയിലൂടെ ആയിരിക്കുകയും, നാം നൽകിയിട്ടുള്ളതിൽ നിന്ന് ചെലവഴിക്കുകയും ചെയ്തവരാരോ, അവർക്കും" (42:38).

കുടുംബരംഗം മുതൽ സാമൂഹിക രംഗം വരെ ഏതു മേഖലയിലും കൂടിയാലോചന അഭികാമ്യമാണെന്നാണ് ഇസ്‌ലാമിക പ്രമാണങ്ങൾ പഠിപ്പിക്കുന്നത്. ഭാര്യയോടും മക്കളോടും കുടുംബകാര്യങ്ങൾ കൂടിയാലോചിക്കുന്നതും പൊതുരംഗത്ത് പ്രവർത്തിക്കുന്നവർ സഹപ്രവർത്തകരോട് കൂടിയാലോചന നടത്തുന്നതുമൊക്കെ ഇസ്‌ലാം പഠിപ്പിക്കുന്ന നന്മയുടെ ഭാഗമാണ്. അത് ശ്രദ്ധിക്കുന്ന സമൂഹത്തിൽ ആഭ്യന്തര പ്രശ്നങ്ങൾ കുറവായിരിക്കും. ഐക്യവും സാഹോദര്യവും ശക്തിപ്പെടും.


ദിവ്യ ബോധനകളുടെ
ശബ്ദ ശകലങ്ങൾ
24X7
ക്വുർആൻ
പാരായണം ശ്രവിക്കാൻ...
മനഃപാഠമാക്കാൻ...
അന്താരാഷ്ട്ര ഖാരിഉകളെ പരിചയപ്പെടാൻ...
പാരായണ നിയമങ്ങൾ മനസ്സിലാക്കാൻ...
അർഥം ഗ്രഹിക്കാൻ...
വിശദീകരണങ്ങൾ പ്രാമാണികമാക്കാൻ..
peaceradio
QUR'AN

RNI NO: KERMAL 2015/64152
Registered NO:
KL/CT/225/2016-18

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2016-18
Price: ₹10/-

WISDOM BOOKS

**PUBLISHING || DISTRIBUTION**

Wisdom Books | E.K.P Building | Calicut
Web: www.wisdomislam.org | Email: publication@wisdomislam.org
Tel: 0495 4019437




## പുതിയ പുസ്തകങ്ങൾ

| | |
|---|---|
| 1. അഹ്‌ലുസ്സുന്നയും സമസ്തയും ഒരു താരതമ്യം | മൂസ സ്വലാഹി കാര / ₹ 240 |
| 2. പ്രവാചകന്മാർ: ചരിത്രവും ദൗത്യവും | ഹുസൈൻ സലഫി / ₹ 70 |
| 3. കേരള ജംഇയ്യത്തുൽ ഉലമയും നിലപാട് മാറ്റവും | മുബാറക് ബിൻ ഉമർ / ₹ 150 |
| 4. നമസ്കാരത്തിലെ പ്രാർഥനകൾ, പ്രകീർത്തനങ്ങൾ | ഡോ. ഹാഫിസ് ജലാലുൽ ഹഖ് സലഫി ആമയൂർ / ₹ 60 |
| 5. ഇന്ത്യയിൽ നിന്ന് ഹിജ്റ പോകണമെന്നോ? | സിറാജുൽ ഇസ്‌ലാം ബാലുശ്ശേരി / ₹ 40 |
| 6. നിരീശ്വരവിശ്വാസം: യുക്തിയുടെ മരുപ്പറമ്പ് | അബ്ദുല്ല ബാസിൽ സി.പി / ₹ 40 |
| 7. രാവിലെയും വൈകുന്നേരവുമുള്ള ദിക്റുകൾ | ഡോ. ഹാഫിസ് ജലാലുൽ ഹഖ് സലഫി ആമയൂർ / ₹ 40 |
| 8. ഭരണകൂടഭീകരത | പി.വി.എ പ്രിംറോസ് / ₹ 60 |